# സത്യദൂതൻ

**മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്ലാമിക പ്രസിദ്ധീകരണം**


പുസ്തകം 77
ലക്കം 11
ഡിസംബർ 2005
ഫത്ഹ് 1384
ശവ്വാൽ- ദുൽഖഅദ് 1426



**ചീഫ് എഡിറ്റർ**
മൗലവി മുഹമ്മദ് ഇസ്മായിൽ

**എഡിറ്റർ**
ഏ. എം. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
(ചെയർമാൻ)

കെ.വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. ബഷീർ അഹ്മദ്
ഐ. കെ. അഹ്മദ്കുട്ടി

**മാനേജർ**
എം.കെ. ഇമ്പിച്ചിക്കോയട്ടി

**സെക്രട്ടറി**
പി. എം. അഹ്മദ് ഹസ്സൻ

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം



വരിസംഖ്യ - 100 ക.
ഒറ്റപ്രതി - 10 ക.



*വിലാസം*
**സത്യദൂതൻ**
**ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫോൺ :** 0495 (Mob.) / 95495 (Land) } 5520733
**ഫാക്സ് :** 0495 - 2721609
e-mail: sathyadoothan@ahmadiyya.com


**സ്ഥാപിതം**
**1925**


4 *യുഗശബ്ദം*

5 *മുഖക്കുറിപ്പ്*

**ലേഖനം**

6 *എന്റെ ജമാഅത്ത്*
ഹദ്റത്ത് അഹ്മദ് *(അ)*

7 *വാർഷിക ജൽസ : ഒരു ആത്മസംസ്കരണ വേദി*
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്

16 *അബോറിജിനുകളുടെ സ്വപ്ന വ്യാഖ്യാനവും മാന്ത്രിക വിദ്യയും*
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

20 *യേശുവിന്റെ ജനനം ഡിസംബറിലോ?*
ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

23 *'ഭാരതം പുണ്യഭൂമി*
എ.ക്യു മഹ്ദി

27 *ഉപ്പ്വെള്ളത്തിന്റെ രസതന്ത്രം*
എ.എം. മുഹമ്മദ് സലീം

33 *പ്രകാശിക്കുന്ന വദനങ്ങൾ*
ബശീർ അഹ്മദ് ഓർച്ചാഡ്

35 *ഇസ്റാഉം മിഅ്റാജും രണ്ടു ആത്മീയ ദർശനങ്ങൾ*
ഏ. പി. കുഞ്ഞാമു

38 *മൗദൂദി സാഹിബ് നയിച്ച കലാപം*
മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച്. എ.

**കവിത**

37 *ഇസ്ലാം മാർഗ്ഗം*
എച്ച്. എച്ച്.

*കുറിപ്പുകൾ, വാർത്തകൾ*



Printed & Published by A. P. Kunhamoo, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut.
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory *Creations*, CLT - 1.

## ഖുർആനിൽ നിന്ന്


അതേപ്രകാരം നിങ്ങളെ നാം ഒരു ഉൽകൃഷ്ട സമുദായമാക്കിയിരിക്കുന്നു. നിങ്ങൾ മനുഷ്യരുടെ മേൽനോട്ടക്കാരാകുന്നതിനും ഈ പ്രവാചകൻ നിങ്ങളുടെ മേൽനോട്ടക്കാരനാകുന്നതിനും വേണ്ടി. നീ ലക്ഷ്യമാക്കിയിരുന്ന 'ഖിബ്‌ല'യെ നാം നിശ്ചയിച്ചിരുന്നത് ഈ പ്രവാചകനെ പിന്തുടരുന്നവനെ തന്റെ കുതികാലുകളിൽ നിന്നും പിന്തിരിഞ്ഞു കളയുന്നവനിൽ നിന്നും വേർതിരിച്ചറിയുന്നതിന് മാത്രമായിരുന്നു. (2:144)

## നബിവചനം

'വല്ലവനും അല്ലാഹു നന്മ ഉദ്ദേശിച്ചാൽ മതത്തിന്റെ ആന്തര തത്വങ്ങൾ അവനെ അല്ലാഹു ഗ്രഹിപ്പിക്കും. ഞാനാകട്ടെ പങ്കിട്ടുകൊടുക്കുന്നവൻ മാത്രമാണ്. യഥാർത്ഥ ദാതാവ് അല്ലാഹുവാണ്. ഈ സമുദായം ആജ്ഞകളിന്മേൽ ഉറച്ചു നിന്നാൽ അവർക്ക് ഒരു ദോഷവും വരുത്തിവെക്കാൻ അവരുടെ ശത്രുക്കൾക്ക് കഴിയുകയില്ല. അല്ലാഹുവിന്റെ കല്പന വന്നെത്തതുവരെ ആ നില തുടർന്നും പോകും'.

**(ബുഖാരി)**

# വിജയം വിധിക്കപ്പെട്ട പ്രസ്ഥാനം



**വാഗ്ദത്ത മസീഹ്**

ഈ പ്രസ്ഥാനം ശക്തിമത്തായ നിലയിൽ വളരുകയും കായ്ക്കുകയും ചെയ്യും. അങ്ങനെ ഭൂമി മുഴുവൻ അതു പടരും...ദൈവം എന്നെ സംബോധനം ചെയ്തുകൊണ്ടു പറഞ്ഞിരിക്കുന്നു: 'രാജാക്കന്മാർ പോലും നിന്റെ വസ്ത്രങ്ങളിൽ നിന്ന് അനുഗ്രഹം തേടുമാറ് ഞാൻ നിനക്ക് അനുഗ്രഹത്തിനുമേൽ അനുഗ്രഹം നൽകും'. ആകയാൽ ഹേ കേൾവിക്കാരേ, ഇക്കാര്യങ്ങളെല്ലാം ഓർമ്മവെച്ചുകൊള്ളുവിൻ. ഈ ദീർഘദർശനങ്ങൾ നിങ്ങൾ പെട്ടികളിലാക്കി സൂക്ഷിച്ചുകൊള്ളുവിൻ. എന്തെന്നാൽ ഒരു നാൾ പൂർത്തിയാകാനിരിക്കുന്ന ദൈവ വചനങ്ങളത്രെ ഇവ.

**(തജല്ലിയ്യാത്തെ ഇലാഹിയ)**

മുഖക്കുറിപ്പ്

# ഖലീഫത്തുൽ മസീഹിന് സ്വാഗതം

ആഗോള അഹ്മദിയ്യാ സമൂഹത്തിന്റെ കണ്ണും കരളുമായ പ്രിയ നേതാവ് ഖലീഫത്തുൽ മസീഹ്, മിർസാ മസ്റൂർ അഹ്മദി(അയ്യദഹു)നെ വരവേൽക്കാൻ ദാറുൽ അമാനിൽ (ഖാദിയാൻ) ഒരുക്കങ്ങൾ പൂർത്തിയായി. ഗൃഹാതുരത്വത്തിന്റെ നൂറ് നൂറ് ദിവ്യസ്മരണകൾ അയവിറക്കിക്കൊണ്ട് ഡിസംബർ അവസാന വാരത്തിൽ ഖലീഫാ തിരുമനസ്സിന്റെ സാന്നിദ്ധ്യത്തിൽ നടക്കുന്ന ജൽസാ സാലാന (വാർഷിക സമ്മേളനം) യിലേക്ക് ഇന്ത്യയുടെ നാനാഭാഗത്തും നിന്നും അഹ്മദികൾ പുണ്യ ഖാദിയാനിലേക്ക് വരികയായി. നൂറ്റിപ്പതിനാല് വർഷങ്ങൾക്കു മുമ്പ് വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) തന്റെ 75 ഭക്ത ശിഷ്യന്മാരുമൊത്ത് ഖാദിയാനിലെ മസ്ജിദുൽ അഖ്സ യിൽ ചേർന്ന വാർഷിക സമ്മേളനം ഇന്ന് ജനസഹസ്രങ്ങളുടെ ആത്മീയ സംഗമമായി മാറിയിരിക്കുന്നു.

റസൂൽ തിരുമേനി (സ) വാഗ്ദാനം ചെയ്ത വാഗ്ദത്ത മസീഹിന്റെ നിയോഗഭൂമിയായ ഭാരതം മഹത്വപൂർണ്ണമാണ്. ശ്രീ കൃഷ്ണൻ, ശ്രീരാമൻ, ശ്രീബുദ്ധൻ, ശ്രീ വർദ്ധമാന മഹാവീരൻ..... ഈ ദിവ്യ ജ്യോതിസ്സുകൾ നമ്മുടെ ദേശത്തെ സ്വർഗ്ഗസമാനമാക്കിയിരുന്നു. ആദ്ധ്യാത്മികതയുടെ നിരവധി ദിവ്യസരണികൾ ഈ പുണ്യഭൂമിയിൽ ഉരുവം കൊണ്ടു. പ്രവചിതമായ ഒരു ആദ്ധ്യാത്മിക സാമൂഹ്യക്രമത്തിന്റെ നാന്ദികുറിച്ച ഭാരതത്തിലെ ഖാദിയാൻ അഹ്മദികൾക്ക് ജന്മഗേഹത്തിന്റെ സാഫല്യമാണ് നൽകുന്നത്.

ഇസ്രയേൽ മസീഹിന്റെ ജന്മസ്ഥലമായ ഫലസ്തീൻ പോലെ ചരിത്രത്തിന്റെ സൗമ്യരൗദ്ര ങ്ങൾക്ക് ഖാദിയാനും സാക്ഷ്യം വഹിച്ചു. വിഭജനത്തിന്റെ ദാരുണമായ നാളുകളിൽ ബിയാസ് നദിക്ക് സമാന്തരമായി ഒഴുകിയ രക്തപ്പുഴയുടെ തീരങ്ങളിൽ നിന്നും മുസ്ലിം ജനപദങ്ങൾ വിജനമായി. പക്ഷേ, ഖാദിയാന്റെ ഭാഗധേയം മറ്റൊന്നായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഖാദിയാന്റെ മിനാരങ്ങളിൽ നിന്ന് ശാന്തിയുടേയും ഹിന്ദു – മുസ്ലിം – സിക്ക് ഐക്യത്തിന്റെയും അനശ്വരമായ ആത്മീയ ദൂതിന്റെ സ്വർഗ്ഗീയ പ്രവാഹം നിലച്ചില്ല. മരുസ്ഥലി പോലെ ജനശൂന്യമായ അറേബ്യൻ മണൽപ്പരപ്പിൽ ഹദ്റത്ത് ഇബ്രാഹിം നബി (അ) അസ്ഥിവാരമിട്ട കഅ്ബാലയം പോലെ ഇമാമുസ്സമാനായ വാഗ്ദത്ത മസീഹിന്റെ ഖാദിയാനും വിജനതയിൽ നിന്ന് വളരുകയായിരുന്നു.

ഖാദിയാന്റെ ഗൃഹാതുരത്വവും പേറി അകലങ്ങളിൽ കഴിയുന്ന അഹ്മദികളുടെ ആത്മീയ നേതാവ് ഖലീഫാ തിരുമനസ്സിന്റെ തൃപ്പാദങ്ങൾ പുണ്യഖാദിയാനെ സ്പർശിക്കുമ്പോൾ, സമീപസ്ഥമായ ഇസ്ലാമിക വസന്തത്തിന്റെ മിന്നൽ പിണരുകളും ഇടിമുഴക്കങ്ങളും അഹ്മദികൾക്ക് അനുഭവവേദ്യമാകുന്നു. പ്രിയങ്കരനായ ഖലീഫാ തിരുമനസ്സിന് ഇമാം മഹ്ദിയുടെ പുണ്യ ഭാരതത്തിലേക്ക് പ്രാർത്ഥനാ പൂർവ്വം സ്വാഗതമാശംസിക്കുന്നു.

■

ലേഖനം

# എന്റെ ജമാഅത്ത്

## ഹദ്റത്ത് അഹ്മദ് (അ)

സാത്വികരായിട്ടുള്ളവരുടെ ഒരു ഗണത്തെ ഒരുമിച്ചു കൂട്ടുകയും അത്തരക്കാരുടെ ഒരു വലിയ ഗണം മുഖേന ലോകത്ത് പ്രഭാവം ചെലുത്തുമാറാകയും അവർ ഐക്യത്തിൽ വർത്തിക്കുന്നത് ഇസ്‌ലാമിന് അനുഗ്രഹത്തിന്റേയും മഹത്വത്തിന്റേയും ഒരു സ്രോതസ്സായിത്തീരുകയും അതുവഴി ഇസ്‌ലാമിന് ഉത്തമ ഫലങ്ങൾ പ്രദാനം ചെയ്യപ്പെടുകയും വേണമെന്ന ഉദ്ദേശ്യത്തോടു കൂടിയാണ് ബയ്അത്ത് വ്യവസ്ഥ ഏർപ്പെടുത്തിയിട്ടുള്ളത്. ഒരു അടിസ്ഥാന തത്വത്തിൽ ഏകാഭിപ്രായക്കാരായിരുന്നു കൊണ്ട് അതിന്റെ അനുഗ്രഹത്തിൽ ഇസ്‌ലാമിന്നായി നിർമലവും പരിശുദ്ധവുമായ സേവനം അർപ്പിക്കാൻ അവർ സദാ സന്നദ്ധമായിരിക്കണം. അവർ മടിയന്മാരോ ലുബ്ധരോ ലക്ഷ്യബോധമില്ലാത്തവരോ ആയ മുസ്‌ലിംകളായിരിക്കരുത്. ഭിന്നിപ്പുകളാലും അനീതികളാലും ഇസ്‌ലാമിന് വലുതായ ഹാനി വരുത്തിവെക്കുകയും ദുഷ്ട ജീവിതം നയിച്ചുകൊണ്ട് ഇസ്‌ലാമിന്റെ സുന്ദരമായ മുഖത്ത് കരിവാരിത്തേക്കുകയും ചെയ്തിട്ടുള്ള ആ കൊള്ളരുതാത്തവരെപ്പോലെയും ആകരുത്. അവർ ലോക കാര്യങ്ങളിൽ നിന്നെല്ലാം അകന്ന് മാറുകയും ഇസ്‌ലാമിന്റെ ആവശ്യങ്ങളെക്കുറിച്ച് ബോധഹീനരായിത്തീരുകയും തങ്ങളുടെ സഹോദരങ്ങളുടെ ക്ഷേമത്തെക്കുറിച്ച് അശ്രദ്ധരായിരിക്കുകയും മനുഷ്യ സമൂഹത്തിൽ നന്മ വളർത്തേണ്ട കാര്യത്തിൽ ഉത്സുകരല്ലാതിരിക്കുകയും ചെയ്യുന്ന ദർവേശുകളെപ്പോലെയും ആകരുത്. അവർ പാവങ്ങൾക്ക് അഭയസ്ഥാനങ്ങളായിരിക്കുമാറ് ജനത്തിന്റെ നേരെ അനുകമ്പയുള്ളവരായിരിക്കണം. തങ്ങളെത്തന്നെ ബലിയർപ്പിക്കാൻ സന്നദ്ധരായിരിക്കുമാറ് അവർ ഇസ്‌ലാമിക ധർമങ്ങൾ നിർവഹിക്കുന്നതിൽ അതീവ കുതുകികളായിരിക്കണം. തങ്ങളുടെ അനുഗ്രഹങ്ങൾ ലോകത്തിൽ പരക്കുന്നതിന് അവർ എല്ലാ യത്നങ്ങളും ചെയ്യണം. ദൈവിക കാര്യങ്ങളോടുള്ള സ്നേഹത്തിന്റേയും ദൈവദാസൻമാരോടുള്ള അനുകമ്പയുടേയും വിശുദ്ധമായ നീരുറവ എല്ലാ ഹൃദയങ്ങളിൽ നിന്നും പൊട്ടിയൊലിച്ചു തുടങ്ങുകയും അത് ഒരു നദി പോലെ പ്രവഹിക്കുന്നത് കാണുമാറാകുകയും വേണം. സർവശക്തനായ ദൈവം അവന്റെ പ്രത്യേക വര പ്രസാദങ്ങളാൽ അവരുടെ വിശുദ്ധമായ കഴിവുകൾ വെളിപ്പെടുത്തുന്നതിന് ഈ വിനീതന്റെ പ്രാർഥനകളേയും ശ്രദ്ധകളേയും ഉപകരണോപാധികളാക്കാൻ നിശ്ചയിച്ചിരിക്കുന്നു. ഈ അന്വേഷകരുടെ ആന്തര പരിശീലനത്തിൽ ഞാൻ ഏർപ്പെടണമെന്നും, അഹന്തയുടേയും സാത്താനിക ശക്തികളുടേയും ബന്ധത്തിൽ നിന്ന് ആളുകളെ മോചിപ്പിക്കുകയും ദൈവികമായ വഴികളോടുള്ള സഹജമായ സ്നേ ഹം വളർത്തുകയും ചെയ്യുന്ന ആ പ്രകാശപ്പൊലിമക്ക് വേണ്ടി അവർക്കായിട്ട് ഞാൻ യാചന നടത്തണമെന്നും ആ പരമ പാവനനും മഹത്വവാനുമായ ദൈവം എനിക്ക് ബോധനം നൽകിയിരിക്കുന്നു. പരിപൂർണമായ ഒരുക്കങ്ങളും ആത്മാർത്ഥമായ ദൈവിക സേവനങ്ങളും കൂടിച്ചേരുമ്പോൾ വെളിപ്പെടുന്ന പരിശുദ്ധാത്മാവിന് വേണ്ടി അവർക്കായിട്ട് ഞാൻ ആവശ്യപ്പെടും. ദുരഹങ്കാരവും സാത്താനിക ശക്തികളും കൂടിച്ചേരുമ്പോൾ ഉടലെടുക്കുന്ന ദുഷ്ടാത്മാവിൽ നിന്നുള്ള അവരുടെ മോചനം സാധിക്കുന്നതിനും ഞാൻ പരിശ്രമിക്കുന്നതാണ്. അങ്ങനെ അല്ലാഹുവിന്റെ സഹായത്താൽ, തികഞ്ഞ ആത്മാർത്ഥതയോടെ ഈ പ്രസ്ഥാനത്തിൽ ചേർന്നിട്ടുള്ള എന്റെ സ്നേഹിതൻ മാരെ സംസ്ക്കരിച്ചെടുക്കാൻ പരിശ്രമിക്കുന്നതിൽ ഞാൻ പിന്നിലാവുകയോ അശ്രദ്ധനായിരിക്കുകയോ ആലസ്യവാനായിരിക്കുകയോ ചെയ്യുന്നതല്ല. അവർ ജീവിക്കുന്നതിനു വേണ്ടി മരണം വരിക്കാൻ തന്നെ ഞാൻ തയ്യാറായിരിക്കും (ഇസാലയെ ഔഹാം, പു. 460)

പരിശുദ്ധമായ ആത്മാവോടു കൂടിയ ജമാഅത്തിലെ ആദരണീയർ എന്റെ പേരിൽ എനിക്ക് ശേഷം ആളുകളിൽ നിന്ന് ബൈഅത്ത് സ്വീകരിക്കട്ടെ. ഭൂമിയുടെ വ്യത്യസ്ത പ്രവാസ കേന്ദ്രങ്ങളിൽ താമസിച്ചുപോരുന്നവർ അവർ യൂറോപ്പിലാകട്ടെ, ഏഷ്യയിലാകട്ടെ എവിടെയുള്ളവരായിരുന്നാലും അവർ സൽപ്രകൃതരായിട്ടുള്ളവരാണെങ്കിൽ അവരെയെല്ലാം തൗഹീദിലേക്ക് (ഏക ദൈവതത്വത്തിലേക്ക്) ആകർഷിക്കുകയും ആ ദാസൻമാരെയെല്ലാം ഏകമതത്തിൽ ഒരുമിച്ചു കൂട്ടുകയും ചെയ്യട്ടെ. ഇതു തന്നെയാണ് എന്നെ ഈ ലോകത്തേക്ക് അയച്ചതിന്റെ ഉദ്ദേശ്യ ലക്ഷ്യം. ആകയാൽ, ഈ ലക്ഷ്യം സാധിക്കുമാറാകാൻ യത്നിക്കുവിൻ (അൽ വസിയ്യത്ത് 1905)

■

ലേഖനം

# വാർഷിക ജൽസ: ഒരു ആത്മസംസ്കരണവേദി

മിർസാ മസ്റൂർ അഹ്മദ്, ഖലീഫത്തുൽ മസീഹ്

## 2005 മെയ് 9നു ടാൻസാനിയ്യാ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ 37-ാമത് വാർഷിക കൺവെൻഷൻ ഉദ്ഘാടനം ചെയ്തു കൊണ്ട് ഖലീഫാ തിരുമനസ്സ് നിർവഹിച്ച പ്രസംഗം

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ടാൻസാനിയ്യ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ മുപ്പത്തിയേഴാമത് വാർഷിക ജൽസ ഇന്ന് ആരംഭിക്കുകയാണ്. ആഫ്രിക്കയിലെ ഈ രാജ്യത്തും വാഗ്ദത്ത മസീഹി (അ)ന്റെ പ്രിയ ജമാഅത്തംഗങ്ങളെ കാണുന്നതിൽ ഞാൻ വളരെ സന്തുഷ്ടനാണ്.

ഈ അംഗങ്ങൾ വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)മായി ബന്ധം സ്ഥാപിച്ചത് അല്ലാഹുവിനു വേണ്ടി മാത്രമാണ്. വാഗ്ദത്ത മസീഹിന്റെ (അ) ജമാഅത്തിൽ ചേർന്ന ഈ ജനങ്ങളുടെ മുഖങ്ങളിൽ കാണുന്ന ആത്മീയ പ്രകാ ശം ഞാൻ ദർശിക്കുകയാണ്. അതു വഴി ഹദ്റത്ത് മുഹമ്മദ് നബി(സ) തിരുമേനിയുടെ പ്രവചനം പൂർത്തീകരിക്കാനും ആ മഹാത്മാവിന്റെ നിർദേശ പ്രകാരം വാഗ്ദത്ത മസീഹി (അ)ന് നബി തിരുമേനി (സ)യുടെ സലാം എത്തിക്കാനും അവർക്കു സാധിച്ചു.

സലാം എത്തിക്കുക എന്നതിന്റെ അർത്ഥം പ്രവചന പ്രകാരം ലോകത്തിന്റെ സമാധാനവും ക്ഷേമവും നിങ്ങളിൽ മാത്രമാണ് സ്ഥിതി ചെയ്യുന്നത് എന്ന വസ്തുത അംഗീകരിക്കുകയെന്നതാണ്. അതിനാൽ നബി തിരുമേനി (സ)യുടെ സലാം വാഗ്ദത്ത മസീഹ് (അ)ന് എത്തിക്കുകയും ഈ ജമാഅത്തിൽ പ്രവേശിക്കുകയും ചെയ്ത നാം സലാം എത്തിക്കുന്നതിന് ഇങ്ങനെ പ്രതിജ്ഞ ചെയ്യുക: സർവശക്തനായ അല്ലാഹു ഏതൊരുദ്ദേശ്യത്താൽ വാഗ്ദത്ത മസീഹി(അ)നെ നിയോഗിച്ചുവോ, അല്ലാഹു അദ്ദേഹത്തോട് ചെയ്യാൻ ആജ്ഞാപിച്ച പ്രവൃത്തികളിൽ നാം അദ്ദേഹത്തെ സഹായിക്കും.

അതിനാൽ, ഓർമിക്കുക, സലാം എത്തിക്കുക എന്നത് എളുപ്പമല്ല, വാഗ്ദത്ത മസീഹിനോടുള്ള നിങ്ങളുടെ വാഗ്ദാനമാണത്. നബി തിരുമേനി (സ) കൊണ്ടു വന്ന ഇസ്‌ലാമികാധ്യാപനങ്ങൾ കാലം കടന്നുപോയപ്പോൾ വിസ്മരിക്കപ്പെട്ടിരിക്കുന്നു. അല്ലെങ്കിൽ അവതെറ്റായി വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. അവയുടെ അർത്ഥങ്ങളിൽ മാറ്റം വന്നിരിക്കുന്നു. അതിന്റെ യഥാർത്ഥ അർത്ഥം ഇക്കാലത്ത് വാഗ്ദത്ത മസീഹി (അ)നാണ് നൽകപ്പെട്ടിരിക്കുന്നത്. അതിനാൽ യഥാർത്ഥ ഇസ്‌ലാം ലോകത്ത് വ്യാപിപ്പിക്കാൻ ഞാൻ പരമാവധി പരിശ്രമിക്കും എന്നതാണ് ആ വാഗ്ദാനം. ഈ പ്രതിജ്ഞയാണ് സലാം എത്തിക്കുക എന്നതുകൊണ്ട് വിവക്ഷിക്കപ്പെട്ടിരിക്കുന്നത്. നിങ്ങളുടെ ജീവിതത്തിൽ ഭക്തി പൂർണമായ മാറ്റം വരുത്തണമെന്ന ഉദ്ദേശ്യത്തോടു കൂടിയാണ് നിങ്ങൾ ഇന്നിവിടെ ഒരുമിച്ചു കൂടിയിരിക്കുന്നത്. ഭാവി തലമുറയെ സൽപന്ഥാവിൽ നടത്താൻ ശ്രമിക്കാം എന്ന പ്രതിജ്ഞയും നിങ്ങൾ കൈക്കൊണ്ടിരിക്കുന്നു.

ജമാഅത്തിൽ നടക്കുന്ന ഇത്തരം സമ്മേളനങ്ങൾ തർബിയത്ത്, ഇസ്‌ലാഹ് പരിപാടിയുടെ ഭാഗമാണ്.

അതായത് മതപരമായ പരിശീല നവും പരിഷ്ക്കരണവും പൂർണമായ മാറ്റമുണ്ടാക്കലും. ഇത്തരം സമ്മേളന ങ്ങൾ വാഗ്ദത്ത മസീഹി(അ)ന്റെ കാലം മുതൽ നടന്നു വരുന്നു.

ആദ്യകാലങ്ങളിൽ കാലത്തിന്റെ (ഖലീഫ വാഗ്ദത്ത മസീഹി (അ)ന്റെ പിൻഗാമി) ഖാദിയാനിലായിരുന്നു. അവിടെയായിരുന്നു ജനങ്ങളും സമ്മേളിച്ചിരുന്നത്. എന്നാൽ, ഇന്ന് ലോകത്തിലെ പല രാജ്യങ്ങളിലും ഇത്തരം സമ്മേളനങ്ങൾ നടക്കുന്നു. ജമാഅത്ത് അംഗങ്ങളിൽ ബഹുഭൂരി പക്ഷവും കേന്ദ്ര ജലസയിൽ പങ്കെ ടുക്കാൻ സാധിക്കാത്തവരാണ് എന്ന കാര്യത്തിൽ ഖലീഫയായതു മുതൽ ഞാൻ ബോധവാനാണ്. അതിനാൽ ജമാഅത്തിന് നല്ല അംഗബലമുള്ള രാജ്യങ്ങളിലെ ദേശീയ സമ്മേളന ങ്ങളിൽ പങ്കെടുക്കണമെന്ന് ഞാൻ തീരുമാനിച്ചിട്ടുണ്ട്. പല വർഷങ്ങൾ കഴിഞ്ഞിട്ടായിരിക്കാം ചിലപ്പോൾ ഒരു രാജ്യത്തിന്റെ ഊഴം വന്നെത്തു ന്നത്. എന്നിരിക്കിലും ഖലീഫയുടെ സാന്നിദ്ധ്യം കാരണമായി ജമാഅത്ത് ലോകത്തിന്റെ ശ്രദ്ധയിൽ പെടുന്നു. ഖലീഫയുമായുള്ള വൈകാരിക ബന്ധം വർധിക്കുകയും ചെയ്യുന്നു. തീർച്ചയായും ഇത് ജമാഅത്തിന്റെ മേൽ സർവശക്തനായ അല്ലാഹു വിന്റെ ഔദാര്യമാണ്. ഇതിന് സമാ ന്തരമായി ലോകത്ത് വേറൊരിടത്തും ഇത്തരത്തിലുള്ള സമാഗമനം കാണി ല്ല. ഞാൻ പറഞ്ഞതുപോലെ നേരി ട്ടുള്ള കൂടിക്കാഴ്ച മുഖേന ഈ വൈകാരിക ബന്ധം വളരെ വർധി ക്കും. ഖലീഫയുമായുള്ള ഈ ബന്ധം അല്ലാഹു കൂടുതൽ ശക്തമാക്കട്ടെ. അംഗങ്ങൾ തമ്മിലുള്ള ബന്ധവും ശക്തിയാർജിക്കട്ടെ. അല്ലാഹുവുമാ യുള്ള ബന്ധവും അവനെക്കുറിച്ചുള്ള അറിവും വർധിക്കട്ടെ.

വാഗ്ദത്ത മസീഹ് (അ) പ്രസ്താ വിക്കുന്നു:

ആത്മാർത്ഥതയുള്ള ഓരോ വ്യക്തിക്കും മതപരമായ നന്മകൾ നേരിട്ടു തന്നെ ആർജ്ജിക്കുകയാണ് ഇത്തരം സമ്മേളനങ്ങൾ കൊണ്ട് മുഖ്യമായും ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. അവരുടെ മതപരമായ അറിവ് വിപു ലമാകുകയും യഥാർത്ഥ ഗ്രാഹ്യ ശക്തിയിൽ പുരോഗതിയുണ്ടാകു കയും ചെയ്യണം. (ആയിനയെ കമാ ലാത്തെ ഇസ്‌ലാം, റൂഹാനീ ഖസാ യിൻ– വാല്യം 5, പേജ് 606)

അതിനാൽ, വാഗ്ദത്ത മസീഹ് (അ) പറഞ്ഞതുപോലെ ഇത്തരം ജൽ സകളിൽ നാം സമ്മേളിക്കുന്നത് നമ്മുടെ മതപരമായ അറിവുകൾ വർധിപ്പിക്കാനും അല്ലാഹുവുമായി ബന്ധം സ്ഥാപിക്കാനും അവനെ മന സ്സിലാക്കാനുമാണ്. മറ്റുള്ളവർ വന്ന തുകൊണ്ടാണ് നിങ്ങളും വന്നതെ ങ്കിൽ നിങ്ങളുടെ മനോഭാവം എന്താണ് നടക്കുന്നത് എന്ന കാഴ്ച കൾ കാണുക എന്നത് മാത്ര മായിരിക്കും. സമ്മേളനത്തിൽ തനി ക്കും പങ്കെടുത്ത് രസിക്കാം എന്ന ഉദ്ദേശ്യമാണെങ്കിൽ നിങ്ങൾ സമ്മേ ളനത്തിൽ പങ്കെടുക്കുന്നതുകൊണ്ട് ഒരു പ്രയോജനവുമില്ല. നിങ്ങൾ പൂർണ ശ്രദ്ധയോടെ ഇവിടത്തെ പരി പാടികൾ ശ്രദ്ധിക്കുകയും അവയെ ജീവിതത്തിന്റെ അവിഭാജ്യ ഘടകമാ ക്കുകയും ചെയ്താൽ മാത്രമേ നിങ്ങ ളുടെ വരവിന്റെ ഉദ്ദേശ്യവും ജലസ യുടെ ലക്ഷ്യവും പൂർത്തിയാകൂ. സമ്മേളനത്തിന്റെ ഈ ദിനങ്ങളിൽ ഈ പ്രത്യേക പരിതഃസ്ഥിതിയിൽ നിങ്ങളിൽ പ്രത്യേകമായൊരു ആത്മീ യ പരിവർത്തനം സംജാതമാകണം. അല്ലാഹുവുമായി ഒരു പ്രത്യേക ബന്ധം നിങ്ങളിൽ വളരണം. ഈ സമ്മേളനം നിങ്ങളെ അല്ലഹുവുമായി അടുപ്പിച്ചിരിക്കുന്നു എന്ന് ആന്തരിക മായ ശബ്ദം സാക്ഷ്യം വഹിക്കണം. ഞാൻ സാത്വികതയിലേക്കാണ് മുന്നേറുന്നതെന്നും നാമെല്ലാം മുമ്പോട്ടാണ് ഗമിക്കുന്നതെന്നും അത് സാക്ഷ്യം വഹിക്കണം. അപ്പോൾ മാത്രമേ സമ്മേളനത്തിൽ പങ്കെടു ക്കുന്ന നിങ്ങളുടെ ഉദ്ദേശ്യം പൂർത്തി യാകൂ.

സാത്വികത എന്താണെന്ന് നമുക്ക് നോക്കാം. തിൻമ ചെയ്താൽ അല്ലാഹുവിന്റെ അതൃപ്തിക്ക് പാത്ര മാകും എന്ന ബോധം കൊണ്ട് ഹൃദ യത്തിൽ അങ്കുരിക്കുന്ന ദൈവ ഭയ മാണ് സാത്വികത. ദൈവത്തോട് നമു ക്കുള്ള സ്നേഹം കാരണം ദൈവ ത്തിന്റെ അതൃപ്തി നമുക്ക് സഹി ക്കാൻ സാധിക്കുകയില്ല. അത്തര മൊരു ധാരണ മനസ്സിൽ രൂപപ്പെടു ത്തിയാൽ നിരവധി തിൻമകൾ ഒഴിവാ ക്കാൻ നാം ശ്രമിക്കും.

ഇതു സംബന്ധമായി വാഗ്ദത്ത മസീഹ് (അ) ഇപ്രകാരം പ്രസ്താവി ക്കുന്നു: 'ഖുർആനികാജ്ഞകളിൽ വളരെയധികം ഊന്നൽ നൽകിയിരി ക്കുന്നത് സാത്വികതക്കും തിൻമ വർജിക്കലിന്നുമാണ്. സാത്വികത കൈക്കൊള്ളുന്ന ആൾക്ക് തിൻമ വർ ജിക്കാനും നന്മയിൽ മുന്നേറാനുമുള്ള ശക്തി നൽകപ്പെടുന്നു എന്നതാണ് ഇതിന്റെ കാരണം. മനുഷ്യന്റെ സമ സ്ത കാര്യങ്ങളിലും സമാധാനം കൈവരിക്കാനുള്ള സൗഭാഗ്യ മന്ത്ര വും മാന്ത്രിക ശക്തിയുമാണ് സാത്വി കത. എല്ലാ തിൻമകളിൽ നിന്നും സുരക്ഷ നേടാനുള്ള കോട്ടയുമാണ ത്. സാത്വികതക്ക് ഇത്രയധികം ഊന്നൽ നൽകിയതിന്റെ രഹസ്യമതാ ണ്. മറ്റുള്ളവർ ആമഗ്നരായിരിക്കു കയും ചിലപ്പോൾ നശിപ്പിക്കപ്പെടുക പോലും ചെയ്യുന്ന നിസ്സാരമായ തർക്കങ്ങളിൽ നിന്നും സാത്വികനായ ഒരാൾ രക്ഷിക്കപ്പെടുന്നു. (അയ്യാമു സ്സുൽഹ്,പേജ് 105, റൂഹാനി ഖസാ യിൽ, വാല്യം 14, പേജ് 342)

അതിനാൽ വാഗ്ദത്ത മസീഹ് (അ) പറഞ്ഞതുപോലെ സാത്വികത എല്ലാ വിധ തിൻമകളിൽ നിന്നും മനു ഷ്യനെ രക്ഷിക്കുന്നു. സർവശക്ത നായ ദൈവമാണ് എല്ലാ കഴിവുക ളുടെയും യജമാനൻ എന്ന് ദൃഢബോ ധമുള്ളതുകൊണ്ടാണ് സാത്വികത ശക്തിയാർജ്ജിക്കുന്നത്. എല്ലാ കഴി വുകളുടേയും യജമാനൻ ദൈവമാ ണെന്ന് ദൃഢ വിശ്വാസമുള്ള ഒരാൾ ഭൗതിക രാജാക്കൻമാരേയും അധി കാരസ്ഥൻമാരേയും ഭയപ്പെടാതെ സർവ ശക്തനായ ദൈവത്തെ മാത്രം ഭയപ്പെടുന്നു. ദൈവ കൽപനയനുസ

അല്ലാഹുവിന്റെ സുഹൃത്തും കൂട്ടുകാരനുമാകാനും, അവന്റെ സംരക്ഷണത്തിലാകാനും അവന്റെ സംതൃപ്തി നേടാനും അവന്റെ സാമീപ്യം കൈവരിക്കാനും ഇനിയെന്താണ് ആവശ്യമുള്ളത് എന്ന കാര്യം ഓരോ അഹ്മദിയും സഗൗരവം ചിന്തിക്കണം. എന്നിരിക്കിലും, ഈ പരിശ്രമത്തിൽ നമ്മെ സഹായിക്കാൻ അല്ലാഹു സ്വയം തന്നെ നമുക്ക് വഴി കാണിച്ചു തന്നിരിക്കുന്നു.

ഞാൻ മുമ്പു പറഞ്ഞതുപോലെ, ഇതിനുള്ള ഒരു വഴി അല്ലാഹുവിനെ ആരാധിക്കലാണ്. 'ഈ ആരാധന അഞ്ചു നേര നിസ്കാരങ്ങളുടെ രൂപത്തിൽ അല്ലാഹു നമുക്ക് നിർബന്ധമാക്കിയിരിക്കുന്നു. പിന്നെ നാം ഭക്തി മാർഗത്തിൽ സഞ്ചരിക്കുകയാണെങ്കിൽ, അടുത്ത ഘട്ടം നഫൽ (ഐച്ഛിക) നിസ്കാരങ്ങളാണ്. രാത്രിയിലും പകലിൽ വിവിധ സമയങ്ങളിലും ഐച്ഛിക നിസ്ക്കാരങ്ങളുണ്ട്. നന്മയിലും സൽക്കർമങ്ങളിലും വർധനവുണ്ടാകാൻ അവ നമ്മെ സഹായിക്കുന്നു.

പിന്നെ, മനുഷ്യാവാകാശങ്ങളാണ്. നാം മറ്റുള്ളവരോടുള്ള കടപ്പാടുകൾ സന്തോഷപൂർവം നിർവഹിക്കണം. ചിലപ്പോൾ ചെറിയ പ്രശ്നങ്ങളിൽ ശണ്ഠയാരംഭിക്കുന്നു. ഓരോ അഹ്മദിയും ഇതിൽ നിന്നും മോചിതനാകണം. അഹ്മദി കൂടുതൽ ക്ഷമയും സഹനവും കൈക്കൊള്ളണം. ഒരു കാര്യത്തിൽ സഹിഷ്ണുത കാണിക്കുന്നതുകൊണ്ടോ ഒരാളോട് മൃദുലമായി പെരുമാറുന്നതു കൊണ്ടോ ആരുടേയെങ്കിലും ദൃഷ്ടിയിൽ നിങ്ങളുടെ വില കുറഞ്ഞു പോകും എന്ന് ധരിക്കരുത്. അല്ലെങ്കിൽ നിങ്ങളെക്കുറിച്ചുള്ള ബഹുമാനം കുറഞ്ഞു പോകും എന്ന് വിചാരിക്കരുത്. യഥാർത്ഥത്തിൽ അവ നിങ്ങളുടെ പദവി ഉയർത്തുകയാണ് ചെയ്യുക. അല്ലാഹുവിനു വേണ്ടി നിങ്ങൾ ഇങ്ങനെ ചെയ്യുകയാണെങ്കിൽ മറ്റുള്ളവരുടെ പക്കൽ അൽപം താഴ്ന്നു പോയാലും ദൈവദൃഷ്ടിയിൽ നിങ്ങളുടെ പദവി ഉയർന്നതായിരിക്കും.

പൂർത്തിയായിരിക്കുന്നു. മനുഷ്യന് എന്തെങ്കിലും ആവശ്യമുള്ളപ്പോൾ അല്ലാഹുവിന് അവനോടുള്ള സ്നേഹം കാരണമായി അല്ലാഹു അവന്റെ ആവശ്യം പൂർത്തിയാക്കുന്നു.

എന്റെ ആജ്ഞ അനുസരിക്കുന്നതിന്റെ ഫലമായി എന്നോടുള്ള ബന്ധത്തിന്റെ ഫലമായി ഈ മനുഷ്യൻ നേരായ പാതയിൽ ചരിക്കുന്നു. തെറ്റുകൾ ചെയ്യുന്നില്ല. എന്നെ ആരാധിക്കുന്നതിലുള്ള ബാധ്യതകൾ നിറവേറ്റുന്നു. സാമൂഹ്യ കാര്യങ്ങളിൽ എന്റെ കൽപനകൾ പരിഗണിക്കുന്നു. എന്ന് അല്ലാഹു പറയുന്നു. അപ്പോൾ, അല്ലാഹുവിനോടുള്ള ബന്ധത്തിന്റെ ഫലമായി വിശ്വസ്തരിൽ ഏറ്റവും വിശ്വസ്തനായ അല്ലാഹു (അവന്റെ സുഹൃദ് ബന്ധത്തിന് തുല്യതയില്ല), തീർച്ചയായും തന്റെ ഭക്തനായ ദാസനെ സംരക്ഷിക്കുന്നു.

തന്റെ കൂട്ടുകാരൻ വേദനിക്കുമ്പോൾ സ്നേഹമുള്ള ഒരു സുഹൃത്ത് ഉത്കണ്ഠ പ്രകടിപ്പിക്കുകയും അവനെ സഹായിക്കാൻ അങ്ങേയറ്റം ശ്രമിക്കുകയും ചെയ്യുന്നു. എന്നാൽ, സൗഹൃദത്തിന്റെ ബാധ്യത നിറവേറ്റുന്നതിൽ മറ്റാരേക്കാളും ഉത്തമനായ അല്ലാഹു തന്റെ പ്രത്യേക സുഹൃത്തും ദാസനുമായ വന്റെ അവകാശങ്ങൾ നിറവേറ്റുകയില്ലേ? തീർച്ചയായും അവൻ നിറവേറ്റും. സാത്വികരായ ആളുകൾ വിഷമിക്കുന്ന ഘട്ടങ്ങളിൽ താൻ അവരെ ശ്രദ്ധിക്കുകയും തന്റെ സംരക്ഷണത്തിലാക്കുകയും ചെയ്യുമെന്ന് അല്ലാ ഹു പറയുന്നു.

അല്ലാഹു പറയുന്നു:

എന്നാൽ, അല്ലാഹു ഭക്ത ജനങ്ങളുടെ മിത്രമാകുന്നു (45:20)

തന്റെ ആജ്ഞകൾ അനുസരിക്കുകയും തന്നെ ആരാധിക്കുകയും സാത്വികരായിരിക്കുകയും ചെയ്യുന്നവരെ അല്ലാഹു തന്റെ സംരക്ഷണത്തിലാക്കുന്നു. ദൈവ സംരക്ഷണത്തിലുള്ള ഒരാൾക്ക് പിന്നെയെന്താണ് വേണ്ടത്? ഐഹിക പാരത്രിക ജീവിത വിജയത്തിന് ഇതിനേക്കാൾ വലിയ ഗ്യാരണ്ടിയെന്താണുള്ളത്?

രിച്ച് അയാൾ പ്രവർത്തിക്കുന്നു. ദൈവം നിഷിദ്ധമാക്കിയതിൽ നിന്ന് അയാൾ മാറി നിൽക്കുന്നു. ദൈവം കൽപ്പിച്ചതു മാത്രം ചെയ്യാനുള്ള ആന്തരികമായ പ്രേരണ അയാ ൾക്കുണ്ടാകുന്നു. അയാൾ ഈ സത്വൃത്തികൾ ചെയ്യാൻ ശ്രമിക്കുമ്പോൾ സമാധാനവും ശാന്തിയും സ്നേഹവും സാഹോദര്യവുമല്ലാതെ മറ്റൊന്നും ഉണ്ടാകുന്നില്ല. അതുകൊണ്ട് ഓരോ അഹ്മദിയും സാത്വികതയുടെ പാതയിൽ നടക്കാനും തിൻമകൾ വർജിക്കാനും യത്നിക്കണം. നാം ഈ വഴിയിൽ സഞ്ചരിക്കുകയാണെങ്കിൽ മാത്രമേ വാഗ്ദത്ത മസീഹി (അ)ന്റെ ആഗമനോദ്ദേശ്യം പൂർത്തിയാകൂ. ഒരാളിൽ എന്തെങ്കിലും തിൻമകളുണ്ടെങ്കിൽ ഈ സമ്മേളനത്തിന്റെ ആത്മീയാന്തരീക്ഷത്തിന്റെ ഫലമായി അയാൾ ആ തിൻമയിൽ നിന്നും രക്ഷപ്പെടാൻ ശ്രമിക്കണം.

ഓർമിക്കുക, അല്ലാഹുവിന്റെ അനുഗ്രഹമില്ലാതെ ഒരാൾക്കും തന്നെ സ്വപരിശ്രമത്താൽ ദുശ്ശീലങ്ങളിൽ നിന്നും മാറി നിൽക്കാൻ സാധ്യമല്ല. അവന്റെ അനുഗ്രഹം നേടാൻ അവന്റെ മുമ്പിൽ നാം ശിരസ്സ് നമിക്കണം. അവൻ നമ്മെ പഠിപ്പിച്ച വിധം നാം അവനെ ആരാധിക്കണം. അഞ്ചു നേരത്തെ നിർബന്ധ നിസ്കാരം നാം അനുഷ്ഠിക്കുകയും വേണം. ഇവയില്ലാതെ മനുഷ്യ ജീവിതത്തിന് യാതൊരു ഉദ്ദേശ്യവുമില്ല. ദൈവം മനുഷ്യനെ സൃഷ്ടിച്ചത് അവനെ ആരാധിക്കാനാണ്. മനുഷ്യൻ പ്രാർഥിക്കുമ്പോൾ അവന്റെ സാത്വികത പുരോഗതി പ്രാപിക്കുന്നു. സാത്വികനായ മനുഷ്യനെ അല്ലാഹു ഇഷ്ടപ്പെടുന്നു. യഥാർത്ഥത്തിൽ ദൈവം അവനെ സ്നേഹിക്കുന്നു. അല്ലാഹു പറയുന്നു:

'തീർച്ചയായും, സൂക്ഷ്മത പാലിക്കുന്നവരെ അല്ലാഹു സ്നേഹിക്കുന്നു ' (9:4)

അല്ലാഹുവിന്റെ സ്നേഹമാർജ്ജിച്ച മനുഷ്യന് മറ്റെന്തു വേണം?

അവന്റെ എല്ലാ ആവശ്യങ്ങളും

ദൈവദൃഷ്ടിയിൽ ഉയർന്ന പദവിയിലുള്ളവരാണ് അല്ലാഹുവിന്റെ സ്നേഹിതൻമാർ.

അല്ലാഹു ദയാലുവാണെന്നും ദയ കാണിക്കുന്നവരെ അവൻ ഇഷ്ടപ്പെടുന്നുവെന്നും ദയ കാണിക്കുന്നവർക്ക് അവൻ നൽകുന്ന പ്രതിഫലം ഏറ്റവു ഉന്നതമാണെന്നും നബി(സ) തിരുമേനി പറഞ്ഞതായി ഒരു ഹദീസിൽ നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. സഹിഷ്ണുത കാണിച്ചു കൊണ്ടും കാഠിന്യത്തെ ദയ കൊണ്ട് പ്രതികരിച്ചും മൃദുലമായ വാക്കുപയോഗിച്ചും പെരുമാറുകയാണെങ്കിൽ നിങ്ങൾക്ക് അല്ലാഹുവിന്റെ പ്രതിഫലം വലിയതോതിൽ നേടാൻ കഴിയും. അതിൽപ്പരം മഹത്തരമായതെന്തുണ്ട്?

മറ്റൊരു ഹദീസിൽ ഇപ്രകാരം നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു: 'നബി (സ) ചോദിച്ചു. അഗ്നി സ്പർശിക്കാത്ത ഒരാളെ കുറിച്ചു ഞാൻ പറഞ്ഞു തരട്ടെയോ? ജനങ്ങളുമായി വളരെ അടുപ്പത്തിൽ കഴിയുന്ന ആൾക്ക് അഗ്നി ഒരു ദോഷവും വരുത്തുകയില്ല. അതായത് മറ്റുള്ളവരെ വെറുക്കാതിരിക്കുകയും അവരോട് ദയാവായ്പോടെ പെരുമാറുകയും അവരുടെ ബുദ്ധിമുട്ടുകൾ അകറ്റുകയും അവർക്ക് എളുപ്പമുണ്ടാക്കുകയും ചെയ്യുന്നവരാണവർ.'

സഹിഷ്ണുതയേക്കാൾ അയാൾ ഒരു പടികൂടി മുന്നോട്ട് കടക്കുന്നു, ജനങ്ങളോട് ദയാപൂർവം പെരുമാറുകയും സ്നേഹത്തിന്റെയും അനുകമ്പയുടേയും ഒരു അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യേണ്ടതുണ്ട്.

ചിലപ്പോൾ തൊഴിൽ രംഗത്ത് നിങ്ങളെ ദ്രോഹിക്കുന്ന ആളകളുണ്ടാവാം. അത്തരക്കാർക്കെതിരിൽ പോലും കഠിനമായ മനോഭാവം കാണിക്കാൻ ബദ്ധപ്പെടരുത്. കഠിനമായ മനോഭാവം കാണിച്ചാൽ വെറുപ്പ് വർധിക്കുന്നു. നേരെ മറിച്ച്, വിശദമായി കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കാൻ ശ്രമിക്കണം. എന്നിട്ടും ഉപദ്രവിക്കുന്നതിൽ നിന്ന് അവർ പിൻമാറുന്നില്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെയോ ഉടമയേയോ അറിയിക്കണം. നിയമം കയ്യിലെടുക്കാൻ അഹ്മദിക്ക് പാടില്ല, കൂടുതലായി ശണ്ഠ കൂടാനും തർക്കിക്കാനും അയാൾ മിനക്കെടരുത്. മിനക്കെട്ടാൽ കൂടുതൽ ബുദ്ധിമുട്ടുകളുണ്ടാകും. വെറുപ്പ് വ്യാപിപ്പിക്കുകയും ചെയ്യും. ഇതാകട്ടെ, അഹ്മദിയ്യത്തിന്റെ യഥാർത്ഥ ഇസ്‌ലാമികധ്യാപനങ്ങൾക്ക് എതിരായിരിക്കും.

കൂടാതെ, ജനങ്ങൾ കൂടുതലായി ഒത്തു ചേർന്നിട്ടുള്ള സമ്മേളന സ്ഥലത്തേക്കാണ് നാം പോകുന്നത്. അവിടെ നമുക്ക് ഇഷ്ടപ്പെടാത്ത ചില കാര്യങ്ങൾ ഉണ്ടായേക്കാം. ഇത് ചില ആളുകളുടെ ഹൃദയങ്ങളിൽ പകയും അസൂയയും ഉണ്ടാക്കിയേക്കാം. ബന്ധപ്പെട്ടവർ ചില സ്ഥലങ്ങളിൽ നിന്ന് വന്നവരെ കൂടുതൽ ശ്രദ്ധിക്കുന്നു. ഞങ്ങളെ തീരെ പരിഗണിക്കുന്നില്ല, എന്ന് ചില ആളുകൾ ചിന്തിക്കുന്നു. അങ്ങനെയുള്ള ആക്ഷേപങ്ങൾ 'തർബിയത്തി' നെ ദോഷകരമായി ബാധിച്ചേക്കാം . ഇത്തരം ആക്ഷേപങ്ങളിൽ നിന്നും കുറ്റപ്പെടുത്തലുകളിൽ നിന്നും അഹ്മദികൾ പരിശുദ്ധരാകണം. തങ്ങൾ മുഹമ്മദീ മസീഹിനെ കൈക്കൊള്ളാൻ ഭാഗ്യം സിദ്ധിച്ചവരാണെന്നോർത്തു കൊണ്ട് അവർ എപ്പോഴും സന്തുഷ്ടരായിരിക്കണം. വാഗ്ദത്ത മസീഹ് (അ) നമുക്ക് നൽകിയ അധ്യാപനങ്ങൾ കാരണം, നാം ആ സൗഭാഗ്യ ജമാഅത്തിലെ അംഗങ്ങളാണ്. നാം നമ്മിലും നമ്മുടെ ഭാര്യാ മക്കളിലും സമൂലവുമായ ഒരു പരിവർത്തനം വരുത്തണം. നാം ഒരു വിധത്തിലുള്ള ആക്ഷേപങ്ങളും നിസ്സാരമായ കാര്യങ്ങളും തലയിലേറ്റി നടക്കരുത്. ഒരു ജമാഅത്തായി ഒരുമിച്ചു നിന്നു കൊണ്ട് നമ്മൾ ശ്രമിക്കേണ്ടത് ലോകത്തെ അതിന്റെ ഏകനായ നാഥന്റെ മുമ്പിൽ ശിരസ്സ് നമിപ്പിക്കാനാണ്.

നമ്മിലുണ്ടാക്കുന്ന ഈ സമൂല പരിവർത്തനം മുഖേനെ നാം ഈ രാജ്യത്ത് തെളിയിക്കേണ്ടത്, നമ്മുടെ അവസ്ഥയിലുണ്ടായ ഈ മാറ്റവും പുരോഗതിയും നാം വാഗ്ദത്ത മസീഹി (അ)ൽ വിശ്വസിച്ചതുകൊണ്ടാണെന്നാണ്. അതിനാൽ, നിങ്ങൾ ശാശ്വതമായ സന്തോഷം തേടുന്നുവെങ്കിൽ നിങ്ങൾ വരുവിൻ, അദ്ദേഹത്തിൽ വിശ്വസിപ്പിൻ. അതു മുഖേനേ നിങ്ങളിൽ ഒരു പരിഷ്കരണം സംജാതമാകും. നേരെ മറിച്ച്, നിങ്ങൾ ബൈഅത്ത് ചെയ്തിട്ടും നിങ്ങളിൽ ഒരു പരിവർത്തനവും ഉണ്ടാകാതിരിക്കുകയും ചെറുതും വലുതുമായ ഒരു തിൻമയും നിങ്ങൾ ഉപേക്ഷിക്കാതിരിക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കാതിരിക്കുകയും ചെയ്യുകയാണെങ്കിൽ നിങ്ങളുടെ ബൈഅത്ത് കൊണ്ട് ഒരു പ്രയോജനവും ഇല്ല.

സർവ ശക്തനായ അല്ലാഹുവിൽ ദൃഢ വിശ്വാസമുള്ള ശക്തമായ ഒരു ജമാഅത്താണ് നാം എന്ന വിചാരം നമ്മിൽ ഉണ്ടാക്കാൻ ഈ സമ്മേളനം കാരണമാകട്ടെ. നാം അല്ലാഹുവിനെ ആരാധിക്കുന്നു. അവനെ അനുസരിച്ചുകൊണ്ട് നാം എല്ലാ നല്ല ധാർമിക മൂല്യങ്ങളും കൈക്കൊണ്ടിരിക്കുന്നു. നമ്മിലോരോരുത്തരും ഇൻശാഅല്ലാഹ്, ഈ രാജ്യത്തിന് ഒരു മാതൃകയായിരിക്കും. അതുവഴിയാണ് വാഗ്ദത്ത മസീഹിന്റെ ആഗമന ദൗത്യം നാം എത്തിക്കുന്നത്.

വാഗ്ദത്ത മസീഹ് (അ) എന്താണ് നമ്മിൽ നിന്ന് ആവശ്യപ്പെടുന്നത്? അദ്ദേഹത്തിന്റെ ലിഖിതങ്ങളിൽ ഒരു ഭാഗത്തിന്റെ പരിഭാഷ ഞാൻ വായിക്കാം–അദ്ദേഹം പറയുന്നു:

പരിശ്രമിക്കുകയും സർവശക്തനായ അല്ലാഹുവിൽ കൂടുതൽ ശക്തിയും ധൈര്യവും ആർജ്ജിക്കുകയും ചെയ്യുക. അതു വഴി നിങ്ങളുടെ ഹൃദയത്തിലെ നിർമല ഉദ്ദേശ്യങ്ങളും വിചാര വികാരങ്ങളും ആഗ്രഹങ്ങളും നിങ്ങളുടെ അവയവങ്ങളിലൂടെയും സകല കഴിവുകളിലൂടെയും പ്രകടമാകട്ടെ, നിങ്ങൾ സൽക്കർമ്മത്തിൽ പരിപൂർണത പ്രാപിക്കുകയും ചെയ്യട്ടെ. നിങ്ങളുടെ ഹൃദയത്തിൽ നിന്നും പുറപ്പെടുന്ന എന്തു കാര്യവും ഹൃദയത്തിൽത്തന്നെ ഒതുങ്ങിയാൽ അത് നിങ്ങ ളെ എവി

ടെയും എത്തിക്കില്ല. സർവശക്തനായ അല്ലാഹുവിന്റെ മഹത്വം നിങ്ങളുടെ ഹൃദയങ്ങളിൽ സ്ഥാപിക്കുക, അവന്റെ മഹത്വപൂർണമായ പ്രതാപം നിങ്ങളുടെ മുമ്പിൽ നിലനിർത്തുക. ഏകദേശം എഴുന്നൂറോളം ആജ്ഞകൾ വിശുദ്ധ ഖുർആനിലടങ്ങിയിരിക്കുന്നു ഓർക്കുക, ഇവയിൽ ഏതെങ്കിലുമൊന്നിനെ തള്ളിക്കളഞ്ഞാൽ അല്ലെങ്കിൽ അതിൽ നിന്നും മുഖം തിരിച്ചാൽ ഞാൻ സത്യമായും പറയുന്നു, അയാളതിന് കണക്കു പറയേണ്ടി വരും'

അതുകൊണ്ട്, വാഗ്ദത്ത മസീഹ് (അ) പറഞ്ഞതുപോലെ , സദാ സമയവും അല്ലാഹുവിന്റെ സഹായവും തേടുക. എന്തെന്നാൽ അവനുമാത്രമേ എല്ലാവിധത്തിലുള്ള ശക്തിയും നൽകാൻ കഴിയൂ. അല്ലാഹുവിന്റെ സഹായവും ശക്തിയും ചോദിക്കുന്നതെന്തിനാണ്? അത് ആരേയും ആക്രമിക്കാനല്ല, ആർക്കെതിരേയും പ്രതികാരം കൈക്കൊള്ളാനുമല്ല.നിങ്ങളുടെ സ്വന്തം ഭരണം സ്ഥാപിക്കാനുമല്ല, പക്ഷേ, നിങ്ങൾ ഇങ്ങനെ സഹായമർത്ഥിക്കണം. 'ഓ, നാഥാ, നീയാണ് എന്നെ ഒരു വ്യക്തിയാക്കിയത്. എനിക്ക് കണ്ണും, കാതും, വായയും കൈകാലുകളും മറ്റവയവങ്ങളും നൽകിയത്. നീ എനിക്ക് തലച്ചോറ് നൽകി അതു വഴി എനിക്ക് നന്മയും തിന്മയും വിവേചിച്ചറിയാൻ സാധിക്കുന്നു. നാഥാ, നീ എന്നെ സഹായിക്കുകയും എനിക്ക് ശക്തി നൽകുകയും ചെയ്യേണമേ. എന്റെ കഴിവുകളെ നിന്റെ അധ്യാപനങ്ങൾക്കും ആജ്ഞകൾക്കും അനുസൃതമായി ഉപയോഗിക്കാൻ വേണ്ടി. പ്രാർഥിക്കുക, ഓ, നാഥാ, എല്ലാ മാലിന്യങ്ങളിൽ നിന്നും എന്നെ പരിശുദ്ധ മാക്കേണമേ, എല്ലാ പൈശാചിക പ്രേരണകളും എന്നിൽ നിന്ന് നീക്കേണമേ. എന്റെ ഹൃദയത്തിൽ ആർക്കെങ്കിലും ഉപദ്രവം ചെയ്യാനോ ആരെയെങ്കിലും വെറുക്കാനോ ഉള്ള ചിന്ത ഉണ്ടാകരുതേ. എന്റെ മനസ്സിനെ എല്ലാ വിധത്തിലും പരിശുദ്ധമാക്കേണമേ. എല്ലാ മാലിന്യങ്ങളും അതിൽനിന്നും നീക്കേണമേ. നിന്റെ തൃപ്തി നേടാനുള്ള വഴികൾ അന്വേഷിക്കാത്ത എല്ലാ ദുർവിചാരവും എന്റെ മനസിൽ നിന്നും നീക്കേണമേ. സദാ സമയവും ഈ പരിശ്രമത്തിൽത്തന്നെ മുഴുകിയിരിക്കുക. എന്റെ ഹൃദയത്തിൽ വരുന്ന എല്ലാ ആഗ്രഹങ്ങളും മുഴു ലോകത്തിന്റേയും നന്മക്കാവണമേ. എന്റെ വ്യക്തിപരമായ താത്പര്യങ്ങൾ, മറ്റുള്ളവരുടെ അവകാശങ്ങൾ കവർന്നെടുക്കാൻ ഇടവരരുതേ, ബന്ധുക്കൾക്കും മറ്റുള്ളവർക്കും വേണ്ടി നല്ല വികാരങ്ങൾ എന്നിലുണ്ടാവണമേ. അതു വഴിലോകത്ത് സമാധാനം സ്ഥാപിക്കുന്ന ഒരു സമൂഹം ഉണ്ടാകണമേ. ഇപ്രകാരമുള്ള വികാര വിചാരങ്ങളും പ്രാർഥനകളും ഹൃദയത്തിൽ നിന്ന് വരികയും എല്ലാ സൽക്കർമങ്ങളും ചെയ്യാനുള്ള പരിശ്രമങ്ങൾ ഉണ്ടാകുകയും ചെയ്താൽ അല്ലാഹുവിന്റെ അറ്റമില്ലാത്ത അനുഗ്രഹാശിസ്സുകളുടെ നേട്ടങ്ങൾ നമുക്ക് കൊയ്യാൻ സാധിക്കും. അപ്പോൾ മാത്രമേ, നമുക്ക് ഭൂമിയിൽ ദൈവ രാജ്യം സ്ഥാപിക്കാൻ സാധിക്കുകയുള്ളൂ.

ഈ ചുരുങ്ങിയ ദിനങ്ങളിൽ പ്രാർഥനയും ചിന്തയും പ്രവൃത്തിയും മുഖേനേ സമൂലമായ ഒരു പരിവർത്തനം വരുത്താൻ അല്ലാഹു നമുക്ക് തൗഫീഖ് നൽകട്ടെ. ഈ ഉദ്ദേശ്യാർഥം ഈ ദിനങ്ങളിൽ പ്രാർഥനകൾക്ക് പ്രത്യേക ഊന്നൽ നൽകുക. അല്ലാഹു നിങ്ങൾക്കതിന് തൗഫീഖ് നൽകുമാറാകട്ടെ

**Review of Religions : July 2005**

**വിവ: കെ വി ഹസ്സൻകോയ**

■

# മുഹമ്മദ് നബി (സ)

## ഹദ്റത്ത് അഹ്മദ് (അ)

"മനുഷ്യസമുദായത്തിന് ഭൂമുഖത്ത് ഖുർആൻ അല്ലാതെ മറ്റൊരു ഗ്രന്ഥവുമില്ല. ആദം സന്തതികൾക്ക് മുഹമ്മദ് (സ) അല്ലാതെ ഒരു റസൂലോ ശുപാർശക്കാരനോ ഇല്ല. ആകയാൽ, പ്രതാപവാനും പ്രഭാവശാലിയുമായ ആ നബിയോട് യഥാർത്ഥവും ആത്മാർത്ഥവുമായ സ്നേഹം പുലർത്താൻ ശ്രമിച്ചുകൊൾക. മറ്റൊരാളിലും അവിടുത്തെയ്ക്കാൾ ശ്രേഷ്ഠത്വം കൽപ്പിക്കൊല്ല. എങ്കിൽ നിങ്ങൾ സ്വർഗ്ഗത്തിൽ മോക്ഷം പ്രാപിച്ചവനായി എഴുതപ്പെടും. മരണത്തിന് ശേഷം പ്രത്യക്ഷപ്പെടുന്ന ഒന്നല്ല മോക്ഷം എന്നു ഓർമ്മ വെച്ചുകൊള്ളുവിൻ. ഈ ലോകത്ത് വെച്ച് തന്നെ വെളിച്ചം കാണുന്ന ഒന്നാണ് മോക്ഷം. ദൈവം സത്യമാണെന്നും മുഹമ്മദ് മുസ്തഫാ (സ) മുഴുവൻ സൃഷ്ടികൾക്കും ഇടയിൽ ശുപാർശക്കാരനാണന്നും ആകാശത്ത് കീഴിൽ അവിടുത്തെ പദവിയിലുള്ള മറ്റൊരു നബിയും ഇല്ലെന്നും ഖുർആന് കിടനിൽക്കുന്ന മറ്റൊരു ഗ്രന്ഥമില്ലെന്നും അല്ലാഹു ആരെയും ചിരഞ്ജീവി ആക്കാൻ ഉദ്ദേശിച്ചിട്ടില്ലെങ്കിലും ഈ വരിഷ്ഠനായ നബി കാലാകാലത്തേയ്ക്കും ജീവിച്ചിരിക്കുന്നതിന് വേണ്ടി അവിടുത്തെ 'ശരീഅ'ത്തോടുകൂടി ആത്മീയ പിന്തുടർച്ച ഖിയാമത്ത് നാൾ വരെ നിലനിൽക്കുന്നതിനുള്ള അടിസ്ഥാനം അല്ലാഹു ഇട്ടിരിക്കുന്നുവെന്നും ഒടുവിലായി അവിടുത്തെ ആത്മീയ അനുഗ്രഹ പ്രാപ്തി മുഖേന ഈ മസീഹിനെ ലോകത്തേയ്ക്ക് അയച്ചിരിക്കുന്നുവെന്നും ദൃഢമായി വിശ്വസിക്കുന്ന ആളത്രെ മോക്ഷംപ്രാപിച്ചവൻ

**(കശ്തീനൂഹ്)** ■

ലേഖനം

# സിറാജ് മുനീർ – സമ്പൂർണ്ണ പ്രകാശം തരുന്ന മങ്ങാത്ത ഒളിവിളക്ക്

മുഹമ്മദ് ഉമർ എച്ച്. എ.

**സൂര്യനെപോലെ പ്രകാശത്തിന്റെ സ്രോതസ്സായ റസൂൽ തിരുമേനി (സ)യുടെ പ്രകാശത്താലാണ് ആത്മീയ നഭോമണ്ഡലം പ്രഭാപൂർണ്ണമാവുന്നത്.**

**അ**ല്ലാഹു വിശുദ്ധ ഖുർആനിൽ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയുടെ ധാരാളം വിശിഷ്ട ഗുണങ്ങൾ പ്രകീർത്തിക്കുന്നു. അതോടൊപ്പം ആ മഹാത്മാവിന്റെ അപദാനങ്ങളേ പ്രകീർത്തിക്കുവാൻ വിശ്വാസികളോടു കല്പിക്കുകയും ചെയ്യുന്നു. അതായത് "അല്ലാഹുവും അവന്റെ മലക്കുകളും നബിതിരുമേനിക്ക് അനുഗ്രഹങ്ങൾ ആശംസിക്കുന്നു. വിശ്വാസികളേ! നിങ്ങളും അദ്ദേഹത്തിന് അനുഗ്രഹവും ശാന്തിയും സമാധാനവും ലഭിക്കുവാൻ പ്രാർത്ഥിക്കുക." (33:57). അദ്ദേഹത്തിന്റെ ഗുണനാമങ്ങളെ പ്രകീർത്തിച്ചുകൊണ്ട് അദ്ദേഹത്തിന്റെ മേൽ സ്വലാത്തും സലാമും ഓതുക എന്നാജ്ഞാപിക്കുന്നു.

ഹദ്റത്ത് നബിതിരുമേനി(സ) യുടെ മാഹാത്മ്യത്തെക്കുറിച്ചും അദ്ദേഹത്തിനുള്ള മഹത്തായ സ്ഥാനങ്ങളെക്കുറിച്ചും അല്ലാഹു അരുൾ ചെയ്യുന്നു:

അല്ലയോ നബിയേ! നാം നിന്നെ (ലോകത്തിന്) സാക്ഷിയായും (സത്യ വിശ്വാസികൾക്ക്) സുവിശേഷകനായും (നിഷേധികൾക്ക്) താക്കീത് കാരനായും ദൈവ കല്പനയനുസരിച്ചു ദൈവത്തിലേക്ക് ക്ഷണിക്കുന്നയാളായും ഒരു പ്രഭാപൂരിതമായ സൂര്യനായും (ഒളിവിളക്കായും) നിയുക്തനാക്കിയിരിക്കുന്നു. വിശ്വാസികൾക്ക് അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹം (ഫളിൽ) ലഭിക്കുന്നതാണെന്നു സുവാർത്ത അറിയിക്കുക. (33:46-48)

പ്രസ്തുത ആയത്തിൽ പ്രതിപാദിക്കപ്പെട്ട നബിതിരുമേനി (സ)യുടെ വിശിഷ്ട ഗുണങ്ങളിൽ ഒന്ന് 'സിറാജ് മുനീർ' അതായത് പ്രകാശം തരുന്ന സൂര്യൻ അല്ലെങ്കിൽ ഒളിവിളക്ക് എന്നതാണ്. നബിതിരുമേനിയുടെ ഔദാര്യങ്ങളും അനുഗ്രഹാശിസ്സുകളും അദ്ദേഹത്തിന്റെ സമുദായത്തിൽ എന്നെന്നും നിലനിന്നു വരുന്നതാണെന്നതിനുള്ള തെളിവായിട്ടാണ് വിശുദ്ധ ഖുർആനിൽ അദ്ദേഹത്തെക്കുറിച്ചു 'സിറാജ്മുനീർ' എന്ന് വിശേഷിപ്പിച്ചിരിക്കുന്നത്. എപ്രകാരം ഭൗതികമായ സൂര്യൻ അവസാന നാൾ വരെ ലോകത്തിന്റെ ആവശ്യങ്ങൾ പൂർത്തിയാക്കുകയും ലോകത്തിന് ഭൗതിക രീതിയിൽ മാർഗ്ഗദർശനം നൽകുകയും ചെയ്തുകൊണ്ടിരിക്കുന്നുവോ അതേപ്രകാരം നബിതിരുമേനി (സ) യുടെ ആത്മീയാനുഗ്രഹങ്ങളും ഔദാര്യങ്ങളും ലോകാവസാനം വരെ നിലനിന്നുവരുന്നതാണെന്നു അല്ലാഹു ഇവിടെ സൂചിപ്പിക്കുന്നു. ഇവിടെ ആ പുണ്യാത്മാവിനെ പ്രകാശം വിതറുന്ന സൂര്യനും ഒളിവിളക്കും ആയി വിശേഷിപ്പിക്കുന്നു. അതായത്, നബിതിരുമേനിയിൽ നിന്നും ആത്മീയ പ്രകാശം ഉൾക്കൊണ്ടു ലോകത്ത് പ്രകാശം വിതറുന്ന അദ്ദേഹത്തിന്റെ പ്രതിബിംബങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതാണ്. സൂര്യനിൽ നിന്നും പ്രകാശം ഉൾക്കൊണ്ട് സൂര്യാസ്തമനത്തിനു ശേഷം ശീതള പ്രകാശം വിതറുന്ന ചന്ദ്രൻ പ്രത്യക്ഷമാകുന്നതുപോലെ നബിതിരുമേനിയെ പൂർ ണ്ണമായും പിന്തുടരുകയും അദ്ദേഹത്തിൽത്തന്നെ അർപ്പണം ചെയ്യുകയും ചെയ്യുന്ന ആത്മീയ ചന്ദ്രൻമാർ തിരുനബി (സ) യുടെ വിയോഗത്തിനുശേഷം അന്ധകാര നിബിഢമായ രാത്രിയെ പ്രകാശഭരിതമാക്കിത്തീർക്കുന്നു. അങ്ങനെ പതിനാലാം രാവിൽ സൂര്യപ്രകാശത്തെ പരിപൂർണ്ണമായും ഉൾക്കൊള്ളുന്ന പൂർണ്ണചന്ദ്രനെപ്പോലെ പതിനാലാം നൂറ്റാണ്ടിൽ തിരുമേനി (സ) യുടെ പരിപൂർണ്ണ പ്രതിച്ഛായയും പ്രതിബിംബവും ആയി വാഗ്ദത്ത മഹ്ദി മസിഹ് (അ) പ്രത്യക്ഷപ്പെട്ടു. അദ്ദേഹം അരുൾ ചെയ്യുന്നു:

ഹദ്റത്ത് റസൂൽ തിരുമേനിയി ലേക്കും ഹദ്റത്ത് മഹ്ദി മസീഹി ലേക്കും മാർഗ്ഗദർശനം നൽകുന്നു.

ഹദ്റത്ത് റസൂൽ തിരുമേനി (സ) യെ വിശുദ്ധ ഖുർആൻ സിറാജ് മുനീർ എന്ന വിശേഷിപ്പിച്ചതിന്റെ മഹത്തായ തത്വത്തെക്കുറിച്ച് ഹദ്റ ത്ത് ഇമാം അബ്ദുൽബാഖി സുർഖാ നി (റ) ഇപ്രകാരം എഴുതുന്നു. ഖാസി അബൂബക്കർ ഇബ്നു അറബി പറ യുന്നു. ഉലമാക്കളുടെ അഭിപ്രായ ത്തിൽ ഹദ്റത്ത് നബിതിരുമേനി യുടെ നാമം സിറാജ് (വിളക്ക്) എന്നു വെക്കപ്പെട്ടതിന്റെ ഉദ്ദേശ്യം ഒരു ദീപ ത്തിൽ നിന്നും ധാരാളം ദീപങ്ങൾ കത്തിക്കാവുന്നതുകൊണ്ടും എന്നാൽ ആ മൂലദീപത്തിന്റെ വെളി ച്ചത്തിൽ ഒരു കുറവും വരാത്തതു കൊണ്ടുമാണ്. (സുർഖാനി ശറഹുൽ മവാഹിബിനല്ലദുന്നിയ വാള്യം 3 ഭാഗം 171)

അതായത് ഹദ്റത്ത് റസൂൽ തിരു മേനി (സ) യുടെ സിറാജുൽ മുനീർ എന്ന വിശേഷ ഗുണത്തിന്റെ താല്പര്യം അദ്ദേഹത്തിന്റെ പ്രതിച്ഛാ യയിലും അനുഗ്രഹാശിസ്സുകളിലും അദ്ദേഹത്തിന്റെ ഉമ്മത്തിൽ നുബുവ്വ ത്തിന്റെ സ്ഥാനം ലഭിച്ചവർ ഉണ്ടായി രിക്കുമെന്നാണ്.

ഈ യാഥാർത്ഥ്യം ഹദ്റത്ത് വാഗ്ദ ത്ത മഹ്ദി മസീഹ് ഇപ്രകാരം വിളി ച്ചോതുന്നു.

"തിരുമേനി (സ) യുടെ നാമം സിറാജ് എന്ന് വിളിക്കപ്പെട്ടതിലുള്ള സൂക്ഷ്മമായ തത്വം ഇതാണ്. ഒരു ദീപത്തിൽ നിന്നും ആയിരക്കണ ക്കിലും ലക്ഷക്കണക്കിലുള്ള വിളക്കു കൾ വെളിച്ചം ആർജ്ജിക്കുന്നു. എന്നാൽ അക്കാരണം കൊണ്ട് ആ വിളക്കിന്നു ഒരു നഷ്ടവും ഉണ്ടാകു ന്നില്ല. റസൂൽ തിരുമേനിയെ അനുഗ മിക്കുകയും അനുസരിക്കുയും ചെയ്യു ന്നത് കൊണ്ട് ആയിരക്കണക്കിലും ലക്ഷക്കണക്കിലുമുള്ളവർ ഈ സ്ഥാനത്തെത്തിച്ചേരുന്നുവെന്നതാ ണ് ഇതിന്റെ താല്പര്യം. അദ്ദേഹ ത്തിന്റെ അനുഗ്രഹവും ഔദാര്യവും

(ദുർസെമീൻ - ഉർദു)

ഒരു സേവകൻ (ഖാദിം) തന്റെ യജ മാനനിൽ (മഖ്ദൂം) നിന്നും വേറിട്ടു നിൽക്കുന്നില്ല. അതേപ്രകാരം ശാഖ, തായ് വേരിൽ നിന്നു അകന്നു നിൽക്കുന്നില്ല. അതുകൊണ്ടു പരി പൂർണ്ണമായും തന്റെ യജമാനനിൽ അർപ്പണം ചെയ്തതിന്റെ ഫലമായി അല്ലാഹുവിൽ നിന്നു നബിയെന്ന പദവി ലഭിക്കുന്നത് നബിതിരുമേനി യുടെ ഖാതമുന്നുബുവ്വത്തിൽ ഒരു വിഘ്നവും വരുത്തുന്നില്ല. നിങ്ങൾ ഒരു ദർപ്പണത്തിൽ നിങ്ങളുടെ രൂപം കാണുമ്പോൾ നിങ്ങൾ രണ്ടായിത്തീ രുന്നില്ല. പ്രത്യക്ഷത്തിൽ രണ്ടാ യിത്തോന്നുന്നുവെങ്കിലും യഥാർത്ഥ ത്തിൽ ഒന്നുതന്നെയാണ്. മൂലവും പ്രതിച്ഛായയും (പ്രതിരൂപവും) തമ്മി ലുള്ള അന്തരം മാത്രമെ ഉണ്ടാകുന്നു ള്ളൂ. അല്ലാഹു വാഗ്ദ ത്ത മസീഹിൽ ഇച്ഛിക്കുന്നതും അതുതന്നെയാണ്. (കിശ്ത്തീനൂഹ് 17, 18).

ഞാൻ തിരുമേനിയുടെ ഉമ്മ ത്തിയും അനുസാരിയും അല്ലായിരു ന്നുവെങ്കിൽ ലോകത്തുള്ള സർവ്വ പർവ്വതങ്ങൾക്കും സമാനമായത്ര പുണ്യകർമ്മങ്ങൾ ഞാൻ ചെയ്തിരു ന്നാലും അല്ലാഹുവിങ്കൽ നിന്നുള്ള മധുര ഭാഷണങ്ങളാൽ ഞാൻ അനു ഗ്രഹിക്കപ്പെടുമായിരുന്നില്ല. എന്തെ ന്നാൽ മുഹമ്മദിയാ നുബുവ്വത്തൊ ഴികെ മറ്റെല്ലാനുബുവ്വത്തുകളും നിർത്തലാക്കപ്പെട്ടിരിക്കുകയാണ്. ശരീഅത്തോടു കൂടിയ ഒരു പ്രവാച കനും ഇനിവരുകയില്ല. ശരീഅത്തി ല്ലാത്ത നബി വരാവുന്നതാണ്. പക്ഷെ ആ നബി ഒന്നാമതായി മുഹ മ്മദു നബി (സ) യുടെ ഉമ്മത്തിലാ യിരിക്കണം.

(തജല്ലിയാത്തെ ഇലാഹിയ്യ 24, 25)

അല്ലാഹു വിശുദ്ധഖുർആനിൽ ലൗകികമായ ചില ഉദാഹരണങ്ങൾ മൂലം ആത്മീയമായ വസ്തുതകളി ലേക്കു വെളിച്ചം വീശുന്നത് അവന്റെ സനാതനമായ നടപടി ക്രമമാണ്. ഇവിടെ ഉദ്ധരിക്കപ്പെട്ട സിറാജ്, ഖമർ എന്നിത്യാദി ഉദാഹരണങ്ങളും

"ഏതൊരാളിൽ നിന്നാണോ എല്ലാ തേജസ്സുകളും പുറപ്പെടുന്നത്, മുഹ മ്മദു എന്ന നാമമുള്ള ആ പ്രാണപ്രി യനത്രെ എന്റെ മാർഗ്ഗദർശകൻ"

"ആ പ്രകാശ ധാരയിൽ ഞാനിതാ സ്വയം അർപ്പിതനായിരിക്കുന്നു. അതിൽ നിന്നുമുണ്ടായതാണു ഞാൻ. യഥാർത്ഥത്തിൽ അങ്ങുന്നു തന്നെ യാണ്. എനിക്കെന്ത് പ്രസക്തിയാണു ള്ളത്? (ദുർസെമീൻ ഉർദു).

"നബിതിരുമേനി (സ) പ്രകാശി ക്കുന്ന സൂര്യബിംബമാണ്. അവശേ ഷിക്കുന്നവയെല്ലാം ആ സൂര്യനിൽ നിന്നും വെളിച്ചം ലഭിച്ച ചന്ദ്രനും നക്ഷത്രങ്ങളും മാത്രം. ഞങ്ങൾ തിരു നബി (സ) യുടെ പ്രകാശം വഴി അല്ലാഹുവിനെ ദർശിച്ചു. അങ്ങ യുടെ പ്രകാശം ഉണ്ടായിരുന്നില്ലെ ങ്കിൽ ഞങ്ങൾക്ക് പാപമോചനം നേടി ദൈവസാമീപ്യം കരസ്ഥമാക്കുവാൻ സാധിക്കുമായിരുന്നില്ല."

(കറാമാത്തുസ്സാദിഖീൻ)

"അല്ലാഹുവാണെ സത്യം, ഞാൻ മുഹമ്മദു നബിയെ പരിപൂർണ്ണമായും പിൻപറ്റിയിരിക്കുന്നു. ഓരോ നിമി ഷവും അവിടുത്തെ വെളിച്ചത്തിൽ നിന്നും ഞാൻ പ്രഭാപൂരിതനായി ക്കൊണ്ടിരിക്കുകയാണ്. (ഹമാമ ത്തുൽ ബുശ്റാ)

"എന്റെ ജീവനും ഹൃദയവും മുഹ മ്മദുനബിയുടെ സൗന്ദര്യത്തിൽ സമർപ്പിതമാണ്. എന്റെ ഈ ജഢം തിരുനബി (സ) യുടെ വീട്ടുവാ തിൽക്കൽ ബലിയിടപ്പെട്ടിരിക്കുന്നു. എല്ലാ സ്ഥലങ്ങളിലും എനിക്ക് മുഹ മ്മദ് നബി (സ) യുടെ സൗന്ദര്യം എന്റെ അകക്കണ്ണു കൊണ്ട് കാണു വാൻ സാധിക്കുന്നു. അവിടുത്തെ മധുരശബ്ദം എന്റെ കർണ്ണങ്ങൾ കൊണ്ട് കേൾക്കുവാനും സാധിക്കു ന്നു."

"മനുഷ്യകുലത്തിന്റെ നന്മക്കായി ഞാനൊഴുക്കിയ ആത്മീയജ്ഞാന ത്തിന്റെ നീരുറവു (എൺപതിലധികം മഹൽ ഗ്രന്ഥങ്ങൾ) മുഹമ്മദു എന്ന മഹാസാഗരത്തിൽ നിന്നെടുത്ത ഒരു തുള്ളിമാത്രമാണ്

ഒരു പ്രത്യേക ജനതക്ക് വേണ്ടി മാത്ര മുള്ളതല്ല. അത് പൊതുവിൽ എന്നെന്നും നിലനിൽക്കുന്നതത്രെ. (അൽഹക്കം 14-7-1908)

വിശുദ്ധ ഖുർആനിൽ മറ്റൊരിടത്ത് അല്ലാഹു അരുൾ ചെയ്യുന്നു.

ആകാശത്തിൽ രാശികളെ ഉണ്ടാക്കുകയും അതിൽ സൂര്യനെയും വെളിച്ചം നൽകുന്ന ചന്ദ്രനെയും സൃഷ്ടിക്കുകയും ചെയ്തവൻ (ആയ അല്ലാഹു) അനുഗ്രഹ സമ്പൂർണ്ണനത്രെ. (25:62)

ഉപര്യുക്ത ആയത്തിൽ വന്ന ബുറൂജ് (രാശികൾ) എന്ന് എന്താണെന്ന് ഹദ്റത്ത് നബികരീം (സ) തിരുമേനിയോടു ചോദിക്കപ്പെട്ടപ്പോൾ അദ്ദേഹം. അൽ കവാകിബ് (നക്ഷത്രങ്ങൾ) അടങ്ങിയ ആകാശം എന്നു അരുൾ ചെയ്തതായി ഹദ്റത്ത് ഇബ്നു മർദവി , ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലായിൽ നിന്നും നിവേദനം ചെയ്യുന്നു. ഖുർആൻ വ്യാഖ്യാതാക്കൾ ഈ നക്ഷത്രങ്ങൾ താഴെപ്പറയുന്ന പന്ത്രണ്ടുരാശികളാണെന്നു പ്രസ്താവിക്കുന്നു. അതായത് അൽ ഹം ലു (മേടം), അഥൗർ (ഇടവം) അൽജൗസാഉ (മിഥുനം) അസ്സർഥാൻ (കർക്കിടകം) അൽഅസദ് (ചിങ്ങം), അസ്സുംബുല: (കന്നി) അൽമീസാൻ (തുലാം), അൽ അഖ്റബ് (വൃശ്ചികം) , അൽഖൗസ് (ധനു) അൽജദിയു (മകരം),അദ്ദൽവു (കുംഭം) അൽഹുത്ത് (മീനം)

ഇവിടെ പന്ത്രണ്ടു രാശികളെന്നു പ്രസ്താവിച്ചിരിക്കുന്നത് പന്ത്രണ്ടു ആത്മീയ പരിഷ്ക്കർത്താക്കളുടെ കാലഘട്ടമായി ഹദ്റത്ത് റസൂൽ തിരുമേനി തന്റെ സഹാബാക്കളെ അസ്ഹാബിക്ക ന്നൂജുമി - എന്നു പറഞ്ഞ് കൊണ്ട് നക്ഷത്രങ്ങളുമായി ഉപമിച്ചിരിക്കുന്നത് ഇവിടെ സ്മർത്തവ്യമാണ്.

അല്ലാഹു മറ്റൊരിടത്ത് മറ്റൊരുദാഹരണം വിവരിച്ചുകൊണ്ട് ഇപ്രകാരം അരുൾ ചെയ്യുന്നു. (സൂര്യാസ്തമനത്തിനുശേഷം ചക്രവാളത്തിൽ കാണപ്പെടുന്ന) സുവർണ്ണ ശോഭയെക്കൊണ്ടും അന്ധകാര നിബിഢമായ രാവിനെക്കൊണ്ടും അതുൾക്കൊള്ളുന്ന സ്ഥിതി വിശേഷത്തെക്കൊണ്ടും പൗർണ്ണമിയാകുമ്പോഴുള്ള പൂർണ്ണ ചന്ദ്രനെക്കൊണ്ടും ഞാൻ സത്യം ചെയ്യുന്നു. അഥവാ ഞാൻ അവയെ സാക്ഷ്യപ്പെടുത്തുന്നു. (84:17-19)

ഇവിടെ അല്ലാഹു മൂന്നു കാര്യങ്ങളെയാണ് സാക്ഷ്യപ്പെടുത്തുന്നത്. 1- സൂര്യാസ്തമനത്തിനുശേഷം ചക്രവാളത്തിൽ കാണപ്പെടുന്ന അരുണ വർണ്ണം. 2. അന്ധകാര നിബിഢമായ രാവ് (3) പതിനാലാം രാവിലെ പൂർണ്ണ ചന്ദ്രൻ.

ഇവിടെ ചിന്താർഹമായ വിഷയം പൗർണ്ണമി രാത്രിയിൽ ചക്രവാളത്തിൽ കാണപ്പെടുന്ന അരുണ വർണ്ണത്തോടുകൂടി പൗർണമി പ്രത്യക്ഷമാകുന്നു എന്നതാണ്. എന്നാൽ പൗർണമി രാത്രിയിൽ അന്ധകാര നിബിഢമായ രാത്രിയുണ്ടാകുന്നില്ല.ആ രാത്രിയിൽ അന്ധകാരം അപ്രത്യക്ഷമാകുകയാണ് ചെയ്യുന്നതും. ആയത്തുകളിൽ പ്രത്യക്ഷത്തിൽ ക്രമീകരണം കാണപ്പെടുന്നില്ല എന്നത് ഒരു യാഥാർഥ്യം മാത്രമാണ്. ആദ്യമായി ചക്രവാളത്തിൽ സൂര്യാസ്തമന ശോഭ കാണപ്പെടുന്നു. പിന്നെ അന്ധകാരം നിറഞ്ഞ രാത്രിയുണ്ടാകുന്നു. അതോടൊപ്പം പൂർണ ചന്ദ്രൻ പ്രത്യക്ഷമാകുകയും ചെയ്യുന്നു. ഈ മൂന്നും ഒരിക്കലും ബന്ധിതങ്ങളാകുന്നില്ല. അസംഭവ്യമാണിത്. എന്നാൽ, ഇതിന് ആത്മീയമായ പരിവേഷം നൽകപ്പെടുന്നെങ്കിൽ മാത്രമേ യാഥാർഥ്യം വ്യക്തമാകുകയുള്ളൂ. സൂര്യാസ്തമനത്തിനു ശേഷം ചക്രവാളത്തിൽ കാണപ്പെടുന്ന സുവർണ ശോഭയിലേക്ക് ഹദ്റത്ത് നബി കരീം (സ) തിരുമേനിയുടെ ഹദീസ് വെളിച്ചം വീശുന്നു. അതായത് 'ഖൈറുൽ ഖുറൂനി ഖർനീ ഥുമ്മല്ലദീന യലുനഹൂം ഥുമ്മ ല്ലദീന യലൂനഹും' നൂറ്റാണ്ടുകളിൽ വെച്ച് ഏറ്റവും ശ്രേഷ്ഠമായത് എന്റെ നൂറ്റാണ്ടാണ് പിന്നെ അതിനോടനുബന്ധിച്ചതും പിന്നെ അതിനോടനുബന്ധിച്ചതും ആയിരിക്കും (ബുഖാരി)

അങ്ങനെ റസൂൽ തിരുമേനിയുടെ വിയോഗത്തിനു ശേഷം മൂന്നു നൂറ്റാണ്ടുകൾ ആത്മീയമായ അരുണാഭമായ വാനത്തിന്റെ ശ്രേഷ്ഠമായ കാലഘട്ടമാണ്. അതിനു ശേഷമുള്ള അന്ധകാരം നിറഞ്ഞ രാവ് ആയിരം വർഷങ്ങൾ ഉൾകൊണ്ട താണെന്ന് വിശുദ്ധ ഖുർആൻ (32:6) അരുൾ ചെയ്യുന്നു.

ഇസ്‌ലാമിൽ അതിന്റെ നാമവും ഖുർആനിൽ അതിന്റെ ലിപിയും മാത്രം അവശേഷിക്കുകയും പള്ളികൾ ജനനിബിഢമായിരിക്കുമെങ്കിലും ഹിദായത്തിൽ നിന്നും ശൂന്യമായിത്തീരുകയും അവരുടെ (നാമമാത്ര മുസ്‌ലിം കളുടെ) പണ്ഡിതൻമാർ ആകാശത്തിനു കീഴിൽ നാശകാരികളായി ഭവിക്കുകയും ചെയ്യുമെന്ന് നബി തിരുമേനി (സ) പ്രവചിച്ച ഈ അന്ധകാര നിബിഢമായ കാലത്തെക്കുറിച്ച് ഫൈജ് അഅ്വജ് എന്നും പറയപ്പെടുന്നു. അങ്ങനെ മുന്നൂറു വർഷത്തെ അസ്തമന ശോഭക്കും ആയിരം വർഷത്തെ ആത്മീയാന്ധകാരം നിറഞ്ഞ രാവിനും ശേഷം 'വൽഖമറി ഇദത്തസഖ' എന്ന ആയത്തനുസരിച്ച് പൗർണമി പ്രത്യക്ഷമാകുന്നു. ഈ പരിപൂർണ ചന്ദ്രൻ ഹസ്റത്ത് നബി കരീം (സ) തിരുമേനിയാകുന്നു സിറാജു മുനീറിന്റെ പ്രതിബിംബവും പ്രതിച്ഛായയുമായവതരിക്കുന്ന ഹദ്റത്ത് മഹ്ദീ മസീഹായിരിക്കും. ചുരുക്കത്തിൽ ശഫ്ഖ്, ലൈൽ, ഖമർ എന്നിവയുടെ ക്രമം മനസ്സിലാക്കിത്തരുന്നത് ഈ മൂന്നും ഭൗതികമല്ല, ആത്മീയാർത്ഥത്തിലുള്ളതാണെന്നാണ്.

ഇന്നത്തെ മുസ്‌ലിം പണ്ഡിതൻമാരും അവരുടെ സിൽബന്ധികളും വിശുദ്ധ ഖുർആനിൽ ഹദ്റത്ത് നബി കരീം (സ) തിരുമേനിയെ പ്രകീർത്തിച്ചുകൊണ്ടു പ്രതിപാദിക്കപ്പെട്ട വിശിഷ്ട ഗുണങ്ങളെ തീരെ അവഗണിച്ചുകൊണ്ട് നബി തിരുമേനിയെ കുറിച്ച് വിശുദ്ധ ഖുർആൻ വിശേഷിപ്പിക്കാത്ത 'അന്ത്യ പ്രവാച

കൻ' 'അവസാനത്തെ നബി' എന്നീ ഗുണ വിശേഷങ്ങൾക്കാണ് അധികമായി ഊന്നൽ നൽകിക്കൊണ്ടിരിക്കുന്നത്. അതായത് അവരുടെ വീക്ഷണത്തിൽ ഈ ഗുണ നാമങ്ങൾക്കു മാത്രമേ വല്ല പ്രധാന്യവും കൽപ്പിക്കുന്നുള്ളൂവെന്നത് അത്യധികം ഖേദകരമാണ്.

ഹദ്റത്ത് വാഗ്ദത്ത മഹ്ദീ മസീഹ് (അ)എഴുതുന്നു. 'മുസ്ലിംകളിൽ അൽപജ്ഞാനികളും ഭാഗ്യ ദോഷികളുമായവർ അവന്റെ (അല്ലാഹുവിന്റെ) ഹുസ്നൊ ഇഹ്സാ (ദൈവിക സൗന്ദര്യം)ന്റേയും ഔദാര്യത്തിന്റേ യും പരിപൂർണതയെ നിഷേധിക്കുന്നവരാണ്. ഒരു ഭാഗത്ത് അവന്റെ സൃ ഷ്ടിയെ അവനു മാത്രമുള്ള പ്രത്യേക ഗുണ വിശേഷങ്ങളിൽ പങ്കുകാരാക്കിക്കൊണ്ട് ദൈവത്തിന്റെ ഏകത്വത്തിന് കളങ്കമേൽപ്പിക്കുകയും അവന്റെ വഹ്ദാനിയത്തിന്റെ പ്രകാശ ചൈതന്യത്തെ അ ന്ധകാരമായി മാറ്റുകയും ചെയ്യുന്നു.

കൂടാതെ മറു ഭാഗത്ത് റസൂൽ തിരുമേനി (സ)യുടെ നിരന്തരവും നിസ്തുലവുമായ അനുഗ്രഹത്തിൽ നിന്നും സ്വയം നഷ്ടപ്പെട്ടവരായി കരുതുകയാണ് ചെയ്യുന്നതും. അതായത് റസൂൽ തിരുമേനി (സ) ജീവനും ചൈതന്യവും ഉള്ള ദീപമല്ലെന്നും മറ്റാരും തന്നെ അതിൽ നിന്നും പ്രകാശം ഉൾക്കൊള്ളാൻ സാധിക്കാത്ത രീതിയിൽ അതു പൊലിഞ്ഞു പോയിരിക്കുന്നുവെന്നും കരുതുന്നു. മൂസാനബി ഒരു ജീവസ്സുള്ള നബിയായിരുന്നുവെന്നും ആ ദീപത്തിൽ നിന്നും നൂറുക്കണക്കിലുള്ള പ്രവാചക ദീപങ്ങൾ ഉണ്ടായിരുന്നുവെന്നം അതേ പ്രകാരം മുപ്പതു വർഷക്കാലം അദ്ദേഹത്തെ പിൻപറ്റിയ ഈസാ മസീഹ് തൗറാത്തിലെ കൽപനകളനുസരിച്ച് മൂസാനബി(സ)യുടെ ശരീഅത്തിനെ ശിരസാ വഹിച്ചത് നിമിത്തം അദ്ദേഹത്തിന് നുബുവത്താകുന്ന അനുഗ്രഹം ലഭിച്ചുവെന്നും ഇവർ ഏറ്റു പറയുന്നു. എന്നാൽ, നമ്മുടെ യജമാനനായ മുഹമ്മദ് നബി (സ)യെ അനുസരിക്കുകയും അനുഗമിക്കുകയും ചെയ്യുന്നത് കൊണ്ട് ആർക്കും തന്നെ ഒരാത്മീയാനുഗ്രഹവും ലഭ്യമായിരുന്നില്ല എന്നിവർ കരുതുന്നു. മറിച്ച് ഒരു ഭാഗത്ത് 'മാ കാന മുഹമ്മദുൻ അബാ അഹ്ദിൻ മിൻ രിജാലിക്കും' എന്നു പറഞ്ഞു കൊണ്ട് തിരുനബി ഒരു പുരുഷ സന്താനത്തിന്റേയും പിതാവല്ല എന്നു പറയുന്നതോടൊപ്പം മറു ഭാഗത്ത് അദ്ദേഹത്തിന്റെ ആത്മീയ പരിപൂർത്തികളുടെ അവകാശിയായ ഒരാത്മീയ സന്തതിയും അദ്ദേഹത്തിനുണ്ടാകുന്നതല്ല എന്ന് വിശ്വസിക്കുന്നു. അങ്ങനെ ഇവരുടെ പക്കൽ വലാകിൻ റസൂലല്ലാഹി വഖാതമന്നബിയ്യീൻ എന്ന ദൈവ വചനം അർത്ഥ ശൂന്യമായതായിത്തീരുന്നു.

അറബി ഭാഷയിൽ 'ലാകിൻ' എന്ന പദം ഇസ്തിദ്റാകാനായി (സംശയ നിവാരണത്തിനായി) ട്ടാണ് വരുന്നത്. അതായത് ലഭിക്കാത്ത ഒരു കാര്യം കരഗതമാക്കുന്നതിനായി മറ്റൊരു വിധത്തിലുള്ള അറിവു നൽകപ്പെടുന്നു. ഇതനുസരിച്ച് പ്രസ്തുത ആയത്തിന്റെ അർത്ഥം , റസൂൽ തിരുമേനിക്ക് പുരുഷ സന്തതിയായിട്ട് ആരുമില്ലെങ്കിലും അദ്ദേഹത്തിനു ധാരാളം ആത്മീയ സന്തതികൾ ഉണ്ടാകുമെന്നും അദ്ദേഹം നബി മാർക്ക് കൂടി മുദ്രയായിരിക്കുമെന്നുമായിരുന്നു. ഭാവിയിൽ ഒരു വിധത്തിലുള്ള നുബുവ്വത്തും നബി തിരുമേനി(സ)യോടുള്ള അനുസരണം എന്ന സാക്ഷ്യ മുദ്രയില്ലാതെ ആർക്കും തന്നെ ലഭിക്കുന്നതല്ല. പ്രസ്തുത ആയത്തിന്റെ അർ ത്ഥമാണിത്. ഇതിനെ മാറ്റി മറിച്ചുകൊണ്ട് ഭാവിയിലുണ്ടാകാനിരിക്കുന്ന നുബുവ്വത്താകുന്ന അനുഗ്രഹത്തെ നിഷേധിക്കുകയാണ് ഇക്കൂട്ടർ ചെയ്യുന്നത്. എന്നാൽ, ഈ നിഷേധം റസൂൽ തിരുമേനിക്ക് അത്യന്തം അപമാനവും അവഹേളനവും ആണ് എന്ന യാഥാർഥ്യം ഇവർ മനസ്സിലാക്കുന്നില്ല.

റസൂൽ തിരുമേനിയുടെ പൂർണതയും ശ്രേഷ്ഠതയും നില കൊള്ളുന്നത് അദ്ദേഹത്തിന്റെ നുബുവ്വത്തിന്റെ പ്രതിച്ഛായയെന്നോണം മറ്റുള്ളവർക്കും ഈ പദവി ലഭിക്കുമെന്നതിലും ആത്മീയമായ രീതിയിൽ മറ്റുള്ളവർക്ക് ശിക്ഷണം നൽകുന്നതിലും സംരക്ഷിക്കുന്നതിലുമാണ്. ഇത്തരത്തിലുള്ള ശിക്ഷണത്തിലും പരിപാലനത്തിന്നും വേണ്ടിയാണ് പ്രവാചകൻമാർ അവതരിക്കുന്നത്. ഒരു മാതാവിനെപ്പോലെ സത്യാന്വേഷികളെ തന്റെ മടിയിലിരുത്തിക്കൊണ്ട് ദൈവത്തെ കണ്ടറിയാനുള്ള 'ഇർഫാനെ ഇലാഹി' എന്ന പാൽ കുടിപ്പിക്കപ്പെടുന്നു. റസൂൽ തിരുമേനിയുടെ പക്കൽ ഈ പാൽ ഇല്ലായിരുന്നുവെങ്കിൽ അദ്ദേഹത്തിന്റെ നബിത്വം തന്നെ സ്ഥാപിതമാകുന്നില്ല. എന്നാൽ, അല്ലാഹു വിശുദ്ധ ഖുർആനിൽ അവിടത്തെ പേർ സിറാജുൻ മുനീർ (മറ്റുള്ളവർക്ക്വെളിച്ചം തരുന്ന ദീപം) എന്നു വെച്ചിരിക്കുന്നു. അതായത് അവിടുന്നു തന്റെ പ്രകാശത്തിന്റെ പ്രഭാവം കൊണ്ട് മറ്റുള്ളവരേയും തന്നെപ്പോലെ പ്രകാശമുള്ളവരാക്കിത്തീർക്കുന്നു.

റസൂൽ തിരുമേനി (സ)ക്ക് ഈ മാഹാത്മ്യം-ആത്മീയ ചൈതന്യം- ലഭ്യമായിരുന്നില്ലെങ്കിൽ പിന്നെ ലോകത്ത് അദ്ദേഹത്തിന്റെ നിയോഗം തന്നെ വ്യർത്ഥമാണെന്നും (നഊദുബില്ലാഹ്) പറയേണ്ടി വരും. മറുഭാഗത്ത് (നഊദു ബില്ലാ) അല്ലാഹുവും അവന്റെ ദാസൻമാരെ വഞ്ചിക്കുന്നവനാണെന്നു വരും. അതായത് നുബുവ്വത്തിന്റെ മാഹാത്മ്യങ്ങൾ നിങ്ങൾക്ക് ലഭിക്കുവാനായി ഒരു ദുആ (ഇഹ്ദിനസ്സിറാത്തൽ ...) പഠിപ്പിച്ചു തരുന്ന അല്ലാഹു ഈ അനുഗ്രഹങ്ങൾ ഒരിക്കലും നിങ്ങൾക്ക് നൽകാൻ ഇഷ്ടപ്പെടുന്നില്ല എന്നും അവൻ നിങ്ങളെ എന്നെന്നേക്കുമായി അന്ധകാരത്തിലേക്ക് തള്ളിവിടാനാണിച്ഛിക്കുന്നതെന്നും കരുതേണ്ടി വരും.

എന്നാൽ, അല്ലയോ, മുസ്ലിംകളേ! നിങ്ങൾ ജാഗരൂകരായിരിക്കുക. ഈ ചിന്താഗതി തികച്ചും അജ്ഞതയും മൗഢ്യവുമാണ്. ഇസ്ലാം ഇത്തരത്തിലുള്ള ഒരു നിർജ്ജീവ മതമാണെങ്കിൽ നിങ്ങൾക്ക് ഏതൊരു

*(ശേഷം 19-ാം പേജിൽ)*

ലേഖനം

അബോറിജിനുകളുടെ മതവിശ്വാസം (തുടർച്ച)

# അബോറിജിനുകളുടെ സ്വപ്ന വ്യാഖ്യാനവും മാന്ത്രികവിദ്യയും

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

**അബോറിജിനുകളുടെ സ്വപ്ന വ്യാഖ്യാന സമ്പ്രദായങ്ങളെക്കുറിച്ചും മാന്ത്രിക വിദ്യയെ സംബന്ധിച്ചും ക്രിസ്ത്യാനികളായ പാശ്ചാത്യ ഗവേഷകർ വെച്ചു പുലർത്തുന്ന നിഗമനങ്ങൾ ബഹിർഭാഗസ്ഥവും, അവാസ്തവവും സർവ്വോപരി അസംബന്ധങ്ങളുമാണ്**

അബോറിജിനുകളുടെ വിശ്വാസത്തിലെ ദിവ്യത്വത്തെക്കുറിച്ചുള്ള അനിഷേധ്യമായ തെളിവുകളിൽ നിന്നും രക്ഷപ്പെടാൻ വേണ്ടി ഹോവിറ്റ് വിഷയത്തിൽ ആകപ്പാടെ ആശയക്കുഴപ്പമുണ്ടാക്കകയാണ്. ഹോവിറ്റ് പറയുന്നു:

''ഈ അബോറിജിനുകൾക്ക് ബോധപൂർവ്വം ഏതെങ്കിലും രൂപത്തിലുള്ള മതമുണ്ടോ എന്ന് ആരോപിക്കാൻ സാധ്യമല്ല.'' [3]

പരിണാമ വാദികളുടെ ഭാഗത്ത് നിന്നും അനിവാര്യമായുണ്ടാകേണ്ട രക്ഷപ്പെടലിന്റെ നിരാശാജനകമായ മറ്റൊരു ശ്രമമാണിത്. ഹോവിറ്റ് മുന്നോട്ടുവെക്കുന്ന വസ്തുതകൾ വിഷയത്തിന് അന്തിമ തീർപ്പ് നൽകുന്നില്ല എന്ന് മാത്രമല്ല ചർച്ച ചെയ്യുന്ന വിഷയത്തെ സംബന്ധിച്ചേടത്തോളം ആ വസ്തുതകൾ അപ്രസക്തവുമാണ്. സോഷ്യോളജിസ്റ്റുകൾ അഭിമുഖീകരിച്ചിരുന്ന ലളിതമായ ചോദ്യം അബോറിജിനുകളെപോലെ നൂറുകണക്കിന് ഉപഗോത്രങ്ങളായി വിഭജിച്ചു നിൽക്കുന്ന ഒരു പ്രാചീന സമൂഹത്തിൽ, അവർ തമ്മിൽ യാതൊരു വിനിമയ ബന്ധങ്ങളുമില്ലാതിരിക്കെ എങ്ങനെയാണ്, എല്ലാ ഗോത്രത്തിലും സ്വതന്ത്രമായ നിലയിൽ അനശ്വരനും പരമോന്നതനുമായ ഒരു അസ്തിത്വത്തെക്കുറിച്ചുള്ള ബോധമുണ്ടായത്? മാത്രമല്ല ദൈവം എന്ന ആശയം ക്രമേണ പരിണമിച്ചുണ്ടായതാണ് എന്ന അവരുടെ വാദത്തിന് എന്ത് യുക്തിപരതയാണ് ഉള്ളതെന്നും കൂടി അവർ മറുപടി പറയേണ്ടതുണ്ടായിരുന്നു.

മാന്ത്രിക വിദ്യയാൽ മരിക്കുന്നില്ലെങ്കിൽ തങ്ങളും ദൈവത്തെപോലെ ആയിത്തീരും എന്ന് എല്ലാ അബോറിജിനുകളും വിശ്വസിക്കുന്നു എന്ന ഹോവിറ്റിന്റെ നെടുനീളൻ വാദമുഖം നാം അംഗീകരിക്കുകയാണെങ്കിൽ തന്നെ അത് അദ്ദേഹത്തിന് യാതൊരു രക്ഷാമാർഗ്ഗവും ഉണ്ടാക്കിക്കൊടുക്കുന്നില്ല. ദൈവ വിശ്വാസം ക്രമേണ പരിണമിച്ചുണ്ടായതാണെന്ന സോഷ്യോളജിസ്റ്റുകളുടെ വിശ്വാസത്തെ അത് യാതൊരർത്ഥത്തിലും പിന്തുണക്കുന്നില്ല. ഈ രണ്ട് വ്യത്യസ്തമായ പ്രശ്നങ്ങളിലും ഹോവിറ്റിനെ പോലെയുള്ള ഒരു പണ്ഡിതന്റെ പ്രതിഭ ആശയക്കുഴപ്പത്തിലാകുന്നത് ആരേയും അത്ഭുതപ്പെടുത്തും. ബഹുദൈവങ്ങളെ ആരാധിച്ചിരുന്ന പ്രാകൃതമായ അന്ധ വിശ്വാസത്തിൽ നിന്നും അവസാനം ഏക ദൈവ വിശ്വാസത്തിലേക്കു പരിണമിച്ചു എന്ന വാദം മനുഷ്യൻ ദൈവമായി മാറാനുള്ള സാധ്യതകളെ പറ്റിയുള്ള മിഥ്യാസാങ്കല്പിക ചർച്ചയല്ലാതെ മറ്റൊന്നുമല്ല. മരണത്തോടെ മനുഷ്യ ജീവിതം അവസാനിക്കുന്നില്ല എന്ന അബോറിജിനുകളുടെ വിശ്വാസമായിരുന്നു ഈ സങ്കല്പത്തിന്നാധാരം. ഈ അബോറിജനൽ വീക്ഷണത്തെ അതുപോലെയുള്ള ബൈബിൾ പഴയ നിയമത്തിലെ ആദമിന്റേയും ഹവ്വയുടെയും സർപ്പത്തിന്റെ കഥയുമായി ബന്ധിപ്പിക്കുന്നതായിരിക്കാം ഏറ്റവും നല്ലത്. സർപ്പത്തിന്റെ ന്യായ വാദമനുസരിച്ച് ആദമിനേയും ഹവ്വായേയും വിലക്കപ്പെട്ട വൃക്ഷത്തിലെ കനി ഭക്ഷിക്കുന്നതിൽ നിന്നും ദൈവം തടഞ്ഞു. കാരണം അവരും അനന്തത പങ്കുവെച്ച് ദൈവത്തെ പോലെ ആയിത്തീരും എന്നതു കൊണ്ടായിരുന്നു. പ്രാകൃതരായ അബോറിജിനുകളുടെ വീക്ഷണവും യഹൂദ ക്രൈസ്തവരുടെ വിശ്വാസവും തമ്മിലുള്ള ഈ സാമ്യം അബോറിജിനുകളുടെ മതവിശ്വാസങ്ങളെ പരമ്പരാഗത മതങ്ങൾ എന്ന നിലക്ക് ജൂഡോ ക്രിസ്ത്യൻ മതങ്ങളുമായി കൂടുതൽ അടുപ്പിക്കുന്നു. ഈ പ്രകടമായ തെളിവ് രേഖപ്പെടുത്തുന്നതിൽ ഹോവിറ്റ് പരാജയപ്പെട്ടു എന്നത് വാസ്തവത്തിൽ ആ

രെയും അത്ഭുതപ്പെടുത്തുന്നതാണ്.

സ്രഷ്ടാവും സൃഷ്ടിയും തമ്മിൽ വ്യക്തമായ ഒരു വിഭജനരേഖ വരക്കുക എന്നത് ഒരു അബോറിജിനൽ രീതിയാണ്. ഇത് നൽകുന്ന സന്ദേശം ഇതാണ്: അതായത് ഭൂതവുമായി താരതമ്യം ചെയ്യുമ്പോൾ മാത്രമല്ല സ്രഷ്ടാവ് അനശ്വരനാകുന്നത് ഭാവിയെ സംബന്ധിച്ചും അവൻ ശാശ്വതനാണ് അവൻ മാത്രമാണ് ഈ ഗുണത്തിനുടയവനായ ഒരേയൊരുവൻ. ഭാവിയുമായി താരതമ്യം ചെയ്യുമ്പോൾ ഒരു മനുഷ്യനും തന്നെ ശാശ്വതനാവാൻ സാദ്ധ്യമല്ല. കാരണം എല്ലാ മനുഷ്യരും നശ്വരരാണ്. ഇത് അബോറിജിനുകളെ ഏക ദൈവ വിശ്വാസികളായ എല്ലാ മതസ്ഥരുടേയും പക്ഷം ചേർക്കുന്നു. അത്തരം മതസ്ഥർ ആണ് ദൈവം മാത്രമാണ് ഏകനും ശാശ്വതനും എന്നെന്നും ജീവിക്കുന്നവനെന്നുമുള്ള വിശ്വാസം പങ്കിടുന്നത്.

അബോറിജിനുകൾക്ക് എന്തെങ്കിലും മത വിശ്വാസം ഇല്ലെന്ന് സ്ഥാപിക്കാനുള്ള ഉത്സാഹത്തിൽ അവരിൽ യാതൊരുവിധ ആരാധനകളുടെ അടയാളമോ ബലികർമ്മത്തിന്റെ ചിഹ്നമോ ഇല്ല എന്ന് അദ്ദേഹം വീണ്ടും വാദിക്കുന്നു. ഹോവിറ്റിന്റെ ഈ നിരീക്ഷണം വിമർശനാത്മകമായി വിലയിരുത്താനുള്ള യാതൊരു പ്രസക്തിപോലും ഇല്ലാത്തതാണ്. അദ്ദേഹം അവരുടെ വിശ്വാസത്തെ മതമെന്നോ അല്ലെന്നോ വിളിച്ചുകൊള്ളട്ടെ. പക്ഷേ അവർ പരമോന്നതനും ശാശ്വതനുമായ ഒരു സ്രഷ്ടാവിൽ വിശ്വസിക്കുന്നു എന്ന് സമ്മതിക്കുമ്പോൾ ദൈവ വിശ്വാസം ക്രമേണ പരിണമിച്ചുണ്ടായതാണെന്ന സോഷ്യോളജിസ്റ്റുകളുടെ സിദ്ധാന്തത്തെ അപ്രസക്തമാക്കുന്നതിൽ വിജയിക്കുക മാത്രമാണ് ചെയ്യുന്നത്.

അബോറിജിനുകൾ വിശ്വസിക്കുന്ന ഉന്നത ദൈവങ്ങളെ അവർ ആരാധിക്കുകയോ അവർക്ക് ബലിയർപ്പിക്കുകയോ ചെയ്യുന്നതിന് തെളിവില്ല എന്ന ഹോവിറ്റിന്റെ വാദം വിലയിരുത്തുമ്പോൾ മുഖവിലക്കെടുക്കുവാൻ സാധ്യമല്ല. അബോറിജിനുകളുടെ മതപരമായ പല ആചാരങ്ങളും മിക്ക പാശ്ചാത്യൻ പണ്ഡിതന്മാരും പൂർണ്ണമായും തെറ്റിദ്ധരിച്ചിരിക്കുകയാണ് എന്ന കാര്യം ശ്രദ്ധേയമാണ്. അബോറിജിനുകൾക്ക് സ്വപ്നം കാണുന്ന സ്വഭാവമുണ്ടെന്ന പാശ്ചാത്യപണ്ഡിതന്മാർ പറയുന്ന കാര്യങ്ങൾ അബോറിജിനുകൾ തങ്ങളെപ്പറ്റി സ്വയം വിശ്വസിക്കുന്ന കാര്യങ്ങളല്ല.

സ്വപ്നത്തിന്റെ യഥാർത്ഥ അവസ്ഥയെ പറ്റി വിവരമുള്ള അബോറിജിൻ നേതാക്കന്മാരിൽപ്പെട്ട ഒരാളിൽ നിന്നും കൂടികാഴ്ചയിലൂടെ അറിയാനുള്ള അവസരം ഈ ഗ്രന്ഥകർത്താവിനുണ്ടായി. അബോറിജിനുകളെപ്പറ്റി എഴുതപ്പെട്ട എല്ലാ പാശ്ചാത്യ സാഹിത്യങ്ങളിലും സ്വപ്നത്തെപ്പറ്റിയുള്ള പരാമർശം കാണാവുന്നതാണ് എന്ന കാര്യം ശ്രദ്ധേയമാണ്. അവരുടെ വിശ്വാസകാര്യങ്ങളെപ്പറ്റി ചർച്ച ചെയ്യാൻ വേണ്ടി നടത്തിയ ശ്രമങ്ങൾ ഒടുവിൽ വിജയിക്കുകയുണ്ടായി. അദ്ദേഹം അബോറിജിനുകളല്ലാത്ത ആരോടും വിശ്വാസകാര്യങ്ങൾ പങ്ക് വെക്കാൻ ഇഷ്ടപ്പെട്ടിരുന്നില്ല.

ഈപരാങ്ങ് മുഖത്വമാണ് അബോറിജിനുകളുടെ ജീവിതത്തെപ്പറ്റിയും ചരിത്രത്തെപ്പറ്റിയും അന്വേഷിക്കുന്ന വിദേശികൾക്ക്, അവരുടെ വിശ്വാസത്തെ പറ്റി തെറ്റിദ്ധാരണകളും തെറ്റായ ചിത്രീകരണങ്ങളും ഉണ്ടാക്കാൻ കാരണമായത്. അദ്ദേഹവുമായി നല്ല ഒരു ബന്ധം സ്ഥാപിച്ചതിനു ശേഷം ശേഖരിച്ചതാണ് ഈ വിവരം.

സ്വപ്നങ്ങൾ എന്നത് അവർക്ക് ദൈവവുമായുള്ള ആശയവിനിമയോപാധി മാത്രമാണ്. സ്വപ്നത്തിലൂടെ അവർ അവരുടെ ജീവിതത്തിലെ പ്രധാനപ്പെട്ട സംഭവങ്ങൾ പ്രവചിക്കുന്നു. അവർക്ക് മതപരമായ ഒരു പൗരോഹിത്യ ശൃംഖലയുണ്ട്. സ്വപ്ന വ്യാഖ്യാന ശാസ്ത്രത്തിൽ വിദഗ്ധരായ നേതാക്കന്മാർ അടങ്ങിയതാണ് അവരുടെ ഈ പൗരോഹിത്യ ശൃംഖല. അവരുടെ അത്തരം നേതാക്കന്മാർക്ക് മറ്റുള്ളവരുമായോ പുറമേ നിന്നുള്ളവരുമായോ യാതൊരു ബന്ധവുമുണ്ടാകില്ല. അബോറിജിനുകളല്ലാത്തവരുമായുള്ള അവരുടെ ബന്ധം തടയപ്പെടുന്നു. സ്വപ്നം ഈ പുരോഹിതന്മാരുടെ മുമ്പിൽ സമർപ്പിക്കപ്പെടുന്നു. സ്വപ്നം കണ്ടയാൾക്ക് പോലും പലപ്പോഴും സ്വപ്നത്തിലുള്ള സന്ദേശത്തെപ്പറ്റി യാതൊന്നുമറിയില്ല എന്ന് വരും. എന്നിരുന്നാലും സ്വപ്ന വ്യാഖ്യാതാവ് സ്വപ്നത്തിലുള്ള ആന്തരിക സന്ദേശം വായിച്ചെടുക്കുന്നു. മിക്കപ്പോഴും അയാൾ പറയുന്നത് ശരിയാണെന്ന് തെളിയിക്കപ്പെടുന്നു. സ്വപ്ന വ്യാഖ്യാതാവ് പറഞ്ഞത് സത്യമാണോ എന്നും അതുപോലെ സ്വപ്നം സംബന്ധമായ ഈ സ്ഥാപനത്തിന്റെ സത്യതയും പരിശോധിക്കപ്പെടേണ്ട അനന്തര സംഭവങ്ങളാണ്.

അവരുടെ മതവിശ്വാസവും നടപടിക്രമങ്ങളും അതുപോലെ യഥാർത്ഥത്തിൽ യാതൊരു പ്രാധാന്യവുമില്ലാത്ത അവരുടെ ആചാരങ്ങളും അന്ധവിശ്വാസങ്ങളും തമ്മിൽ വ്യക്തമായ വിഭജന രേഖ വരക്കേണ്ടതുണ്ട്. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും പൊതു പാരമ്പര്യം അവകാശപ്പെടാനാകാത്ത വിധം ഗോത്രങ്ങൾ തോറും വ്യത്യസ്തമാണ്. എന്നാൽ സ്വപ്നത്തെപ്പറ്റിയുള്ള വിഷയം തികച്ചും മറ്റൊന്നാണ്. അത് എല്ലാവരിലും ഒരു പോലെ കാണപ്പെടുന്നു. ഏക ദൈവത്തിലുള്ള വിശ്വാസം പോലെ ദൈവികാദ്ധ്യാപനത്തിനുള്ള ഉപാധി എന്ന നിലക്ക് സ്വപ്നങ്ങളിലുള്ള അവരുടെ വിശ്വാസം എല്ലാവരും ഒരുപോലെ പങ്കുവെക്കുന്ന ഒന്നാണ്. പല വിഷയങ്ങളിലുമുള്ള അവരുടെ ഗാഢമായ ധ്യാനത്തെത്തുടർന്നാണ് അവർക്ക് സ്വപ്നങ്ങളുണ്ടാവുന്നത്. അതുകൊണ്ട് ഈ സ്വപ്നങ്ങൾ അവരുടെ പ്രാർത്ഥനയുടെ മറ്റൊരു പേരല്ല. അതു കാരണം അവരുടെ ധ്യാനം ബുദ്ധമതക്കാരുടേതിൽ നിന്നും വേറിട്ടുനിൽക്കുന്നു. അബോ

റിജിനുകളുടെ ധ്യാനത്തിന്റെ ഫല മായി അതിന്റെ ഉത്തരമെന്നോണ മാണ് അവർക്ക് സ്വപ്നങ്ങളുണ്ടാവുന്നത്. സ്വപ്നത്തെ സംബന്ധിച്ച് അബോറിജിനുകൾക്ക് വളരെ ശക്തവും നിശ്ചിതവുമായ ചില ചിട്ടകളുണ്ട്. അതിന്റെ ഏതൊരു ലംഘനവും ശിക്ഷയർഹിക്കുന്നതായിരിക്കും.

അബോറിജിനുകളെ ഒരു മതരഹിതമായ സമൂഹമായി പുനരവതരിപ്പിക്കപ്പെടുമ്പോൾ അത് സത്യത്തിൽ നിന്നും വളരെ അകലെയാവുന്നു. മന്ത്ര വിദ്യകൊണ്ടാണ് മരണമുണ്ടാവുന്നതെന്ന അവരുടെ വിശ്വാസത്തെ സംബന്ധിച്ച് പരാമർശിക്കുമ്പോൾ ലോകത്ത് മറ്റിടങ്ങളിൽ മനസ്സിലാക്കപ്പെടുന്നത് പോലെയുള്ള അർത്ഥമല്ല ഇവിടെ മാന്ത്രികവിദ്യക്ക് (മാജിക്ക്) അവർ നൽകുന്നത്. ലോകത്ത് മറ്റെല്ലായിടത്തുമുള്ളതുപോലെ തിയേറ്ററുകളിൽ പ്രദർശിപ്പിക്കുന്ന പ്രദർശനാത്മക മാന്ത്രികവിദ്യ അബോറിജിനുകൾക്കിടയിലില്ല. ദുഷ്ടന്മാരായ മനുഷ്യർ മന്ത്രം ചൊല്ലുന്നത് കൊ ണ്ടാണ് അവർക്കിടയിൽ മരണമുണ്ടാകുന്നത് എന്ന് തീർച്ചയായും അബോറിജിനുകൾ വിശ്വസിക്കുന്നില്ല. ഈ വിഷയത്തിൽ മന്ത്രവിദ്യ എന്നതിന് പ്രകാശത്തിനെതിരായുള്ള ഇരുട്ടിന്റെ ശക്തി എന്ന ആത്മീയാർത്ഥത്തിലുള്ള പിശാചിന്റെ സ്വാധീനം എന്നതാണ് കൂടുതൽ അടുത്തു നിൽക്കുന്ന അർത്ഥം. മാന്ത്രികവിദ്യ എന്നതിന് അബോറിജിനുകളുടെ സാങ്കേതിക സംജ്ഞയിൽ പാപം എന്നാണ് അർത്ഥം. ഇക്കാര്യം വളരെ പ്രകടമാണ്. ഇത് ഗ്രഹിക്കുന്നതിൽ ആ ന്ത്രോപോളജിസ്റ്റുകളും സോഷ്യോളജിസ്റ്റുകളും എങ്ങനെ പരാജയപ്പെട്ടു എന്ന് മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ട്. മരണം എന്നത് യാതൊരാളും ഒഴിഞ്ഞുപോകാത്ത നിലയിൽ എല്ലാവരിലും പ്രവർത്തിക്കുന്ന ഒരു മാന്ത്രിക വിദ്യയാണ് എന്നായിരിക്കും അവർ മനസ്സിലാവുന്നത്. പരമോന്നത ദൈവങ്ങൾ മാത്രമാണ് ഈ നിലയിൽ നിന്നും ഒഴിഞ്ഞു നിൽക്കുന്നത്. മറ്റാരും തന്നെ അവന്റെ (ഉന്നത ദൈ വങ്ങൾ 'High Gods'എന്നാണ് അബോറിജിനുകൾ ഏകദൈവത്തെ ബഹുമാനപുരസ്സരം വിളിക്കുന്നത്) അനശ്വരതയിൽ പങ്ക് ചേരുന്നില്ല. എല്ലാ മരണം ജീവിച്ചിരിക്കുന്നവരുടെ മേൽ ചില മന്ത്രവാദികൾ അവരുടെ മന്ത്രവിദ്യകൾ പ്രയോഗിക്കുന്നത് മൂലം സംഭവിക്കുന്നതാണ് എല്ലാ മരണവുമെന്ന് യാതൊരു വിധത്തിലും അർത്ഥമാക്കുന്നില്ല. മരണം എന്നത് എല്ലാ ജീവജാലങ്ങൾക്കും ഒരുപോ ലെ ബാധകമായ ഒരു സാർവ്വത്രിക പ്രതിഭാസമാണ്. ലോകത്തിലെല്ലാവരേയും ബാധിക്കുന്ന ഈ പ്രതിഭാസത്തിൽ നിന്നും ആസ്ത്രേലിയക്കാർ മാത്രം വിട്ടുനിൽക്കുന്നില്ല. അബോറിജനുകൾക്കും ഇത് നന്നായറിയാം എന്നിരിക്കെ അവർ ഇപ്രകാരം വിശ്വസിക്കുന്നു എന്ന് ഒരാൾ കരുതുന്നത് എത്രമാത്രം ഭോഷ്ക്കാണ്? എല്ലാ മരണവും മന്ത്രവിദ്യകൊണ്ട് സംഭവിക്കുന്നതാണ് എന്ന് അബോറിജിനുകൾ വിശ്വസിക്കുന്നു എന്ന ശുദ്ധ അസംബന്ധം അവരിൽ ആരോപിക്കുക അസാദ്ധ്യമാണ്.

ഈ വീക്ഷണത്തിൽ മാന്ത്രിക വിദ്യയുടെ പ്രാധാന്യം രണ്ട് വിധത്തിൽ മാത്രമേ മനസ്സിലാക്കാൻ സാധ്യതയുള്ളൂ. ഒന്നാമത്തേത് ലോകത്തെവിടെയുമുള്ള മറ്റു ദൈവിക മതങ്ങളിൽ പ്രതിപാദിച്ചതുപോലെ ആത്മീയ മരണത്തിന് കാരണമാകുന്ന ഒരു പാപമായിട്ടായിരിക്കാം. ഈ വിധമാണെങ്കിൽ അനശ്വരനായ ദൈവത്തിന്റെ അസ്തിത്വത്തെപ്പറ്റി മത ഗ്രന്ഥങ്ങളുള്ള ജനതകളെ പ്രബുദ്ധമാക്കിയ അതേ സ്രോതസ്സിൽ നിന്ന് തന്നെയായിരിക്കണം അവർക്കും ഈ ആശയം ലഭിച്ചത്.

അവരിൽ ആരോപിക്കാൻ കഴിയുന്ന മാന്ത്രികവിദ്യയുടെ രണ്ടാമത്തെ ലളിതമായ അർത്ഥം ഇതായിരിക്കും. അതായത് അവർക്ക് വിശദീകരിക്കാൻ കഴിയാത്തതായി അവർ കാണുന്നതെല്ലാം അവരെ സംബന്ധിച്ചേടത്തോളം മാന്ത്രിക വിദ്യയാണ്. അവർക്ക് ഉത്തരം പറയാൻ സാധിക്കാത്തതെല്ലാം മാന്ത്രിക വിദ്യയുടെ മേഖലയിലേക്ക് മാറ്റപ്പെടും. അതിന്റെ ലളിതമായ അർത്ഥം 'അറിയപ്പെടാത്ത രഹസ്യം' (Mystery) എന്നാണ്. അനശ്വരതയേയും നശ്വരതയേയും അതുപോലെ സ്രഷ്ടാവിനേയും സൃഷ്ടിയേയും വേർതിരിക്കുന്ന വിഭജന രേഖയാണ് സാർവ്വ ത്രികവും അനിവാര്യവുമായി കാണപ്പെടുന്ന മരണം. ഈ അറിയപ്പെടാത്ത രഹസ്യത്തെ (മിസ്റ്ററിയെ) അബോറിജിനുകൾ മാന്ത്രിക വിദ്യ എന്നു വിളിക്കുന്നു. എന്നിരുന്നാൽ തന്നെയും മാന്ത്രിക വിദ്യ എന്ന പദം ഈയൊരർത്ഥത്തിൽ മാത്രം പരിമിതമായിരുന്നില്ല. നിത്യജീവിതത്തിൽ അവ്യാഖ്യേയമായി അവർ കാണുന്ന അനുഭവങ്ങളെയെല്ലാം അവർ 'മാന്ത്രിക വിദ്യ' എന്നായിരുന്നു വിശേഷിപ്പിച്ചിരുന്നത്.

സരതുഷ്ട മതത്തിൽ പ്രകാശവും അന്ധകാരവും തമ്മിൽ നടക്കുന്ന അനശ്വര സംഘട്ടനത്തെപ്പറ്റി ഭൗതികമായ അർത്ഥത്തിലാണ് ചിത്രീകരിച്ചിട്ടുള്ളത്. അന്ധവിശ്വാസം എന്ന് വിളിക്കപ്പെടുന്ന അബോറിജിനുകളുടെ മതാചാരങ്ങളിലെ അന്തർധാര ഈ തത്ത്വശാസ്ത്രം തന്നെയാണ്. ചലിക്കുന്ന ഒരു വസ്തുവിന്റെ നിഴലിൽ നിന്നു മാറി നിൽക്കുന്ന അവരുടെ വ്യാപകമായ ആചാരം നിഴൽ എന്നത് പിശാചിനെ പ്രതിനിധാനം ചെയ്യുന്നു എന്ന ഈ ധാരണ കൊണ്ടാവാം.

സ്വപ്നത്തെപ്പറ്റിയും അതുമായി ബന്ധപ്പെട്ട് അവർ മനസ്സിലാക്കിയ മറ്റു കാര്യങ്ങളും അന്ധവിശ്വാസങ്ങളല്ല. അത് രണ്ടും വ്യത്യസ്ഥമായ രണ്ട് പ്രതിഭാസങ്ങളാണ്. സ്വപ്നങ്ങൾ അവരുടെ വിശ്വാസത്തിന്റെ കേന്ദ്ര തത്വമാണ്. ദൈവത്തിൽ നിന്നും ആശയങ്ങൾ സ്വീകരിക്കുന്ന ഉപാധിയാണ് സ്വപ്നങ്ങൾ. അതിപുരാതന കാലത്ത് തന്റെ സൃഷ്ടികളുടെ കാര്യത്തിൽ സജീവ തല്പരനായ എല്ലാം അറിയുന്ന പരമമായ അസ്തിത്വത്തിന്റെ ദൃഷ്ടാന്തത്തിന് അവർ സാക്ഷ്യം വഹിച്ചിരുന്നു എന്ന്

ദ്ദേഹം പതുക്കെ അഴിയുവാൻ തുടങ്ങി. അഗാധവും നിതാന്തവുമായ വിഷാദം അദ്ദേഹത്തിന്റെ കണ്ണുകളിൽ കാണപ്പെട്ടിരുന്നു. അബോറിജിനുകളുടെ ഉന്നതമായ പൗരോഹിത്യ ശ്രേണിയെ പുറമെ നിന്നുള്ളവർക്ക് വളരെ അപൂർവ്വമായെ പ്രാപിക്കാൻ കഴിയൂ എന്ന് ഈ ഗ്രന്ഥകർത്താവിനോട് അദ്ദേഹം പറഞ്ഞു. പുറമെ നിന്നുള്ളവർ ഗ്രഹിച്ച കാര്യങ്ങളെല്ലാം മിക്കവാറും ബഹിർഭാഗസ്ഥങ്ങൾ മാത്രമാണ്. അബോറിജിനുകളുടെ സ്വപ്നാനുഭവങ്ങളെക്കുറിച്ച് പാശ്ചാത്യ ഗവേഷകരുടെ സമീപനവും ചിത്രീകരണവും അദ്ദേഹത്തിൽ പ്രത്യേകമായ വെറുപ്പ് ഉളവാക്കുന്നതായി കാണപ്പെട്ടു.

(തുടരും)

*3. Eliade M (1973) Australian Religions. An Introduction. Cornell Uni Press, Ithach.*

■

യിയേപോലെ കാണപ്പെടുകയോ ചെയ്തിരുന്ന ഒരു അബോറിജിൻ മാന്യനുമായി ഈ ഗ്രന്ഥകർത്താവ് പ്രത്യേകമായ നിലയിൽ ബന്ധം സ്ഥാപിച്ചിരുന്നു. അദ്ദേഹം ഒരു എഞ്ചിനീയറാണ്. സംഭാഷണത്തിന്റെ തുടക്കത്തിൽ അബോറിജിനുകളുടെ മതവിശ്വാസത്തെപ്പറ്റിയോ അവരുടെ ആചാരങ്ങളെപ്പറ്റിയോ ഉള്ള അറിവുകൾ ഈ ഗ്രന്ഥകർത്താവുമായി പങ്കുവെക്കാൻ അദ്ദേഹം വിമുഖനായിരുന്നു. അത്ഭുതകരമായ ഒരു വസ്തുത ക്രിസ്തുമതത്തിലേക്ക് അദ്ദേഹം മാറിയിട്ടും ഹൃദയത്തിന്റെ അഗാധതയിൽ അദ്ദേഹം ഇപ്പോഴും ഒരു അബോറിജിൻ തന്നെയാണ് എന്നതാണ്. വളരെ നേരത്തെ അനുനയശ്രമങ്ങൾക്കു ശേഷം അബോറിജിനുകളുടെ പ്രശ്നങ്ങൾ മനസ്സിലാക്കാനുള്ള എന്റെ സത്യസന്ധമായ ആത്മാർത്ഥത ബോദ്ധ്യപ്പെട്ട അ

അബോറിജിനുകൾ വിശ്വസിക്കുന്നു. അബോറിജിനുകളെ പ്രാകൃതരും അവഗണിക്കപ്പെട്ടവരുമായി കരുതുന്നതിനാലാണ് മതമെന്ന് പറയാൻ യാതൊരു വകക്കും കൊള്ളരുതാത്തത് എന്നു പറഞ്ഞ് അവരുടെ മതവിശ്വാസത്തെ പാശ്ചാത്യ ഗവേഷകർ തള്ളിക്കളയുന്നത്. അബോറിജിനുകൾക്ക് ഇതിൽ ന്യായമായ പരാതിയുണ്ട്. അബോറിജിനുകളുടെ വിശ്വാസത്തി ന് അംഗീകാരം നൽകിയാൽ അവരെപ്പറ്റിയുള്ള തങ്ങളുടെ പൂർവ്വകല്പിതമായ സിദ്ധാന്തങ്ങളെല്ലാം അപ്രസക്തമാവുമെന്ന ഭീതികൊണ്ടാണ് അവരുടെ മതവിശ്വാസത്തെ പാശ്ചാത്യ പണ്ഡിതന്മാർ വികലമാക്കുന്നത്.

ക്രിസ്തു മതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടിരുന്നതോ അല്ലെങ്കിൽ ഉന്നത വിദ്യാഭ്യാസം ലഭിക്കുന്നതിന് മുമ്പ് ക്രിസ്തുമതാനുയാ

*(15 -ാം പേജിൽ നിന്ന് തുടർച്ച)*

മതസ്ഥരേയാണ് ഇതിലേക്ക് ക്ഷണിക്കാൻ സാധിക്കുക? ഈ മതത്തിന്റെ ശവത്തെയാണോ നിങ്ങൾ ജാപ്പാനിൽ കൊണ്ടു പോകുക? അല്ലെങ്കിൽ യൂറോപ്പിന്റെ മുമ്പാകെ സമർപ്പിക്കുക? മറ്റു മതങ്ങളെ അപേക്ഷിച്ച് ഒരു വിധത്തിലുള്ള ആത്മീയതയും ദൈവാനുഗ്രഹവും ഇല്ലാത്ത ഈ നിർജ്ജീവ മതത്തോട് ഏതൊരു വിഡ്ഢിയാണ് അനുരക്തി കാണിക്കുക? പൂർവ്വിക മതങ്ങളിൽ സ്ത്രീകൾക്ക് കൂടി അതായത് മൂസാ നബിയുടെ മാതാവിനും മർയമിനും (റ) ദിവ്യവെളിപാടുണ്ടായിരുന്നു. എന്നാൽ, നിങ്ങൾ പുരുഷൻമാരായിരുന്നിട്ടും നിങ്ങൾക്ക് ആ സ്ത്രീകളോടൊപ്പം എത്തുവാൻ സാധിക്കുന്നില്ല. എന്നാൽ, അല്ലയോ അജ്ഞന്മാരേ! അന്ധന്മാരേ! നമ്മുടെ യജമാനനായ ഹദ്റത്തു മുഹമ്മദ് നബി (ആയിരമായിരം സ്വലാത്തും സലാമും അദ്ദേഹത്തിന്നുണ്ടാകുമാറാകട്ടെ) ഒരു അനുഗ്രഹദായകൻ എന്ന നിലയിൽ എല്ലാ പ്രവാചകൻമാരേയും അതിജീവിച്ച അഗ്രഗാമിത്വം ലഭിച്ച ആളാകുന്നു.

കാരണം പൂർവിക പ്രവാചകൻമാരുടെ അനുഗ്രഹം ഒരു പരിധി വരെ എത്തി അവസാനിച്ചു പോയി. ഇപ്പോൾ ആ സമുദായങ്ങളും മതങ്ങളും മൃതപ്രായമായിത്തീർന്നിരിക്കുന്നു. അവരിൽ ഒരു വിധത്തിലുള്ള ജീവനും ചൈതന്യവും ഇല്ല തന്നെ. എന്നാൽ, ഹദ്റത്ത് നബി കരീം (സ) തിരുമേനിയുടെ ആത്മീയ അനുഗ്രഹങ്ങൾ പുനരുത്ഥാന നാൾ വരെ നില നിൽക്കുന്നതാണ്. അതുകൊണ്ട് ഈ ആത്മീയാനുഗ്രഹം നിലനിൽക്കുന്നേടത്തോളം നമുക്ക് പുറമെ നിന്ന് ഒരു മസീഹും വരേണ്ടുന്ന ആവശ്യം ഇല്ല തന്നെ. മറിച്ച് ആ പുണ്യാത്മാവിന്റെ നിഴലിലും തണലിലും പരിപാലിക്കപ്പെടുന്ന ഒരു സാധാരണ മനുഷ്യനെക്കൂടി അത് മസീഹാക്കിത്തീർക്കുന്നു. ഈ വിനീതനെ ആക്കിയത് പോലെ (റൂഹാനി ഖസായിൻ, വാല്യം-20 , പേജ് 387-388, ചശ്മയെ മസീഹി പേജ് 55-57)

ചുരുക്കത്തിൽ ഹദ്റത്ത് മുഹമ്മദ് നബി(സ) ആത്മീയ നഭോ മണ്ഡലത്തിൽ പ്രോജ്ജ്വലമായി എന്നെന്നും ശോഭിച്ചു കൊണ്ടിരിക്കുന്ന സിറാജ് മുനീർ എന്ന പ്രകാശ ഗോളമാണ്. ആ പരിപൂർണ പ്രകാശത്തിന്റെ പ്രതിബിംബമായിട്ടു പതിനാലാം രാവിലെ പൂർണ ചന്ദ്രനായവതീർണരായ ആളാണ് ഹദ്റത്ത് മഹ്ദീ മസീഹ് (അ).

അദ്ദേഹം തന്റെ ഒരു കവിതയിൽ പറയുന്നു.

ബഹ്തർ വഹ്മൊ, ഗുമാൻ സെ
അഹ്മദ് കി ശാൻ ഹൈ
ഉസ്കാ ഗുലാം ദേഖൊ
മസീഹുസ്സമാൻ ദേഖോ

ഹദ്റത്ത് മുഹമ്മദ് മുസ്തഫാ അഹ്മദ് മുജ്തബാ (സ) തിരുമേനിയുടെ മാഹാത്മ്യം സങ്കൽപാതീതമായ രീതിയിൽ അതി ശ്രേഷ്ഠമാണ്. നോക്കുക, അദ്ദേഹത്തിന്റെ ദാസൻ കാലത്തിന്റെതുമായിരിക്കെ അദ്ദേഹത്തിന്റെ സ്ഥാനം എത്രമാത്രം വർണനാതീതമാണ്. അല്ലാഹുമ്മ സല്ലി അലാ മുഹമ്മദിൻ വഅലാ ആലി മുഹമ്മദിൻ വബാരിക്ക് വസല്ലിം. ഇന്നക്ക ഹമീദുൻ മജീദ്. ■

## ലേഖനം

# യേശുവിന്റെ ജനനം ഡിസംബറിലോ?

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

**റോമിലെ പ്രാകൃതമതക്കാരുടെ സൂര്യദേവന്റെ ജന്മദിനമാണ് ഡിസംബർ 25 പിൽക്കാലത്ത് അത് റോമൻ സഭ ക്രിസ്തുവിന്റെ ജന്മദിനമായി മാറ്റുകയായിരുന്നു. ആഗസ്റ്റ്/സെപ്റ്റംബർ മാസത്തിലാണ് യേശുക്രിസ്തു ഭൂജാതനായതെന്നാണ് ബൈബിൾ തെളിവുകൾ സാക്ഷ്യപ്പെടുത്തുന്നത്.**

**'നിന്റെ അടുത്തുള്ള ഈന്ത മരത്തെ നിന്നിലേക്ക് കുലുക്കുക. അത് പഴുത്ത് പാകമായ പുത്തൻ ഈത്തപ്പഴം നിനക്ക് വീഴ്ത്തിത്തരും'. (19:26).**

ഈ വചനങ്ങൾ ജൂദിയായിൽ ഈന്ത മരത്തിൽ ഈത്തപ്പഴം പാകമാവുന്ന ദിനങ്ങളിലാണ് യേശുവിന്റെ ജനനമെന്ന് വ്യക്തമാക്കുന്നു. ആ സമയം വ്യക്തമായും ആഗസ്റ്റ്-സപ്തംബർ മാസങ്ങളിലാണ്. എന്നാൽ ക്രിസ്ത്യാനികൾ പൊതുവെ ഡിസംബർ 25നാണ് യേശുവിന്റെ ജന്മദിനമായി സ്വീകരിക്കുന്നത്. ആ ദിവസമാണ് ലോകം മുഴുവനുമുള്ള ക്രിസ്ത്യാനികൾ ഉത്സാഹത്തോടെ ക്രിസ്മസ് ദിനം കൊണ്ടാടുന്നതും. എന്നാൽ ഈ ക്രിസ്ത്യൻ വീക്ഷണം വിശുദ്ധഖുർആൻ മാത്രമല്ല ചരിത്രവും അതുപോലെ തന്നെ സുവിശേഷകാരന്മാർ തന്നെയും ഖണ്ഡിക്കുന്നു.

ബൈബിൾ പുതിയ നിയമത്തിൽ യേശുവിന്റെ ജനന സമയത്തെപ്പറ്റി ലൂക്കോസ് എഴുതുന്നു:

'അവർക്ക് (മറിയത്തിന്) പ്രസവ സമയമായി അവൾ തന്റെ കടിഞ്ഞൂൽ പുത്രനെ പ്രസവിച്ചു. ശിശുവിനെ ശീലകളിൽ പൊതിഞ്ഞു. ഒരു പുൽത്തൊടിയിൽ കിടത്തി. സത്രത്തിൽ അവൾക്ക് സ്ഥലം കിട്ടിയിരുന്നില്ല. ആ പ്രദേശത്തെ പുറം വയലുകളിൽ വെളിപ്രദേശത്തു തങ്ങളുടെ ആട്ടിൻകൂട്ടത്തെ രാത്രിയിൽ കാത്തുകഴിയുന്ന ഇടയന്മാർ ഉണ്ടായിരുന്നു'. (ലൂക്കോസ് 2:7-8).

ഈ ബൈബിൾ വചനത്തെ വ്യാഖ്യാനിച്ചുകൊണ്ട് ബിഷപ്പ് ബാൺ അദ്ദേഹത്തിന്റെ Rise of Christianity എന്ന പുസ്തകത്തിൽ എഴുതുന്നു.

'യേശുവിന്റെ യഥാർത്ഥ ജന്മദിനം ഡിസംബർ 25 തന്നെയാണെന്ന വിശ്വാസത്തിന് യാതൊരു പ്രാമാണികതയുമില്ല. ബെത്‌ലെഹേമിലെ വയലുകളിൽ ആടിടയന്മാർ ആട്ടിൻകൂട്ടത്തെ കാത്തുകഴിയുന്നു എന്ന ലൂക്കോസിന്റെ യേശുവിന്റെ ജനന കഥക്ക് എന്തെങ്കിലും പ്രാധാന്യം കൊടുക്കുന്നുവെങ്കിൽ യേശുവിന്റെ ജനനം മഞ്ഞ് കാലത്തായിരിക്കില്ല സംഭവിച്ചിരിക്കുക. ജൂദിയ എന്ന മലമ്പ്രദേശത്തെ അന്തരീക്ഷോഷ്മാവ് തണുപ്പ് കാലത്ത് വളരെ താഴ്ന്നതാണ്. മഞ്ഞ് വീഴ്ചയും അവിടെ സാധാരണയാണ്. വളരെയേറെ ചർച്ചകൾക്കു ശേഷം നമ്മുടെ ക്രിസ്മസ് ദിനം എ. ഡി. 300 ാമാണ്ടിലാണ് സ്വീകരിക്കപ്പെട്ടത്.'

ബിഷപ്പ് ബാണിന്റെ ഈ വീക്ഷണത്തെ പിന്താങ്ങിക്കൊണ്ട് 'ക്രിസ്മസ്' എന്ന ശീർഷകത്തിൽ എൻസൈക്ലോപീഡിയ ബ്രിട്ടാനിക്കയും ചേംബേഴ്സ് എൻസൈക്ലോപീഡിയയും എഴുതുന്നത് കാണുക:

"ക്രിസ്മസിന്റെ യഥാർത്ഥ ദിവസവും വർഷവും തൃപ്തികരമാം വിധം തീരുമാനിക്കപ്പെട്ടിട്ടില്ല; ക്രി. വ. 340 ൽ സഭാപിതാക്കന്മാർ ഈ സംഭവം ആഘോഷിക്കാൻ ശീതകാലത്തിലെ ഒരു ദിവസം ബുദ്ധിപൂർവ്വം തിരഞ്ഞെടുക്കുകയായിരുന്നു. ജനങ്ങളുടെ ഹൃദയത്തിൽ രൂഢമൂലമായ ആ ദിവസത്തിലായിരുന്നു അവരുടെ വളരെ പ്രധാനപ്പെട്ട ഉത്സവം ഉണ്ടായിരുന്നത്. മനുഷ്യകൃതമായ കലണ്ടറുകളിലെ മാറ്റത്തിരുത്തലുകൾ കാരണം സൂര്യന്റെ അയനകാലവും ക്രിസ്മസ് ദിനവും ചില ദിവസങ്ങളിൽ മാറിയിട്ടുണ്ട്." (Encyclopaedia Britanica 15th Edition Vol 5. P. 642 & 642 A)

'ശീതസംക്രാന്തികാലമാണ്' സൂര്യന്റെ ജന്മദിനമായി കണക്കാക്കുന്നത് ഡിസംബർ 25 റോമിലെ പ്രാകൃതമത

ക്കാർ സൂര്യദേവന്റെ ജന്മദിനമായിട്ടാണ് ആചരിക്കുന്നത്. പ്രചുര പ്രചാരം സിദ്ധിച്ച ഈ ആഘോഷത്തെ സഭക്ക് തള്ളിക്കളയാൻ സാദ്ധ്യമല്ലായിരുന്നു. അത് സാത്വിക വിശുദ്ധനായ സൂര്യന്റെ ജന്മദിനമായി ആത്മീയവത്കരിക്കപ്പെട്ടുകൊണ്ടിരുന്നു. (Chambers Encyclop eadia Under the title of 'Christmas')

ഈ രണ്ട് എൻസൈക്ലോപീഡിയായുടെയും പ്രസ്താവനകളും ബൈബിളിന് പീക്ക് നൽകിയ വ്യാഖ്യാനത്തെ പിന്തുണക്കുന്നു. അദ്ദേഹത്തിന്റെ ബൈബിൾ വ്യാഖ്യാനത്തിന്റെ 727-ാമത്തെ പേജിൽ പറയുന്നു.

'യേശു ജനിച്ച കാലം ഒരിക്കലും ഡിസംബർ അല്ല. നമ്മുടെ ക്രിസ്മസ് ആഘോഷങ്ങൾ പാശ്ചാത്യലോകത്ത് പിൽക്കാലത്ത് കാണപ്പെട്ട ഒരു ആഘോഷമാണ്.' ക്രിസ്തുമതത്തിന്റെ ഉദ്ഭവത്തെ സംബന്ധിച്ച് സമീപകാലത്ത് നടന്ന ഗവേഷണങ്ങൾ സംശയങ്ങൾക്കിടയാകാത്ത വിധം യേശുവിന്റെ ജനനം ഡിസംബർ മാസത്തിലല്ല എന്ന് തെളിയിച്ചിരിക്കുകയാണ്.

ക്രിസ്തുമതത്തിന്റെ ഉദ്ഭവത്തെപ്പറ്റിയുള്ള ചരിത്രഗവേഷണങ്ങളുടെയും "ആ പ്രദേശത്തെ പുറം വയലുകളിൽ വെളിമ്പ്രദേശത്ത് തങ്ങളുടെ ആട്ടിൻകൂട്ടത്തെ രാത്രിയിൽ കാത്തുകഴിയുന്ന ഇടയന്മാർ ഉണ്ടായിരുന്നു." (ലൂക്കോസ് 2:7-8). എന്ന ലൂക്കോസിന്റെ പ്രസ്താവനയും കൂട്ടി വായിക്കുമ്പോൾ എങ്ങനെയാണ് ക്രിസ്ത്യാനികൾ ഡിസംബർ മാസം യേശു ജനിച്ചു എന്ന് വിശ്വസിക്കുന്നത് എന്ന കാര്യം തീർച്ചയായും ആശ്ചര്യ ജനിപ്പിക്കുന്നു. ലൂക്കോസിന്റെ ഈ പ്രസ്താവന പ്രകാരം ജുദിയായിലെ വയലുകളിൽ ആടുകൾ മേയുന്ന വേനൽക്കാലത്തായിരിക്കണം യേശു ജനിച്ചിരിക്കുക. ആടുകളെ നോക്കിപ്പാർത്തുകൊണ്ട് ഇടയന്മാർ വയലുകളിൽ കാവൽ കിടക്കുക വേനൽകാലത്ത് മാത്രമേ സാധ്യമാവൂ. ലൂക്കോസിന്റെ പ്രസ്താവനയിലെ സംഭവം ആഗസ്തിലോ സെപ്തംബറിലോ ആകാനാണ് സാദ്ധ്യത. അക്കാലത്താണ് പഴുത്ത ഈത്തപഴങ്ങൾ ജൂദിയായിൽ കാണപ്പെടുക. വ്യാഖ്യാന വിധേയമായ ഖുർആനിക വചന പ്രകാരമുള്ള യേശു ജനിച്ച സമയം ഇതാണ്. ഈ വചനത്തിൽ യേശുവിന്റെ മാതാവിനോട്

**'ഈന്തമരത്തെ നിന്നിലേക്ക് കുലുക്കുക അത് പഴുത്ത് പാകമായ പുത്തൻ ഈത്തപ്പഴം നിനക്ക് വീഴ്ത്തിത്തരും.' (19 :26) എന്നു പറയപ്പെട്ടിരിക്കുന്നു.**

ആഗസ്റ്റിലോ സെപ്തംബറിലോ ആണ് യേശുവിന്റെ ജനനമുണ്ടായത് എന്ന ഖുർആനിക വീക്ഷണത്തെ സുവിശേഷകാരനായ ലൂക്കോസ് യാദൃശ്ചികമായി പിന്തുണക്കുകയാണ്. അതായത് ആ കാലത്താണ് ജൂദിയായിൽ ഈത്തപ്പഴം പഴുത്ത് പാകമാവുന്നത് വളരെ വിശ്വാസ യോഗ്യമായ മറ്റു ചരിത്രത്തെളിവുകൾ യേശു ജനിച്ചത് ആഗസ്തിലോ സെപ്തംബറിലോ ആണെന്നാണ്. 'Dictionary of Bible' എന്ന ഗ്രന്ഥത്തിൽ ഡോ. ജോൺ ഡി. ഡേവിഡ് 'വർഷം' (Year) എന്ന ശീർഷകത്തിൽ യഹൂദ മാസമായ ഇലൂലിൽ ആണ് ഈത്തപ്പഴം പാകമാവുന്നത് എന്നെഴുതുന്നു. ഡോ. പീക്ക് എഴുതിയ 'Commentary on the Bible' (P. 117) ഇലൂൽ മാസം ആഗസ്റ്റ് സെപ്റ്റംബർ മാസങ്ങൾക്ക് സമമാണെന്നാണ് പറയുന്നത്.

'അംഗോള ക്ഷേത്രത്തിലെ ഒരു എഴുത്തിനെ ആധാരമാക്കിയും പഴയ ചൈനീസ് ഇതിഹാസങ്ങളെ ഉദ്ധരിച്ചും ജെ. സ്റ്റുവർട്ട് 'When did our Lord actually live' എന്ന പുസ്തകത്തിൽ വാദിക്കുന്നത് ക്രി. വ. 25-28 ൽ സുവിശേഷ കഥ ചൈനയിൽ എത്തിയിട്ടുണ്ടെന്നും ക്രി. വ. 8-ാം വർഷത്തിൽ സെപ്തംബർ - ഒക്ടോബർ മാസത്തിലാണ് യേശു ജനിച്ചതെന്നും ക്രി. വ. 24 ബുധനാഴ്ച യാണ് ക്രൂശീകരണം നടന്നതെന്നുമാണ്'.

ഡോ. ആർതർ എസ്. പീക്ക് എം. എ, ഡി. ഡി. യുടെ ബൈബിൾ വ്യാഖ്യാനത്തിന്റെ പിന്തുണയോടെ മേൽ വിവരിച്ച രണ്ട് എൻസൈക്ലോപീഡിയായിൽ നിന്നുമുള്ള ഉദ്ധരണികളിൽ നിന്നും മനസ്സിലാവുന്ന വ്യക്തമായ വസ്തുത യഹൂദന്മാരുടെ ഇലൂൽ മാസത്തിലാണ് യേശു ജനിച്ചത് എന്നാണ്. ആ യഹൂദ മാസം ആഗസ്റ്റ് - സെപ്റ്റംബർ മാസങ്ങൾക്ക് സമാനവുമാണ്. ആ സമയത്താണ് ജൂദിയായിൽ ഈത്തപ്പഴം പഴുക്കുന്നത്. ക്രിസ്തു സഭ വിശ്വസിക്കുന്നത് പോലെ ഡിസംബർ 25 അല്ല യേശുവിന്റെ ജന്മദിനം.

ഇത് സംബന്ധിച്ചുള്ള ഒരു വസ്തുത കൂടി സൂക്ഷ്മമായ പരിശോധനക്ക് വിധേയമാക്കേണ്ടതുണ്ട്. ചിലപ്പോൾ യേശു ജനിക്കുന്നതിന് മുമ്പ് ജോസഫിന്റെയും മറിയത്തിന്റെയും ജന്മസ്ഥലമായ നസറേത്തിൽ നിന്നും 70 മൈലുകൾ അകലെ ബത്‌ലഹേമിലേക്ക് അവർപോയിട്ടുണ്ടായിരിക്കാം. ബൈബിളിൽ ലൂക്കോസിന്റെ പ്രസ്താവന കാണുക: 'അക്കാലത്ത് ലോകത്തിലെങ്ങും ആളുകൾ ജനസംഖ്യ കണക്കിൽ പേരെഴുതിക്കണമെന്ന് അഗസ്തസ് സീസർ കല്പന പുറപ്പെടുവിച്ചു. കുറെന്യോസ് സിറിയയിലെ ദേശാധികാരിയായിരിക്കുമ്പോഴാണ് ഒന്നാമത്തെ ഈ പെരെയുത്ത് നടന്നത്. എല്ലാവരും സ്വനഗരത്തിൽ പേരെഴുതിക്കാൻ പോയി. യോസേഫും ഗലീലിയായിലെ നഗരമായ നസ്രത്തിൽ നിന്നും യുദായിലെ ബത്‌ലേഹേം എന്ന പേരുള്ള ദാവിദിന്റെ നഗരത്തിലേക്ക് ഗർഭിണിയായ പ്രതിശ്രുത വധു മറിയമിനോടു കൂടി പേരെഴുതിക്കാൻ പോയി. കാരണം അയാൾ ദാവീദിന്റെ ഭവനത്തിലും വംശത്തിലും പെട്ടവനായിരുന്നു'. (ലൂക്കോസ് 2:1-5)

ലൂക്കോസിന്റെ ഈ പ്രസ്താവനയെ ചരിത്രം പിന്തുണക്കുന്നില്ല. യേശുവിന്റെ ജനന വർഷത്തിൽ സെൻസസ് എടുത്തിട്ടില്ല. മാത്രമല്ല സിറിയായിൽ അക്കാലത്ത് അങ്ങനെയൊരു ദേശാധികാരിയും ഉണ്ടായിരുന്നില്ല. എല്ലാ യഹൂദ ചരിത്രകാരന്മാരേക്കാളും പ്രസിദ്ധനായ

ജോസഫസ് പറയുന്നത് ആദ്യത്തെ സെൻസസ് എടുത്തത് യേശു ജനിച്ച് 7 വർഷത്തിനുശേഷമാണെന്നാണ്. അതുപോലെ 10 വർഷത്തിന് മുമ്പ് മുതൽ ഹെറോദോവിന്റെ മരണം വരെ സ്റ്റിപുലസ്, വാർഡസ്, സെന്റിറിസ്, ടൈറ്റിനിസ്, എന്നീ ഗവർണർമാരായിരുന്നു ഉണ്ടായിരുന്നത്. ബ്രിട്ടാനിക്ക (Chronicle) എന്ന ശീർഷകം.

ചരിത്രപരമായ ഇത്രയും വ്യക്തമായ തെളിവുകളുണ്ടായിരിക്കേ ലൂക്കോസ് ഇങ്ങനെയൊന്ന് വിരചിക്കുക എന്നത് അവിശ്വസനീയമായി തോന്നുന്നു. അദ്ദേഹത്തിന് അങ്ങനെ ചെയ്യാനുള്ള ശക്തമായ സമ്മർദ്ദം ഉണ്ടായിരിക്കണം. ജോസഫും അങ്ങേയറ്റം ദുർബ്ബലയും ഗർഭിണിയുമായ തന്റെ ഭാര്യ മറിയയും കൂടി ബത്‌ലഹേമിലേക്ക് സാഹസികവും ദീർഘമേറിയതുമായ ഒരു യാത്ര നടത്തി എന്നതിന്റെ വിശദീകരണത്തിനാണ് ഇത്തരം ഒരു സെൻസസ് കഥ മെനഞ്ഞെടുത്തത് എന്നത് പ്രകടമാണ്. യേശുവിന്റെ ജനനത്തിന് ഏഴുവർഷത്തിനുശേഷം നടന്ന സെൻസസിൽ ലൂക്കോസ് തന്നെ സ്വയം തടഞ്ഞു വീഴുകയാണ് ചെയ്യുന്നത്. യേശുവിന്റെ ജനന സമയത്താണ് സെൻസസ് നടന്നതെന്ന് വരുത്തിത്തീർക്കാൻ അദ്ദേഹം കരുതിക്കൂട്ടി സെൻസസ് 7 വർഷം മുമ്പ് നടന്നതെന്ന് പറഞ്ഞ് കാലഗണനയിൽ മാറ്റം വരുത്തി. ദീർഘമായ എഴുപതോ എൺപതോ വർഷത്തിനുശേഷം എഴുതപ്പെട്ട സുവിശേഷത്തിലെ ഈ കാലഗണന ഒരിക്കലും കണ്ടുപിടിക്കപ്പെടില്ല എന്ന് അദ്ദേഹം ധരിച്ചു. അതുകൊണ്ടായിരിക്കണം അദ്ദേഹം 7 വർഷം മുമ്പ് യേശുവിന്റെ ജനനവേളയിലാണ് സെൻസസ് നടന്നത് എന്ന് വരുത്തിത്തീർത്തത്. അതുമുഖേന 7 വർഷത്തിന് ശേഷം സംഭവിച്ച സെൻ സസ് യേശുവിന്റെ ജനനവേളയുമായി ബന്ധിപ്പിക്കുകയായിരുന്നു ലൂക്കോസ് ചെയ്തത്. നന്നേ ക്ഷീണിതയും പൂർണ ഗർഭിണിയുമായ തന്റെ ഭാര്യയുമൊത്ത് ജോസഫ് ബെത്‌ലഹേമിലേക്ക് യാത്ര ചെയ്തതിന്റെ കാരണം സെൻസസ് ആണെന്ന് വിവരിച്ചതോടെ ലൂക്കോസ് ഈ ഉദ്യമത്തിൽ വിജയിച്ചുവെന്ന് സ്വയം ആശ്വസിച്ചിരിക്കണം.

മനസ്സിലാക്കാൻ പ്രയാസമുള്ള സംഗതി എന്തെന്നാൽ– യേശുവിന്റെ , ജനന വേളയിൽ അങ്ങനെയൊരു കാനേഷുമാരി കണക്കെടുപ്പ് ഇല്ലെന്ന് ചരിത്രം പറയുമ്പോൾ എന്തുകൊണ്ട് ബൈബിൾ സുവിശേഷമെഴുതിയ ലൂക്കോസ് വളരെ ഉത്സാഹപൂർവ ഇങ്ങിനെയൊരു സെൻസസ് കഥയും അതിലേക്ക് പേരെഴുതിക്കാൻ ബെത്‌ലഹേമിലെക്കുള്ള യാത്രാ കഥയും മെനഞ്ഞെടുത്തു? വാസ്തവത്തിൽ ഈ വിഷമ സന്ധി മുഴുവൻ ലൂക്കോസിന്റെ തന്നെ സൃഷ്ടിയായിരുന്നു. മറിയത്തിന്റെ കന്യകാ ഗർഭധാരണം (അമലോൽഭവം) വിവരിക്കുമ്പോൾ അനേകം അത്ഭുതങ്ങൾ സംഭവിച്ചതായി അദ്ദേഹം വിവരിക്കുന്നു. യേശുവിന്റെ ജനനം വരെ അത്ഭുതങ്ങൾ തുടർന്നു വന്നതായും അദ്ദേഹം പറയുന്നു. ജോസഫും മറിയവും ബെത്‌ലഹേമിലേക്ക് ദീർഘയാത്ര നടത്തിയെന്നതിന് വിശ്വസനീയമായ കാരണം പറഞ്ഞിട്ടില്ലെങ്കിൽ അവർ വിശ്വാസപരമായി ദുർബലരാണെന്ന്. ആളുകൾ പറയുമെന്ന് ലൂക്കോസ് ന്യായമായും ഭയപ്പെട്ടിട്ടുണ്ടാകും. അതായത് യേശുവിന്റെ ഗർഭധാരണം മുതൽ നിരവധി അത്ഭുതങ്ങൾക്ക് അവർ ഇരുവരും സാക്ഷ്യം വഹിച്ചിട്ടും ഗർഭം മറച്ചുവെച്ച് അവർ നസറേത്തിൽ നിന്ന് സ്ഥലം വിട്ടതും വഴിക്കു വെച്ച് പ്രസവിക്കുകയും ചെയ്തത് അവരുടെ വിശ്വാസത്തിന്റെ ബലഹീനത കൊണ്ടാണെന്ന് സ്വാഭാവികമായും ജനങ്ങൾ പറയുമെന്ന് ലൂക്കോസ് ഭയപ്പെട്ടു. പക്ഷേ, അതിലെ പരുക്കൻ വസ്തുത വളരെ അകലെയുള്ള ബത്‌ലഹേമിലെക്കായിരുന്നു. അവർ യാത്ര നടത്തിയത് എന്നായിരുന്നു.

മറിയം പരിശുദ്ധ ഗർഭം ധരിച്ചതിൽ പിന്നെ ദിവ്യാത്ഭുതങ്ങളും അത്ഭുത ദൃഷ്ടാന്തങ്ങളും പ്രത്യക്ഷപ്പെടുവാൻ തുടങ്ങിയതായി ലൂക്കോസ് വിവരിച്ചിരുന്നുവല്ലോ. അപ്പോൾ മറിയത്തിന്റെ ഗർഭധാരണവും തുടർന്നുള്ള പ്രസവവും ജോസഫിന് മറച്ചു വെക്കേണ്ട ആവശ്യമെന്തായിരുന്നുവെന്ന് ആളുകൾ ന്യായമായും ചോദിക്കുമല്ലോ. അങ്ങനെ ദീർഘയാത്ര പോകേണ്ട ആവശ്യമില്ലായിരിക്കേ ഇത്രയും കഠിനവും ക്ഷീണമുണ്ടാക്കുന്നതുമായ ദീർഘയാത്ര ഗർഭിണിയും ദുർബലയുമായ അവസ്ഥയിൽ മറിയം എന്തിന് നടത്തി? അങ്ങനെ ലൂക്കോസ് തന്നെ കണ്ടുപിടിച്ച മറിയമിന്റെ ഗർഭധാരണ വേളയിലെ വമ്പിച്ച അത്ഭുത കഥകൾ തന്നെ കാനേഷുമാരിക്ക് പേരെഴുതിക്കാൻ വേണ്ടിയായിരുന്നു അവർ ദീർഘയാത്ര നടത്തിയത് എന്ന കെട്ടുകഥ മെനഞ്ഞെടുക്കാൻ ലൂക്കോസിനെ നിർബന്ധിതനാക്കി. ലൂക്കോസിന് ഇങ്ങിനെയൊരു കാനേഷുമാരിക്കഥ കെട്ടിച്ചമക്കേണ്ടുന്നതോ അതിനെ സമയം നേരത്തെയാക്കേണ്ടുന്നതോ ആവശ്യമില്ലായിരുന്നു. എല്ലാ സംഗതികളും ലളിതവും എളുപ്പത്തിൽ വിശദീകരിക്കപ്പെടാവുന്നതുമാണ്. അതായത് ‘മറിയം ആരാധനാലയത്തിലായിരിക്കെ, അത്ഭുതകരമായി ഗർഭിണിയായെന്നും ചാരിത്ര്യവതിയായ മറിയമിനെ പറ്റി ജോസഫിന് ഒരു ദീർഘ ദർശനം മുഖേനെ ബോധ്യപ്പെടുകയാണുണ്ടായത്. പക്ഷേ, ഈ വസ്തുത മറ്റുള്ളവർക്ക് ബോധ്യപ്പെടുത്തിക്കൊടുക്കാൻ ജോസഫിനാകുമായിരുന്നില്ല. കാരണം, ജനങ്ങളുടെ ഭാഗത്തു നിന്നും അപസ്വരങ്ങളുണ്ടാകുമെന്ന് അദ്ദേഹം ഭയപ്പെട്ടു. ... ഗർഭാവസ്ഥ തിരിച്ചറിയപ്പെടുന്നതിന് മുമ്പ് ഗർഭിണിയായ മറിയമിനേയും കൊണ്ട് ജോസഫ് വിദൂര സ്ഥലത്തേക്ക് പോയി എന്ന് ലൂക്കോസിന് പറയാമായിരുന്നു. പക്ഷേ, ഇങ്ങനെ പറയുകയാണെങ്കിൽ മറിയമിന്റെ ഗർഭാവസ്ഥയിൽ സംഭവിച്ചുവെന്ന് ലൂക്കോസ് എഴുതിക്കൂട്ടിയ അത്ഭുത കഥകളെല്ലാം പൊളിയുമായിരുന്നു. ഇങ്ങനെയാണ് ഒരു കെട്ടുകഥയിൽ നിന്നും മറ്റൊരു കെട്ടുകഥയിലേക്ക് ലൂക്കോസ് ആനയിക്കപ്പെടുന്നത്

**വിവ: സി ഹംസക്കോയ, കോഴിക്കോട്** ■

ലേഖനം

# ഭാരതം പുണ്യഭൂമി

ഏ.ക്യു. മഹ്ദി

**അല്ലാഹുവിൽ നിന്നുള്ള മതപുരുഷന്മാരും, ഋഷിപുംഗവന്മാരും, മുനിശ്രേഷ്ഠരും അവതരിച്ച പുണ്യ പുരാതന ഭാരതം ആദ്ധ്യാത്മികതയുടെ നിസ്തുല ദേശംകൂടിയാണ്.**

ഭാരതം, ഒട്ടേറെ മതാചാര്യന്മാർക്ക് ജന്മമേകിയ പുണ്യഭൂമി. നിരവധി പ്രവാചകന്മാരുടേയും, ഋഷിശ്രേഷ്ഠരുടേയും കർമ്മഭൂമിയായിരുന്നു ആർഷഭാരതം. ഇവിടെ അവതാരമെടുത്ത പല ദൈവദാസന്മാരുടേയും അധ്യാപനങ്ങൾ സഹസ്രാബ്ദങ്ങളായി ഭാരതഭൂവിലെ ജനഹൃദയങ്ങളിൽ നിസ്തുലമായ ആത്മീയചലനങ്ങൾ സൃഷ്ടിച്ചു. ആ മഹാത്മാക്കൾ പകർന്നുനൽകിയ ആത്മമൂല്യങ്ങളും ധർമ്മതത്വങ്ങളും തലമുറതലമുറയായി ഇവിടെ ഈ ദേശത്ത് സാത്വികതയുടെ പ്രകാശം പരത്തിക്കൊണ്ടിരുന്നു.

അനേകം മതങ്ങളെയും ഒട്ടനവധി മതാചാര്യന്മാരെയും വിവിധകാലഘട്ടങ്ങളിലായി സ്വീകരിക്കുകയും ആശ്ലേഷിക്കുകയും ചെയ്ത മഹത്തായ പാരമ്പര്യം അവകാശപ്പെടാവുന്ന ഒരേയൊരു ഭൂമിയേ ലോകത്തിലുള്ളു. അത് ആർഷഭാരതമാണ്. വ്യത്യസ്ത മതങ്ങളും സമുദായങ്ങളും സാഹോദര്യഭാവത്തോടെ ഇവിടെ ഇന്നും നിലനിൽക്കുന്നു. ഏതോ ദിവ്യലക്ഷ്യം സാക്ഷാത്കരിക്കാനെന്നോണം സഹസ്രാബ്ദങ്ങളായി ഓരോ മതപ്രസ്ഥാനങ്ങളുടേയും പിൻതലമുറക്കാർ തങ്ങളുടെ വിശിഷ്ടമായ പാരമ്പര്യം നിലനിർത്തിക്കൊണ്ടുതന്നെ ഇന്നും ഇവിടെ തികഞ്ഞ ആത്മവർത്തിത്വത്തോടെ ജീവിച്ചുപോരുന്നു.

സനാതനധർമ്മം ഉൽഘോഷിക്കപ്പെട്ട നമ്മുടെയീ ദേശത്ത് വേദങ്ങൾ ഉടലെടുക്കുകയും അവ പ്രബോധനം ചെയ്യപ്പെടുകയും ചെയ്തു. അദ്ധ്യാത്മികതത്വങ്ങൾക്ക് വെളിച്ചം പകർന്ന മഹത്തായ ഉപനിഷത്തുകൾ രചിക്കപ്പെട്ടത് ഈ മണ്ണിലാണ്. പ്രവാചക പരമ്പരയിലെ ശ്രീരാമനും, ശ്രീകൃഷ്ണനും അവതാരമെടുത്തതും ഇവിടെതന്നെ. ശ്രീബുദ്ധന്റെ ജന്മഭൂമിയും ഇതത്രെ. ക്രിസ്തുദേവൻ ജനിച്ചത് ഫലസ്തീൻ (ശാം) ദേശത്താണെങ്കിലും ഒടുവിലദ്ദേഹം ഭാരതത്തിലെ കശ്മീരിൽ വന്നെത്തുകയായിരുന്നു. യേശുക്രിസ്തു പറഞ്ഞത്, താനീ ദേശത്തെ, ശാമിനെപോലെ കാണുന്നുവെന്നാണ്. ഈ അർത്ഥമുള്ള 'ക-ശാം-അർ' ആണ് പ്രായേണ കശ്മീർ ആയി രൂപാന്തരപ്പെട്ടത്. കശ്മീരിന് സിറിയ അഥവാ ശാമിനോട് അസാധാരണമായ സാദൃശ്യമുണ്ടായിരുന്നു. സിറിയയിൽ നിന്ന് സുദീർഘമായ കരമാർഗ്ഗത്തിലൂടെ ഗാന്ധാരത്തിലും ഹിമാലയസാനുക്കളിലും സുവിശേഷം നടത്തി നീങ്ങിയ ക്രിസ്തു, ഒടുവിൽ ഇൻഡ്യയിലെ കശ്മീരിൽ വന്നെത്തുകയായിരുന്നു. അദ്ദേഹത്തിന്റെ ദൗത്യം 'ഇസ്രയേൽ ഗോത്രത്തിലെ കാണാതെപോയ ആട്ടിൻപറ്റത്തെ' കണ്ടെത്തലായിരുന്നു. മഹത്തായ ആ ദൗത്യത്തിനിടയിൽ അദ്ദേഹം കശ്മീരിൽതന്നെ തന്റെ അന്ത്യവിശ്രമസ്ഥാനവും കണ്ടെത്തി. അദ്ദേഹത്തിന്റെ ഖബർ സ്ഥാനം കശ്മീരിലെ ഖാൻയാർ തെരുവിൽ ഇപ്പോഴും സുരക്ഷിതമായി നിലകൊള്ളുന്നു. ഭാരതത്തിനു അഭിമാനം കൊള്ളാവുന്ന മറ്റൊരു ചരിത്രസത്യംകൂടിയാണിത്.

പുരാതനകാലം മുതൽക്കേ ഭാരതം ഇസ്‌ലാമിന്റെ ഒരു പ്രതാപകേന്ദ്രമായിരുന്നു. സ്നേഹത്തിന്റെ സന്ദേശവുമായാണ് ഇസ്‌ലാം ഇവിടെ കടന്നുവന്നത്. ഒപ്പം, അറബികൾ നിരവധി ഭൗതികനേട്ടങ്ങളും ഈ നാട്ടിൽ നിന്ന് കൊയ്തെടുക്കുകയുണ്ടായി; പ്രത്യേകിച്ച് കേരളത്തിൽ നിന്ന്. നൂറ്റാണ്ടുകളോളം മുസ്‌ലിംകൾ ഭാരതഭൂമിയിൽ തങ്ങളുടെ ഭരണരഥം തെളിക്കുകയും, ആ ഭരണത്തിലൂടെ ഇസ്‌ലാമിന്റെ

മുദ്ര ഈ രാജ്യത്ത് മായാതെ പതിയുകയും, അസംഖ്യം മുസ്‌ലിം പുണ്യാത്മാക്കളിലൂടെ ഇസ്‌ലാമിന്റെ സ്വാധീനം ഈ മണ്ണിൽ വേരൂന്നപ്പെടുകയും ചെയ്തു.

ഭാരതമണ്ണിൽ ജനിച്ച ബാബാ നാനാക്ക്, ഹിന്ദുമതത്തിനും ഇസ്‌ലാം മതത്തിനുമിടക്ക് സൗഹൃദപരവും വിശാലവുമായ ഒരു പൊതുവേദി കണ്ടെത്താൻ ശ്രമിച്ചവരിൽ ഒരാളായിരുന്നു. ആ ശ്രമത്തിന്റെ ഭാഗമായാണ് അദ്ദേഹം തന്റെ ആത്മീയപ്രസ്ഥാനം ഭാരതമണ്ണിൽ പടുത്തുയർത്തിയത്. സഹസ്രാബ്ദങ്ങളായി ഇൻഡ്യയിൽ നിലവിലിരുന്ന വിഗ്രഹാരാധന സമ്പ്രദായത്തിനെതിരേ ഹിന്ദുജനതയിൽ തൗഹീദ് അഥവാ ഏകദൈവവിശ്വാസം പ്രബോധനം ചെയ്ത ഭക്തനായ ഒരു മുസ്‌ലിം വൊലി (സിദ്ധൻ) ആയിരുന്നു നാനാക്ക്. ഇന്ന്, ഈ വർത്തമാനകാലത്ത്, ഇത് മറ്റാരും തന്നെ പ്രത്യേകിച്ച് സിക്കുജനത അംഗീകരിക്കുമെന്നു തോന്നുന്നില്ല. കോടിക്കണക്കിന് സിക്കുകാർക്ക് ആത്മീയ ഗുരുനാഥനാണ് ഇന്ന് ഹദ്റത്ത് ബാബാനാനാക്ക്.

സഹസ്രാബ്ദങ്ങളായി ഹിന്ദുമത വിശ്വാസികളുടെ ഈറ്റില്ലമായിരുന്ന ഈ ആർഷഭൂമിയിൽ, പിൽക്കാലത്ത് ബൗദ്ധരും ജൈനരും വളർന്നു വികസിച്ചു. സൊറോസ്റ്റർ മതക്കാരും തങ്ങളുടെ ആശയപ്രചാരണത്തിനുള്ള വേദിയായി ഈ രാജ്യത്തെ കരുതി. ചരിത്രാതീതകാലം മുതൽക്കുതന്നെ യഹൂദന്മാരും ഇവിടെ പാർത്തുവന്നു. അവരെ തേടിയാണ് തോമാശ്ലീഹ കേരളത്തിൽ കാലുകുത്തിയത്. പ്രായേണ ക്രിസ്തുമതത്തിനും ഇവിടെ വേരുകളുണ്ടായി.

എല്ലാ ആത്മീയവാഗ്ദാനങ്ങളെയും ഭാരതം കാലാകാലം ഏറ്റുവാങ്ങുകയായിരുന്നു. ഒട്ടനവധി ആത്മദർശനങ്ങൾ ഇവിടെ തളിർക്കുകയും വളരുകയും ചെയ്തു. പരസ്പരവിരുദ്ധമായ ദർശനങ്ങൾ ആയിരുന്നു അവയിൽ ചിലത്. എന്നിട്ടും സംഘർഷവും സംഘട്ടനവും കൂടാതെ ഈ ജീവിതദർശനങ്ങൾ സ്വാതന്ത്ര്യത്തിന്റെ ജീവവായു ശ്വസിച്ച് ഇവിടെ വളരുകയും വികാസം പ്രാപിക്കുകയും ചെയ്തു. ഈ ദേശത്തെ എല്ലാ സാമ്രാജ്യത്വ പരിണാമങ്ങൾക്കും ഈ ആദർശങ്ങളുടെ ഉപജ്ഞാതാക്കൾ സാക്ഷിനിന്നു. ഹിന്ദുക്കൾ, ബുദ്ധമുതക്കാർ, ജൈനർ, പാഴ്സികൾ, യഹൂദർ, ക്രിസ്ത്യാനികൾ, മുസ്‌ലിംകൾ, സിക്കുകാർ എന്നല്ല, എല്ലാ മതവിഭാഗങ്ങളും പരസ്പരാദരവോടെ സഹിഷ്ണുതാഭാവത്തോടെ ഈ പുണ്യഭൂമിയിൽ ജീവിച്ചുപോന്നു. ഇത്ര വൈവിദ്ധ്യമേറിയ വ്യത്യസ്ത മതവിഭാഗങ്ങൾ ഒത്തൊരുമയോടെ ജീവിച്ച മറ്റൊരു ഭൂപ്രദേശം ഭൂമിയിലില്ല. സകല ചിന്താപ്രസ്ഥാനങ്ങൾക്കും വേരൂന്നാനും വളരാനും വളക്കൂറുള്ള മണ്ണായിരുന്നു ഭാരതത്തിലേത്.

'സത്യമേവ ജയതേ', 'ലോകോ സമസ്താ സുഖിനോ ഭവന്തു' എന്നീ മഹത്തായ മുദ്രാവാക്യങ്ങൾ മുഴങ്ങിനിൽക്കുന്ന ഈ പുണ്യദേശത്തിന് ചരിത്രപരവും, അതിദിവ്യവുമായ ഒരു ദൗത്യം, ഒരു കർത്തവ്യം, നിറവേറ്റാൻ ബാക്കിയുണ്ടായിരുന്നു.

സർവസമുദായങ്ങളിലും പ്രതീക്ഷിക്കപ്പെടുന്ന അന്ത്യകാലത്തെ ആത്മീയഗുരു പ്രത്യക്ഷനാകേണ്ടത് ഈ ഭാരതത്തിലായിരുന്നുവെന്നതായിരുന്നു ആ സത്യം. കൽക്കി അവതരിക്കേണ്ടതും ഇവിടെത്തന്നെയാണ്. മിശിഹാ ഇറങ്ങേണ്ടതും ഇതേ മണ്ണിൽ തന്നെ. മഹ്ദി ഇമാം വെളിപ്പെടേണ്ടതും മറ്റെങ്ങുമല്ല. അറബിദേശത്ത് ഏകദൈവ വിശ്വാസത്തിന്റെ പൊൻവെളിച്ചം പരത്തിയ പ്രവാചകപ്രഭുവായ മുഹമ്മദ് നബി(സ), ഒരു ആത്മീയോദ്ധാരകൻ, എന്ന്, എവിടെ, പുനരാവിർഭവിക്കുമെന്നു വിശുദ്ധ ഖുർആനിലൂടെ പ്രവചിച്ചിരുന്നുവോ, ആ മഹത്തായ ഭൂമിയും നമ്മുടെ ഭാരതമായിരുന്നു.

ഈ മണ്ണിൽ തന്നെയാണ് ആദം നബി(അ)യും ജനിച്ചതെന്നു വിശ്വസിക്കപ്പെടുന്നു. ശിവപാർവതിമാർ ആദമും ഹവ്വയും ആയിരുന്നുവെന്നൊരു വാദമുണ്ട്. ആയിക്കൂടെന്നില്ല. അത്ര പൗരാണികമായൊരു അദ്ധ്യാത്മിക പാരമ്പര്യം നമ്മുടെ ദേശത്തിനുണ്ട്. ഒരു അറബി കവിതയിൽ ഇങ്ങനെ പറയുന്നു.

"ഹദ്റത്ത് ആദം നബി(അ) പാർത്ത സ്ഥലം ഇൻഡ്യാമഹാരാജ്യമാണ്. അവിടെ പ്രവാചകശ്രേഷ്ഠന്റെ പൊലിമ പ്രകാശിച്ചു. ഇതിൽ നിന്നും നമ്മുടെ മഹ്ദിയും ഇൻഡ്യാക്കാരനായിരിക്കുമെന്നു വ്യക്തമാക്കുന്നു. അദ്ദേഹം അല്ലാഹുവിന്റെ ഊരിയ വാളുകളിൽ ഒന്നാകുന്നു."

ആദ്യപ്രവാചകനായ ആദംനബി(അ) ഇൻഡ്യയിൽ വന്ന്, ശ്രീലങ്കയിൽ പോയി എന്നാണ് വിശ്വസിക്കപ്പെടുന്നത്. ശ്രീലങ്കയിലെ ആദം മല ഈ ചരിത്രവസ്തുതക്ക് ഒരു തെളിവായി സൂചിപ്പിക്കപ്പെടുന്നു. ആദംനബിയുടെ പരമ്പരയിൽപ്പെട്ട 'ഹ്യൂശഞ്ജുബിനു കൈമുറസ്' ഇവിടെ നബിയായിരുന്നുവെന്ന് കേരളത്തിലെ ഒരു മഹാപണ്ഡിതനായിരുന്ന ശുജായി മൊയ്തു മുസല്യാർ, തന്റെ 'ഫൈസുൽ ഫയ്യ്യാദി'ൽ പറഞ്ഞിട്ടുണ്ട്.

നൂഹ് നബി(അ) ആയിരുന്നു ഇന്ന് ഭാരതത്തിലെ മനു ആയി അറിയപ്പെട്ടത്. ആദ്യത്തെ 'ശരീഅത്ത് നബി' ആയിരുന്നു നൂഹ് നബി(അ). മനുസ്മൃതി ആകട്ടെ, ഭാരതത്തിലെ ശരീഅത്ത് ഗ്രന്ഥവും മനുസ്മൃതിക്ക് ബൈബിളിനും തൗറാത്തിനും ഇഞ്ചീലിനും പിൽക്കാലത്തു സംഭവിച്ചതുപോലെ നിരവധി കൈകടത്തലുകളുണ്ടായി. എങ്കിൽപ്പോലും മനുസ്മൃതിലൂടെ കടന്നുപോകുന്നവർക്ക്, അതിൽ പരിശുദ്ധ ഖുർആനിലെ നിരവധി

ധാർമ്മികത്വങ്ങളുടെ തെളിവാർന്ന സ്വാധീനം കാണാൻ കഴിയും. ഹിന്ദുപുരാണങ്ങളിലെ മനുവും, ബൈബിളിലെ നോഹയും, ഖുർആനിലെ നൂഹ് നബിയും ഒരാൾതന്നെയെന്നു വ്യക്തമാകുന്നു. 'നൂഹ്' മനൂഹ് ആയി പിന്നീട് മനു ആയിത്തീരാൻ സാധ്യതയുണ്ട്. നൂഹും, മനാഹിമും, മനുവും ഒരാൾത്തന്നെ എന്നു കരുതാവുന്നതിനുള്ള സാധ്യതകളാണ് ഈ സൂചനകളിലൂടെ നാം കാണുന്നത്.

ഒരു പുരാണ ഹൈന്ദവഗ്രന്ഥമായ 'ശതപഥബ്രാഹ്മണ'ത്തിൽ എഴുതപ്പെട്ടിരുന്നത് ഈ നിഗമനങ്ങളെ കൂടുതൽ സാധൂകരിക്കുന്നു.

"സൂര്യദേവതയായ വിവസ്വാന്റെ പുത്രനും ആദ്യമനുഷ്യനും (പൂർണ്ണ മനുഷ്യൻ) ആയ വൈവസത്വമനു കുളിക്കാൻ പോയപ്പോൾ കിട്ടിയ ഒരു മത്സ്യം ചെന്ന് ഒരു തോണി വലിച്ച് പർവതത്തിനുമേൽ കൊണ്ടുവക്കുകയും വെള്ളപ്പൊക്കം നിലച്ചപ്പോൾ മനു കരയ്ക്കിറങ്ങുകയും ചെയ്തു."

മത്സ്യം, താൻ ബ്രഹ്മാവ് അഥവാ ദൈവം തന്നെയെന്ന് മനുഷ്യനെ അറിയിച്ചുവെന്നും മനുവിനോടൊപ്പം ഏഴു ഋഷിമാർ രക്ഷപ്പെട്ടുവെന്നുമുള്ള മറ്റൊരു ഐതിഹ്യത്തെപ്പററിയും മഹാഭാരതത്തിൽ പറയുന്നുണ്ട്. ജീവിവർഗ്ഗങ്ങളുടെ ഇണകളെ മനു തന്റെ പടവിൽ കയറ്റിയതായി ഭാഗവതവും കൂട്ടിച്ചേർക്കുന്നു.

## ശ്രീകൃഷ്ണൻ(അ) ഒരു നബി

ഭാരതത്തിൽ അവതാരമെടുത്ത ശ്രീകൃഷ്ണൻ(അ) ശ്രീരാമൻ (അ) എന്നിവർ പ്രവാചകന്മാരായിരുന്നുവെന്നതും ഇന്നത്തെ മുസ്‌ലിം ലോകം അംഗീകരിക്കുകയില്ല. എന്നാൽ, തിരുനബി(സ) വ്യക്തമായി തന്നെ നമുക്കറിവു തന്നിരുന്നു, ഇൻഡ്യയിൽ തലമുറ തലമുറയായി ആദരിക്കപ്പെടുകയും ഭക്തിപൂർവ്വം സ്മരിക്കപ്പെടുകയും ചെയ്യുന്ന മഹാത്മാ കൃഷ്ണൻ ഒരു പ്രവാചകൻ (നബി) തന്നെയായിരുന്നുവെന്ന്. 'കാന ഫിൽ ഹിന്ദി നബിയ്യുൻ അസ്‌വദുല്ലൗനി ഇസ്മുഹൂ കാഹിനാ' എന്ന ഹദീസ് അഥവാ നബിവാക്യം ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. ഇൻഡ്യയിൽ വന്ന കാർവർണ്ണനായ കണ്ണനെ കുറിച്ചുതന്നെയാണ് തിരുനബി(സ) ഇങ്ങിനെ പ്രസ്താവിച്ചിട്ടുള്ളത്. ഇത് ഭാരതമണ്ണിന്റെ ആത്മീയമഹത്വം ഒരു പടികൂടി വർദ്ധിപ്പിക്കുന്നു. ശ്രീരാമനും ശ്രീകൃഷ്ണനും നബിമാരായിരുന്നുവെന്ന് ഇൻഡ്യയിലെ പ്രസിദ്ധ മുസ്‌ലിം പണ്ഡിതായിരുന്ന ഹസ്രത്ത് മുഹമ്മദ് കാസിം നാനൂത്‌വി പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ, തനിക്കു ലഭ്യമായ ദൈവികബോധനമനുസരിച്ച് ഇതെപ്പറ്റി കുറേക്കൂടി ആധികാരികമായി ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ) എഴുതിയിട്ടുണ്ട്.

"എനിക്കു വെളിപ്പെടുത്തപ്പെട്ടതു പ്രകാരം രാജാകൃഷ്ണൻ യഥാർത്ഥത്തിൽ ഒരു പരിപൂർണ്ണ മനുഷ്യനായിരുന്നു. ഹിന്ദുക്കളിലോ ഋഷിമാരിലോ അവതാരപുരുഷന്മാരിലോ അദ്ദേഹത്തിനു സമനായി ആരുമില്ല. അദ്ദേഹം തന്റെ കാലത്തെ അവതാരം അഥവാ നബി തന്നെയായിരുന്നു. ശ്രീകൃഷ്ണന് ദൈവത്തിൽ നിന്ന് 'റൂഹുൽ ഖുദ്സ്' ഇറങ്ങാറുണ്ടായിരുന്നു. അദ്ദേഹം ദൈവത്തിൽ നിന്നുള്ള വിജയശാലിയും ഐശ്വര്യവാനും ആയിരുന്നു. ആര്യാവർത്തത്തെ അദ്ദേഹം പാപത്തിൽ നിന്നും ശുദ്ധീകരിച്ചു. തന്റെ കാലഘട്ടത്തിലെ ഒരു നബി ആയിരുന്നിട്ടും അദ്ദേഹം നൽകിയ പാഠങ്ങൾ പിൽ ക്കാലത്ത് പലനിലയിലും വികൃതമാക്കപ്പെടുകയുണ്ടായി. ദൈവപ്രേമം നിറഞ്ഞുനിന്ന ഒരാളായിരുന്നു രാജാകൃഷ്ണൻ. നന്മയെ പരിണയിച്ച ആളും തിന്മയെ വെറുത്തിരുന്ന ആളും ആയിരുന്നു അദ്ദേഹം."

ഈ മഹാത്മാവിനെപ്പറ്റി ഹൈന്ദവപുരാണങ്ങളിൽ പ്രത്യക്ഷപ്പെട്ട ചില കഥകൾ, അവ തികച്ചും ആലങ്കാരികഭാവത്തിലുള്ളവയായിരുന്നുവെന്നതു ധരിക്കാതെ, ഹിന്ദുക്കളിൽ ബഹുഭൂരിപക്ഷവും അവ വാച്യാർത്ഥത്തിൽ അപ്പടി വിശ്വസിക്കുകയാണിന്നും. പതിനാറായിരത്തിയെട്ടു പത്നിമാരുമായി ജീവിച്ച ശ്രീകൃഷ്ണൻ, കുളക്കടവിൽ നിന്ന് ഗോപസ്ത്രീകളുടെ ഉടുവസ്ത്രങ്ങളെടുത്ത് മരത്തിൽ കയറി മറഞ്ഞിരുന്നു. അവരെ ഒളിച്ചുനോക്കിയ കൃഷ്ണനെ, അടുക്കളയിൽ നിന്ന് വെണ്ണ കട്ടുതിന്നുന്ന ഉണ്ണിക്കണ്ണനെ, ഒക്കെയാണ് അതേ ബാഹ്യാർത്ഥത്തിലും ഭാവത്തിലും ഇന്നത്തെ ഹിന്ദുവിശ്വാസികളിൽ ഭൂരിപക്ഷവും കാണുന്നതെന്നത് വിരോധാഭാസവും വിചിത്രവും തന്നെ! ദൈവം അയച്ച ഒരു ദിവ്യാത്മാവിനെപ്പറ്റിയാണ് ഇത്തരത്തിലുള്ള വൈകൃതകഥകൾ പ്രചരിപ്പിക്കപ്പെട്ടതെന്നോർക്കണം. ആ കഥകളിൽ ഊറിനിൽക്കുന്ന ആലങ്കാരികതയുടെ അർത്ഥവ്യാഖ്യാനം മനസ്സിലാക്കാൻ ശ്രമിച്ചാൽ മാത്രമേ യാഥാർത്ഥ്യബോധം കൈവരികയുള്ളൂ. കുഷ്ഠരോഗിയെ തഴുകി സൗഖ്യമാക്കിയ, അന്ധനു കാഴ്ച നൽകിയ, പച്ചവെള്ളം വീഞ്ഞാക്കി മാറ്റിയ, അഞ്ചപ്പം കൊണ്ട് അയ്യായിരങ്ങളെ തീറ്റിയ, ക്രിസ്തുദേവനെപ്പറ്റി എത്രയെത്ര കഥകളാണ് ബൈബിളിൽ തന്നെ ഉള്ളത്? ആ കഥകളുടേയും, വാച്യപ്രയോഗങ്ങളുടേയും ആന്തരീകവും ആത്മീയവുമായ അർത്ഥ്യവ്യാഖ്യാനങ്ങൾ തേടാൻ ശ്രമിച്ചാൽ മാത്രമേ, സത്യം മനസ്സിലാക്കാനാവൂ. എന്തിനു ഹിന്ദു/ക്രൈസ്തവ വിഭാഗങ്ങളെ മാത്രം ഈ വിഷയത്തിൽ കുറ്റപ്പെടുത്തണം, ഇന്നു മുസ്‌ലിംകളിൽ ബഹുഭൂരിപക്ഷവും ഇത്തരം പൂർവകഥകളിൽ വിശ്വസിച്ചു കഴിയുന്നവരല്ലേ?

ഇമാം മഹ്ദിയുടെ കാലത്ത് പ്രത്യക്ഷപ്പെടുന്ന ദജ്ജാലിനെകുറിച്ച് നബി(സ) നൽകിയ ചില സൂചനകൾ, തികച്ചും ആലങ്കാരികഭാഷയിലുള്ള ആ പ്രവചനങ്ങൾ, അവ

ബാഹ്യാർത്ഥത്തിൽതന്നെ പുലരുമെന്നല്ലേ മുസ്ലിംകളിൽ വലിയൊരു വിഭാഗം ഇന്നും വിശ്വസിക്കുന്നത്?

ദജ്ജാൽ ഒറ്റക്കണ്ണനായിരിക്കും, സ്വർഗ്ഗനരകങ്ങൾ അവന്റെ കൂടെയുണ്ടാകും, ആകാശത്തോടു മഴ വർഷിക്കാൻ അവൻ കൽപ്പിക്കുമ്പോൾ മഴ പെയ്യിക്കും, ഭൂമിയെ മുളപ്പിക്കാൻ പറയുമ്പോൾ ഭൂമി മുളപ്പിക്കും, തരിശ് ഭൂമിയിലൂടെ സഞ്ചരിക്കുമ്പോൾ അവൻ പറയും നിന്റെ ഖജനാവുകൾ പുറത്തെടുക്കുക എന്ന്, തുടങ്ങി, ദജ്ജാലിനു വാഹനമായി ഒരു കഴുതയുണ്ടായിരിക്കും, അതിന്റെ ഇരുചെവികൾക്കുമിടയിൽ 70 മുഴം ഇടമുണ്ടായിരിക്കും. അവന്റെ ഒരു കാല് പടിഞ്ഞാറാണെങ്കിൽ അടുത്തത് കിഴക്കായിരിക്കും, എന്നതുവരെ ആ വാക്യാർത്ഥത്തിൽ തന്നെ വിശ്വസിക്കുന്നവർ ഇന്നു മുസ്ലിംകളിൽ തന്നെയില്ലേ?

## അറബി, പൗരാണിക ഭാരതീയ ഭാഷ

ഇപ്പോഴും ഇൻഡ്യയുമായുള്ള ബന്ധം ചരിത്രപ്രസിദ്ധമാണെങ്കിലും, ഭാരതവും അറേബ്യയും തമ്മിലുള്ള ബന്ധത്തിന് ചരിത്രാതീതകാലത്തെ പഴക്കമുണ്ട്. ഇസ് ലാമിന്റെ അടിസ്ഥാനഭാഷയായ അറബിയുമായുള്ള ബന്ധവും അപ്രകാരം തന്നെ. എന്നാൽ ഈ അറബിഭാഷ, പ്രാചീനാര്യാവർത്തത്തിൽ ഉയർന്ന തലത്തിൽ കൈകാര്യം ചെയ്യപ്പെട്ടിരുന്നുവെന്നത് അതിശയകരമായി ത്തോന്നാം. പൗരാണിക ഇൻഡ്യയിൽ പ്രചാരത്തിലുണ്ടായിരുന്ന ഭാഷയാണ് അറബിയെന്ന്. 'കേരളപ്പഴമ'യിൽ പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. രാജ്യതന്ത്രജ്ഞന്മാർക്കിടയിലെ സംസാരഭാഷയായിരുന്ന അറബി എന്ന് ആര്യസമാജം സ്ഥാപകനായ സ്വാമി ദയാനന്ദസരസ്വതി തന്നെ സമതിച്ചിട്ടുള്ളതാണ്. ഈ ചരിത്ര സത്യം അദ്ദേഹം, ബനാറസ് സ്റ്റാർ പ്രസ്സിൽ നിന്നും അച്ചടിച്ചു പുറത്തിറക്കിയ സത്യാർത്ഥപ്രകാശ'ത്തിൽ എടുത്തു പറഞ്ഞുവെങ്കിലും പിന്നീടു പുറത്തുവന്ന അതേ ഗ്രന്ഥത്തിന്റെ പതിപ്പുകളിൽ നിന്ന് ആ ഭാഗം ബോധപൂർവ്വം ഒഴിവാക്കപ്പെടുകയായിരുന്നു. പഞ്ചപാണ്ഡവന്മാർ അരക്കില്ലത്തിൽ താമസിച്ചിരുന്നപ്പോൾ അറബിയാണു സംസാരിച്ചിരുന്നതത്രെ.

## ഖാദിയാൻ വേദങ്ങളിൽ

വേദഗ്രന്ഥങ്ങളിലും യുഗപുരുഷന്റെ നാമവും നാടിന്റെ പേരും സൂചിപ്പിക്കപ്പെട്ടിട്ടുണ്ട്. ഋഷിവര്യനായ അഹ്മദിന്റേയും അദ്ദേഹം ജനിച്ച നാടെന്ന നിലയിൽ ഖാദിയാന്റെയും പേരുകൾ 'അഥർവ്വവേദ'ത്തിൽ പറയുന്നു.

'ലോകത്തെ പ്രകാശവത്താക്കുന്ന ഋഷി എന്നാണ് വരിക....?' (അഥർവ്വ വേദം കാണ്ഡം 20 സൂക്തം 50 മന്ത്രം 12). "ആ ഋഷി മറ്റൊരു മഹർഷിയുടെ പ്രതിനിധിയും പിന്തുടർച്ചക്കാരനുമായിരിക്കും. ലോകർ അദ്ദേഹത്തിന്റെ ശ്രമങ്ങളെ തടയാൻ ശ്രമിക്കും, എന്നാൽ അവരുടെ ശ്രമങ്ങൾ വിജയിക്കില്ല. സാത്വികർ അദ്ദേഹത്തിൽ വിശ്വാസം കൊള്ളും. അദ്ദേഹം തന്റെ ആത്മീയജ്ഞാനം ഉപയോഗപ്പെടുത്തും. അതായത്, വാൾ കൊണ്ടല്ല, ആത്മീയജ്ഞാനം കൊണ്ടാവും കീഴടക്കുക." (മന്ത്രം – 7)

"ഈ ഋഷിയുടെ വീരാപദാന കേന്ദ്രം 'ഖദൂൻ' അഥവാ ഖാദിയാൻ ആയിരിക്കും. അഹ്മദ് എന്നായിരിക്കും ഋഷിയുടെ പേര്. വിവേകശാലിത്വത്തോടെ തന്റെ ആത്മീയപിതാവിന്റെ സത്യത്തെ അദ്ദേഹം ഉയർത്തിക്കാട്ടും. സത്യം കാരണം താൻ സൂര്യനു തുല്യനായി ജന്മമെടുത്തിരിക്കയാണെന്ന് അദ്ദേഹം പറയും." (സൂക്തം 115 – മന്ത്രം – 1)

"അദ്ദേഹം ആത്മീയജ്ഞാനം കൊണ്ട് ലോകത്തെ പ്രകാശവത്താക്കും. ലോകത്തിന്റെ സുഖത്തിനു വേണ്ടി സ്വയം ദുഃഖം സഹിക്കുന്ന അനേകരോടൊന്നിച്ച് നദിക്കരെ വസിക്കും." (സൂക്തം – 137, മന്ത്രം – 7).

ബാബാ നാനാക്ക് (റ) യുഗപുരുഷന്റെ ആവിർഭാവത്തെപ്പറ്റി വ്യക്തമായി പ്രവചിച്ചിട്ടുണ്ട്.

"ഭക്തകബീറിനേക്കാൾ വലിയൊരു ഗുരു ഉണ്ടാകുമോ, എങ്കിൽ എവിടെ എപ്പോൾ പ്രത്യക്ഷനാകും...?" എന്ന ഒരു ചോദ്യത്തിന് ഗുരുനാനാക്ക് ഇങ്ങനെ മറുപടി പറഞ്ഞു.

"വരാനുള്ള ഗുരു നൂറുവർഷത്തിനുശേഷം വരും. അദ്ദേഹം ഒരു ജന്മി ആയിരിക്കും. വടാന പർഹന (ബട്ടാല താലൂക്കിൽ)യിൽ ആണു വരിക. ഭക്തകബീറിനേക്കാൾ വലിയ ആൾ ആയിരിക്കും ആ മഹാത്മാവ്...."

അതെ, അവ, ആ പ്രവചനങ്ങൾ അക്ഷരം പ്രതി പൂർത്തിയായിരുന്നു. ദിമിഷ്കിനു കിഴക്ക്, ഇൻഡ്യാരാജ്യത്ത് പഞ്ചാബിൽ, ഗുരുദാസ്പൂർ ജില്ലയിൽ, ബട്ടാല താലൂക്കിൽ, രണ്ടു നദികൾക്കിടയിലുള്ള ഖാദിയാൻ എന്ന ഗ്രാമത്തിൽ, ഒരു രാജകീയ ഗൃഹത്തിൽ ജന്മികളിൽ ഒരാളായി അഹ്മദ് എന്ന പേരുള്ള ഒരു ഋഷി അഥവാ നബി ജനിക്കുമെന്ന പ്രവചനങ്ങൾ ഹദ്റത്ത് അഹ്മദുൽ ഖാദിയാനി(അ)യുടെ ആവിർഭാവത്തോടെ പൂർത്തിയായിരിക്കുന്നു.

ഭാരതം, തീർച്ചയായും ഒരനുഗൃഹീതമായ പുണ്യഭൂമിയാണ്. ദൈവത്തിന്റെ വരിഷ്ഠദേശം. ലോകത്തിന്റെ തന്നെ ഭാവി ഭാരതവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഒരു വിശുദ്ധ ഭൂമിയിലാണ് യുഗപുരുഷൻ പ്രത്യക്ഷനായിരിക്കുന്നത്; സകലമതങ്ങളിലും വാഗ്ദാനം ചെയ്യപ്പെട്ട പ്രവാചകൻ, ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ).

ആ ദൈവദൂതൻ പിറവിയെടുത്ത ഈ മണ്ണിൽ ജനിക്കാനിടവന്ന നാം എത്രയോ ഭാഗ്യവാന്മാർ. ■

ലേഖനം

വിശുദ്ധഖുർആനും സമുദ്രശാസ്ത്രവും – 2

# ഉപ്പ്‌വെള്ളത്തിന്റെ രസതന്ത്രം

എ.എം. മുഹമ്മദ് സലീം

## സമുദ്രജലത്തിലെ ഉപ്പും ചൂടുമാണ് സമുദ്രത്തെ ചലനാത്മകമാക്കുന്നത്

നമ്മുടെ ശാസ്ത്ര ബോധത്തെ ഉത്തേജിപ്പിക്കുന്നതും വഴി കാണിക്കുന്നതുമായ സൂക്ഷ്മവും വിസ്മയകരവുമായ അനേകം പ്രതിപാദനങ്ങൾ വിശുദ്ധ ഖുർആനിൽ കാണാം. ഖുർആൻ റസൂൽ തിരുമേനി (സ) ക്ക് അവതരിച്ചത് ഭൂമദ്ധ്യരേഖാ പ്രദേശത്തിനടുത്തുള്ള അറേബ്യയിൽ വെച്ചായിരുന്നുവല്ലോ. തിരുമേനി (സ) ഒരിക്കലും മാസങ്ങളോളം സൂര്യനസ്തമിക്കാത്ത ധ്രുവപ്രദേശം കാണുവാൻ സാധ്യതയില്ല. എന്നാൽ സൂര്യൻ തലക്ക് മീതെ അസ്മതിക്കാത്ത ധ്രുവ പ്രദേശത്തെപ്പറ്റി വിശുദ്ധ ഖുർആനിൽ പ്രതിപാദനമുണ്ട്. ഒരു ചരിത്ര സംഭവം വിവരിച്ചുകൊണ്ട് ഖുർആനിലെ ധ്രുവപ്രദേശത്തിന്റെ സൂചനയെപ്പറ്റി പ്രതിപാദിക്കാം.

വിശുദ്ധഖുർആൻ ഹൃദിസ്ഥമാക്കിയ മഹാനായ ശാസ്ത്ര പ്രതിഭയായിരുന്നു അൽബിറൂണി. (ക്രി. വ. 973–1050) ആയിരം വർഷങ്ങൾക്കു മുമ്പ് ഖുർആൻ അവലംബമാക്കി അദ്ദേഹം നടത്തിയ ഒരു പ്രസ്താവനയിലടങ്ങിയ ഭൂമിശാസ്ത്രപരമായ ഉൾക്കാഴ്ച നമ്മെ അത്ഭുതപ്പെടുത്തുന്നു. പേർഷ്യൻ രാജാവായിരുന്ന മഹ്മൂദ് ഗസ്നവിയുടെ കൊട്ടാരത്തിലെ ഉപദേശകനായിരുന്നു അൽബിറൂണി. ഒരിക്കൽ ആർട്ടിക് പ്രദേശത്ത് (വടക്കൻ ധ്രുവപ്രദേശം) സഞ്ചരിക്കാനിട വന്ന ഒരു യാത്രക്കാരനായ കച്ചവടക്കാരൻ രാജധാനിയിൽ ആഗതനായി. അദ്ദേഹം ആ പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ വിവരിച്ചു. രോമക്കുപ്പായം ധരിച്ച് നടക്കുന്ന ജനങ്ങൾ അവരാകട്ടെ ഉറച്ച മഞ്ഞ്സമുദ്രം തുരന്ന് മീൻ പിടിക്കുന്നതും ഹിമം കൊണ്ട് നിർമ്മിച്ച അവരുടെ വീടും വെള്ളക്കരടികൾ മേഞ്ഞു നടക്കുന്ന പ്രദേശത്തെപ്പറ്റിയുമെല്ലാം വിവരിച്ച ആ വണിക്ക് അവിടെ മാസങ്ങളോളം സൂര്യൻ അസ്തമിക്കാറില്ല എന്നും പറഞ്ഞു. ഇതുകേട്ടപ്പോൾ രാജാവിന് കോപം കയറി. അയാൾ പറഞ്ഞത് കള്ളമാണെന്ന് പറഞ്ഞ് രാജാവ് ആ കച്ചവട യാത്രക്കാരനെ ഭർത്സിക്കുകയുണ്ടായി. റസൂൽ തിരുമേനി (സ)സൂര്യന്റെ ഉദയവും അസ്തമയവും അടിസ്ഥാനമാക്കിയുള്ള നിസ്കാരങ്ങളെ പറ്റിയാണല്ലോ പറഞ്ഞിട്ടുള്ളത്. അവിടെ സൂര്യൻ ഉദിക്കുകയും അസ്മതിക്കുകയും ചെയ്യുന്നില്ലെങ്കിൽ ഈ കല്പന എങ്ങനെ നിർവ്വഹിക്കും എന്നായിരുന്നു രാജാവിന്റെ ചോദ്യം. ഈ സംഭാഷണം കേട്ട് രാജധാനിയിൽ ഇരിക്കുകയായിരുന്ന അൽ ബിറൂണി വണിക്കിന്റെ രക്ഷക്കെത്തുകയായിരുന്നു. ഖുർആനിലെ ഒരു സൂക്തമുദ്ധരിച്ചായിരുന്നു വണിക്കിന്റെ ധ്രുവപ്രദേശത്തെപറ്റിയുള്ള വിവരണത്തിന് അൽബിറൂണി സാധൂകരണം നൽകിയത്. സൂറ:കഹ്ഫിൽ ദുൽഖർനൈൻ രാജാവ് നടത്തിയ ഒരു യാത്രയെ സംബന്ധിച്ച് പറയുന്ന സ്ഥലത്തെപ്പറ്റി ഖുർആൻ വിവരിക്കുന്ന വചനമാണ് അൽബിറൂണി ഉദ്ധരിച്ചത്. ഇതാണ് വചനം.

*'അങ്ങനെ അദ്ദേഹം സൂര്യോദയ സ്ഥാനത്തെത്തിയപ്പോൾ അത് ഒരു ജനതയുടെ മേൽ ഉദിച്ചുയരുന്നതായി അദ്ദേഹം കണ്ടു. അതിനെതിരെ നാം ഒരു മറയും (അസ്തമയ) ഉണ്ടാക്കിയിട്ടില്ല.' (18:91).*

അപ്പോൾ സൂര്യന് ദീർഘനാൾ അസ്തമയമില്ലാത്ത ഒരു സ്ഥലം ഭൂമിയിലുണ്ടാവാമെന്ന് ഈ വചനം വ്യക്തമാക്കുന്നു. അൽബിറൂണിയുടെ വിശദീകരണം രാജാവിനെ തൃപ്തനാക്കി. വണിക്ക് രക്ഷപ്പെടുകയും ചെയ്തു. ശാസ്ത്ര പടുവായ അൽബിറൂണിയുടെ ശാസ്ത്ര ചിന്തകൾക്ക്

ഖുർആൻ വഴികാട്ടിയാവുകയായിരുന്നു.

## കടലും കരയും ഖുർആനിലും ഭൂമിയിലും

ഭൂമിയുടെ ഉപരിതലത്തിന്റെ 71 ശതമാനം സമുദ്രമാണ്. അഥവാ ജലമണ്ഡലമാണ്. ബാക്കി 29 ശതമാനം കരയുമാണല്ലോ. ഇതേ അനുപാതത്തിൽ തന്നെയാണ് ഖുർആനിൽ കടലിനും കരക്കുമപയോഗിച്ച പദങ്ങളുടെ എണ്ണവും. കടലിന് 'ബഹ്ർ' എന്നും കരക്ക് 'ബർറ്' എന്നുമാണ് ഖുർആൻ പ്രയോഗിച്ച പദങ്ങൾ. ഇതിൽ 'ബഹ്ർ' 32 തവണയും 'ബർറ്' 13 തവണയും ഖുർആനിൽ ഉപയോഗിച്ചിട്ടുണ്ട്. രണ്ടും കൂടി മൊത്തം 45 തവണ 32 എന്നത് 45ന്റെ 71 ശതമാനമാണല്ലോ. അതുപോലെ 13 എന്നത് 45ന്റെ 29 ശതമാനവുമാണ്. 71% കടലും 29% കരയുമായി ഭൂമി സൃഷ്ടിച്ച അല്ലാഹു തന്നെയാണ് വിശുദ്ധഖുർആനുംസൃഷ്ടിച്ചത് എന്നതിലേക്ക് ഇത് വിരൽ ചൂണ്ടുന്നില്ലേ?

## ജലത്തിന്റെ അതുല്യവിശേഷങ്ങൾ

എണ്ണിയാലൊടുങ്ങാത്ത വളരെയേറെ അതുല്യ സവിശേഷതകളുള്ള അല്ലാഹുവിന്റെ അനുഗൃഹീത സൃഷ്ടിയാണ് ജലം. ജലമില്ലാത്ത ഒരു ഘന സെ. മീറ്റർ വായുവോ ഒരു ഗ്രാം മണ്ണോ ഭൂമിയിലില്ല. ക്രി. വ. 1781 വരെ ജലം പഞ്ച മൂലകങ്ങളിൽ പെട്ട ഒരു മൂലകമാണെന്നായിരുന്നു കരുതിയിരുന്നത്. ഹൈഡ്രജനും ഓക്സിജനും ചേർന്ന ഒരു രാസ സംയുക്തമാണ് ജലം എന്ന് തെളിയിച്ചത് ഹെൻട്രി കാവന്റിഷ് എന്ന ശാസ്ത്രജ്ഞനാണ്. കത്തുന്ന വാതകമായ ഹൈഡ്രജനും കത്താൻ സഹായിക്കുന്ന ഓക്സിജനും ചേർന്ന് ഉണ്ടാകുന്ന ജലം സ്വയം കത്തുകയോ കത്താൻ സഹായിക്കുകയോ ചെയ്യാത്തതും കത്തുന്നതിനെ അണക്കുന്നതുമാണ്. മറ്റു ദ്രവ്യങ്ങൾക്കൊന്നുമില്ലാത്ത പല സവിശേഷതകളുമുള്ള ഒരു അത്യപൂർവ്വ വസ്തുവാണ് ജലം. അതുകൊണ്ടാണ് ഖുർആൻ ചോദിക്കുന്നത്.

*'നിങ്ങൾ കുടിക്കുന്ന വെള്ളത്തെക്കുറിച്ച് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ'? (56:69) എന്ന്.*

ഖരാവസ്ഥയിലും ദ്രാവകാവസ്ഥയിലും ഉള്ള ജലത്തിന്റെ അസാധാരണ ഘടനയും ജല തന്മാത്രകളുടെ ധ്രുവീയത (Polarity) യുമാണ് ജലത്തിന്റെ പ്രത്യേകതകൾക്കടിസ്ഥാനം. ഇതിനെപ്പറ്റി പിന്നീട് പ്രതിപാദിക്കാം. മറ്റൊരു പ്രധാന ഗുണമാണ് ഉയർന്ന താപധാരിത (Heat Capacity). വെള്ളം വളരെ സാവധാനത്തിലേ ചൂടാവൂ. അത്രയും ചൂട് പിടിച്ചു നിർത്തുകയും അതിനെ സാവകാശം ഉൽസർജിക്കാനുമുള്ള വെള്ളത്തിന്റെ അസാധാരണ കഴിവുകൊണ്ടാണ് വെള്ളത്തിന് കൂടുതൽ താപധാരിതാ ശേഷിയുണ്ടെന്ന് പറയുന്നത്. ഉദാഹരണത്തിന് ഒരു ചെമ്പു കഷ്ണം ചുടാക്കാൻ അഞ്ചുമിനുട്ടു വേണമെങ്കിൽ അതേ ഭാരമുള്ള ജലം അത്ര തന്നെ ചൂടാക്കാൻ 50 മിനുട്ട് വേണ്ടിവരും. ചൂടായ ചെമ്പ് കഷണം വേഗം തണുക്കുമ്പോൾ ചൂടായ വെള്ളം വളരെ സാവകാശത്തിലേ തണുക്കൂ. അതുപോലെ ജലത്തിന്റെ തിളനില, ഉരുകൽ നില, ശ്യാനത (Viscosity) പ്രതലബലം (Surface Tension) ദ്രവണ ബാഷ്പ ഊഷ്മാവ് എന്നിവയെല്ലാം വളരെ ഉയർന്നതാണ്. എല്ലാ പദാർത്ഥങ്ങളും തണുക്കുമ്പോൾ സങ്കോചിക്കുകയാണ് ചെയ്യുക. ജലവും തണുക്കുമ്പോൾ സങ്കോചിക്കുന്നു. എന്നാൽ ജലം ഒരു നിശ്ചിത പരിധിയിൽ കവിഞ്ഞ് തണുക്കുമ്പോൾ ജലം വികസിക്കുകയാണ് ചെയ്യുക എന്നാണ് ഇതിന് പറയുക. ജലത്തി ന്റെ അസംഗത വികാസം (Anomalous Expansion) മറ്റൊരു ദ്രവ്യത്തിനുമില്ലാത്ത പ്രത്യേകതയാണ്. ജലത്തിന്റെ മറ്റൊരു സവിശേഷത മറ്റെല്ലാ പദാർത്ഥങ്ങളേയും ലയിപ്പിച്ച് ലായനിയാക്കാനുള്ള കഴിവാണ്. അതുകൊണ്ട് ജലത്തിനെ ഒരു സാർവ്വത്രിക ലായകമായി (Universal Solvent) കണക്കാക്കുന്നു. സമുദ്രം ഉപ്പിന്റേയും മറ്റു ധാതുക്കളുടെയും കലവറയായിത്തീർന്നത് ജലത്തിന്റെ ഈ സവിശേഷതകൊണ്ടാണ്.

## സമുദ്രത്തിന്റെ താപധാരിതയും കാറ്റിന്റെ ഗതിയും ജീവികളുടെ വിന്യാസവും

ജലത്തിന്റെ താപധാരിതയെ പറ്റി നേരത്തെ പറഞ്ഞുവല്ലോ. സമുദ്രജലത്തിന്റെ ഈ താപധാരിതയാണ് അന്തരീക്ഷോഷ്മാവിനെയും ദൈനിക കാലാവസ്ഥയേയും (Weather) ദീർഘ കാലാവസ്ഥയേയും (Climate) നിയന്ത്രിക്കുന്നതിൽ വമ്പിച്ച സ്വാധീനം ചെലുത്തുന്നത്. പകൽ സമയത്ത് സൂര്യനിൽ നിന്നും ലഭിക്കുന്ന ചൂട് സമുദ്രം ആഗിരണം ചെയ്യുന്നു. കരയിലും കടലിലും ഒരേ അളവിലാണ് സൂര്യപ്രകാശം ലഭിക്കുന്നതെങ്കിലും കരവേഗം ചൂടാവുന്നു. കടലാവട്ടെ വളരെ സാവകാശത്തിലെ ചൂടാവുകയുള്ളൂ. മാത്രമല്ല ആ താപം സംഭരിച്ചുവെക്കുകയും ചെയ്യു ന്നു. സൂര്യൻ അസ്തമിച്ചാൽ രാത്രിയിൽ കര വേഗം തണുക്കുന്നു. പരിസരമെല്ലാം തണുത്തതിന് ശേഷം പകൽ കടൽ ജലം ശേഖരിച്ച് വെച്ച ചൂട് പതുക്കെ പുറത്തേക്ക് വിടുന്നു. അങ്ങനെ തീരപ്രദേശത്തെ അന്തരീക്ഷോഷ്മാവിനെ സമുദ്രം ക്രമീകരിക്കുന്നു. പകൽ നേരത്ത് കരയിലെ അന്തരീക്ഷം ചൂട് പിടിച്ച് മേൽപോട്ട് ഉയരുമ്പോൾ കടലിൽ നിന്നും തണുത്ത വായു കരയിലേക്ക് അടിക്കുന്നു. രാത്രി നേരത്ത് കരയിൽ നിന്ന് തണുത്തകാറ്റ് കടലിലേക്കും അടിക്കുന്നു. കാറ്റിന്റെ ഈ പ്രതിഭാസം കാരണം കടൽക്കരയിൽ, കടലിൽ നിന്നും അകന്ന വിദൂരമായ ഉൾപ്രദേശത്തും മരുഭൂമിയിലും ഉള്ളതുപോലെ രാത്രിയും പകലും തമ്മിൽ തീവ്രമായ താപ വ്യത്യാസങ്ങൾ തീര പ്രദേശങ്ങളിൽ അനുഭവപ്പെടുന്നില്ല. അല്ലാഹു ഖുർആനിൽ പറയുന്നു.

*'കാറ്റുകളെ ഗതിമാറ്റി നിയന്ത്രിക്കുന്നതിലും ചിന്തിച്ചു മനസ്സിലാക്കുന്ന*

*ജനങ്ങൾക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്' (45:6)*

തീര പ്രദേശങ്ങളെ അപേക്ഷിച്ച് മരുഭൂമികളിലും സമുദ്ര സാന്നിദ്ധ്യമില്ലാത്ത ഉൾപ്രദേശങ്ങളിലും രാവും പകലും തമ്മിലുള്ള താപ വ്യതിയാനങ്ങളും, ഋതു പരിവർത്തനങ്ങൾ മൂലമുണ്ടാകുന്ന കാലങ്ങൾ (വേനൽ, തണുപ്പ് മുതലായവ) തമ്മിലുള്ള താപവ്യത്യാസങ്ങളും തീവ്രമായിരിക്കും. ഈ പ്രദേശങ്ങളിലെ താപ വ്യതിയാനങ്ങളെ അതിജീവിക്കാൻ ശരീരത്തിൽതാപ ക്രമീകരണ സംവിധാനങ്ങൾ (Thermo Static) ഉള്ള മനുഷ്യനെ പോലെയുള്ള ഉയർന്ന ജീവികൾക്കേ സാദ്ധ്യമാകൂ. സൂര്യനുമായുള്ള അഭിമുഖീകരണം കൊണ്ട് ഏറ്റവും കൂടുതൽ ചൂട് ഭൂമദ്ധ്യരേഖ പ്രദേശത്തും ഏറ്റവും അധികം തണുപ്പ് ധ്രുവപ്രദേശത്തുമാണല്ലോ ഉണ്ടാവുക. ഭൂമദ്ധ്യരേഖയിൽ നിന്നും ഓരോ ഡിഗ്രി ധ്രുവങ്ങളിലേക്ക് പോകുംന്തോറും തണുപ്പ് കൂടി വരുന്നു. അതിനിടയിലെ സമുദ്ര സാന്നിദ്ധ്യമില്ലാത്ത മലമ്പ്രദേശങ്ങൾ വരണ്ട ഭൂമികൾ, മരുഭൂമികൾ, അർദ്ധ മരുഭൂമികൾ എന്നിവിടങ്ങളിലെ രാപ്പകലുകളിലെ താപവ്യത്യാസം 10 ഇരട്ടിവരെ ആകാമെന്ന് കണ്ടിരിക്കുന്നു. ഇത്ര വലിയ താപവ്യത്യാസം ചെറുക്കാൻ മിക്ക ജീവികളുടെ ശരീരത്തിലും ക്രമീകരണ സംവിധാനങ്ങളില്ല. ഒരു നിശ്ചിത ഊഷ്മാവ് ശരീരത്തിൽ സ്ഥിരമായി നിലനിർത്താൻ ശേഷിയുള്ള മനുഷ്യനും മറ്റു ഉയർന്ന ജന്തുക്കൾക്കും മാത്രമേ വലിയ അന്തരം അനുഭവപ്പെടുന്ന കാലാവസ്ഥയെ അതിജീവിക്കാൻ സാധ്യമാവൂ. അതുകൊണ്ട് അത്തരം പ്രദേശങ്ങളിൽ ജീവിവൈവിധ്യങ്ങൾ കുറവായിരിക്കും. തീവ്ര താപ വ്യതിയാനങ്ങളുള്ള അത്തരം പ്രദേശങ്ങളിലെ കാലാവസ്ഥയെ ജീവയോഗ്യമാക്കി മയപ്പെടുത്തുന്നത് സമുദ്രങ്ങളാണ്. അതുകൊണ്ടാണ് സമുദ്ര തീരങ്ങളിൽ ജീവി വൈവിധ്യം കൂടുതലുണ്ടാവുന്നത്. ചുരുക്കത്തിൽ ജന്തു ജാലങ്ങളുടെ ഭൂമിയിലെ വിന്യാസത്തെയും വ്യാപനത്തെയും ഇതെല്ലാം സ്വാധീനിക്കുന്നതാണ്. അല്ലാഹു പറയുന്നു.

*"ഭൂമിയെ അത് നിർജ്ജീവമായിക്കിടക്കുന്നതിന് ശേഷം സജീവമാക്കുകയും അതിൽ എല്ലാതരം ജീവജാലങ്ങളേയും വ്യാപിപ്പിക്കുകയും ചെയ്തിട്ടുള്ളതിലും കാറ്റുകളുടെ ഗതിവിഗതികളിലും ആകാശഭൂമികൾക്കിടയിൽ അധീനമാക്കപ്പെട്ടിട്ടുള്ള മേഘങ്ങളിലും ബുദ്ധി ഉപയോഗിക്കുന്ന ജനങ്ങൾക്ക് നിശ്ചയമായും പല ദൃഷ്ടാന്തങ്ങളുണ്ട്. (2:165) "നിങ്ങളെ സൃഷ്ടിച്ചതിലും അവൻ വ്യാപിപ്പിക്കുന്ന ജന്തുജാലങ്ങളിലും ദൃഢ വിശ്വാസികളായ ജനങ്ങൾക്ക് നിരവധി ദൃഷ്ടാന്തങ്ങളുണ്ട്. (45:5). 'ഭൂമിയിൽ ചലിക്കുന്ന ഒരു ജീവിക്കും അതിന് ആഹാരം നൽകി പരിപാലിക്കുന്നതിനുള്ള ബാദ്ധ്യത അല്ലാഹു വിങ്കലായിട്ടല്ലാതെയില്ല. അതിന്റെ താൽക്കാലിക വാസ സ്ഥലവും സ്ഥിരവാസ സ്ഥലവും അവൻ അറിയുന്നു. എല്ലാം സ്പഷ്ടമായ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. (11.7)*

## ജലത്തിന്റെ ഹൈഡ്രജൻ ബന്ധവും കുടുംബ ബന്ധവും

ജലത്തിന്റെ പ്രത്യേകതകളിലൊന്ന് ജലതന്മാത്രകൾ തമ്മിലുള്ള ബന്ധ (Bond) മാണ്. ജലതന്മാത്രകൾ അടുത്തടുത്ത് ആകർഷിച്ച് നിൽക്കുന്നതിനാലാണ് അത് ദ്രവരൂപത്തിൽ നിൽക്കുന്നത്. ഹൈഡ്രജൻ, ഓക്സിജൻ ആറ്റങ്ങളുടെ ഏറ്റവും ലളിതമായ രാസബന്ധമുള്ള സംയുക്തമാണ് ഒരു ജലതന്മാത്ര. രണ്ടു ഹൈഡ്രജനും ആറ്റവും ഒരു ഓക്സിജൻ ആറ്റവും സഹബന്ധത്തിലേർപ്പെട്ടാൽ ഒരു ജലതന്മാത്രയായി. ഓക്സിജൻ ആറ്റത്തിന്റെ ഇരു ധ്രുവങ്ങളിലും ഒട്ടിപ്പിടിക്കുന്ന ഹൈഡ്രജൻ ആറ്റങ്ങൾ ഇങ്ങനെ ജല തന്മാത്ര രൂപീകരിച്ചതിന് ശേഷ വും നെഗറ്റീവ് പോസിറ്റീവ് ചാർജ് ബാക്കിയാക്കുന്നു. ഇതിനാണ് ജലത്തിന്റെ ധ്രുവീയത (Polarity) എന്ന് പറയുന്നത്. ഈ ചാർജ്ജ് ഉപയോഗിച്ച് മറ്റൊരു ജലതന്മാത്രയുടെ വിരുദ്ധ ചാർജുള്ള ധ്രുവങ്ങളെ ആകർഷിക്കുന്നു. അങ്ങനെ ശൃംഖലകളായി ജല തന്മാത്രകളെ ആകർഷിച്ച് ബന്ധിച്ചു നിർത്തുന്നത് കൊണ്ടാണ് ജലത്തിന് ദ്രവാവസ്ഥയിൽ നിൽക്കാൻ കഴിയുന്നത്. ഹൈഡ്രജൻ മറ്റ് നിരവധി മൂലകങ്ങളുമായി സഹബന്ധം പുലർത്തുന്നുണ്ട്. ഉദാ HCl, $NH_3$, $CH_4$, $HS_2$ മുതലായ സംയുക്തങ്ങൾ. പക്ഷേ ഇവയെല്ലാം വാതകാവസ്ഥയിലാണ് സാധാരണ കാണപ്പെടുന്നത്. ആ മൂലകങ്ങളുമായി ഹൈഡ്രജൻ സഹബന്ധം ഉണ്ടാക്കുന്നതോടെ തന്മാത്രയുടെ ചാർജ് തീർന്നുപോകുന്നത് കൊണ്ടാണ് സാധാരണ അന്തരീക്ഷോഷ്മാവിലും മർദ്ദത്തിലും അത് സ്വതന്ത്ര വാതക തന്മാത്രകളായി നിൽക്കുന്നത്. ഓക്സിജനുമായുള്ള ബന്ധത്തിൽ മാത്രമാണ് ദ്രാവകാവസ്ഥയിൽ ഹൈഡ്രജൻ സംയുക്തം പ്രകൃതിയിൽ കാണപ്പെടുന്നത്. ഈ ഹൈഡ്രജൻ ഓക്സിജൻ സംയുക്ത തന്മാത്രയുടെ സഹബന്ധം 100 ഡിഗ്രി സെന്റിഗ്രേഡ് വരെ അതായത് ജലം തിളക്കുന്നതു വരെ നില നിർത്തുന്നു. പ്രകൃതിയിൽ മറ്റെങ്ങും കാണാത്ത ജല തന്മാത്രകളുടെ ഈ സവിശേഷതയാണ് ജലത്തെ അനുഗൃഹീതമായ ഒരു ദ്രാവകമായി മാറ്റുന്നത്. ജലതന്മാത്രകളുടെ അസാധാരണമായ ഈ സംസക്തിയെ ഓർമ്മിപ്പിച്ചുകൊണ്ട് ജലത്തിൽ നിന്നും സൃഷ്ടിക്കപ്പെട്ട മനുഷ്യന് ശക്തമായ കുടുംബബന്ധങ്ങളും രക്തബന്ധങ്ങളും അല്ലാഹു ഉണ്ടാക്കിയിരിക്കുന്നു എന്ന് പറയുന്ന ഖുർആൻ വചനം വളരെ ശ്രദ്ധേയമാണ്. ജലത്തെപോലെ ഏത് ഉയർന്ന ഊഷ്മാവിന്റെ പ്രക്ഷുബ്ധാവസ്ഥയിലും അത് സൂക്ഷിക്കാൻ നാം ബാദ്ധ്യസ്ഥരാണ് എന്ന സൂചനയും ഈ വചനത്തിലില്ലേ? ഖുർആൻ പറയുന്നു:

*'അവൻ തന്നെയാണ് ജലത്തിൽ നിന്നും മനുഷ്യനെ സൃഷ്ടിച്ചത് എന്നിട്ട് അവന് കുടുംബബന്ധവും വിവാഹ ബന്ധവും ഉണ്ടാക്കി. നിന്റെ നാഥൻ സർവ്വശക്തനാകുന്നു.'*

*(25:35).*

ജലതന്മാത്ര മറ്റു തന്മാത്രകളെ സഹബന്ധങ്ങളിലൂടെ ചേർത്തും നിർത്തുന്നത് പോലെ മനുഷ്യനും ആയിത്തീരണമെന്ന സന്ദേശമാണ് ഖുർആൻ നൽകുന്നത്.

## വ്യത്യസ്ത സമുദ്രങ്ങൾ

ഭൂമിയുടെ ഉപരിതലത്തിൽ 71 ശതമാനത്തോളം പരന്നു കിടക്കുന്ന സമുദ്രങ്ങൾ പരസ്പരം ബന്ധപ്പെട്ടു നിൽക്കുന്നുവെങ്കിലും സമുദ്ര ജലത്തിന്റെ ഭൗതികവും രാസികവുമായ ഗുണങ്ങൾ വിവിധ സ്ഥലങ്ങളിൽ വ്യത്യസ്ഥങ്ങളാണ്. മുഖ്യമായും സമുദ്രജലത്തിന്റെ താപവും ലവണവും വിവിധ സ്ഥലങ്ങളിൽ വിഭിന്നങ്ങളാണ്. ഈ വ്യത്യാസങ്ങളാണ് സമുദ്രത്തെ ചലനാത്മകമാക്കുന്നതും. വിശുദ്ധ ഖുർആൻ പറയുന്നു:

*'രണ്ട് സമുദ്രങ്ങൾ ഒരു പോലെയല്ല' (35:13).*

ഭൂമി ഒരു ചരിഞ്ഞ ഗോളമായതിനാൽ സൂര്യപ്രകാശം പല തോതുകളിലാണ് ഭൂമിയിൽ പതിക്കുന്നത്. ഭൂമദ്ധ്യരേഖാ പ്രദേശത്തെ സമുദ്രം സൂര്യന് അഭിമുഖമായതിനാൽ അവിടെ സൂര്യരശ്മികൾ കുത്തനെ പതിക്കുകയും ചൂട് കൂടുതൽ അനുഭവപ്പെടുകയും ചെയ്യുന്നു. ധ്രുവ പ്രദേശങ്ങളിൽ സൂര്യ രശ്മികൾ ചരിഞ്ഞ് പതിക്കുന്നത് മൂലം അവിടുത്തെ സമുദ്രങ്ങളിൽ താപം കുറയുന്നു. താപം കുറയുന്നതിനാൽ രണ്ട് ധ്രുവങ്ങളിലും സമുദ്രജലം ഖരാവസ്ഥയിൽ ഐസായി നിൽക്കുന്നു.

സമുദ്രജലത്തിലെ ഈ താപ വ്യത്യാസം കാരണം താപം, കൂടിയ സ്ഥലത്ത് നിന്നും കുറഞ്ഞ സ്ഥലത്തേക്ക് ചലിക്കുന്നു. ദ്രവ്യത്തിന്റെയാണ് തെർമോ ഡയനാമിക്സ് (Thermo dynamics) അഥവാ താപഗതികം എന്ന് പറയുന്നത്. സമുദ്രത്തിൽ ഇങ്ങനെ താപം കൊടുത്തും വാങ്ങിയും വിനിമയം ചെയ്യുന്ന പ്രതിഭാസത്തിന്നാണ് താപ ബഡ്ജറ്റിങ്ങ് (Heat Budgeting) എന്ന് പറയുന്നത്. ഇതിൽ ഉപ്പ് വഹിക്കുന്ന പങ്ക് നിർണായകമാണ്.

അതുപോലെ സമുദ്രജലത്തിന്റെ ലവണത്വവും വിവിധ സമുദ്രങ്ങളിൽ വ്ത്യസ്തമാണ്. സമുദ്രജലം 96.5 ശതമാനം ശുദ്ധജലം തന്നെയാണ് 3.5 ശതമാനം മാത്രമാണ് ഉപ്പ്. കടൽജലത്തിന്റെ ഉപ്പിന്റെ ഈ വളരെ നേരിയ അളവ് മൂലം ശതമാനത്തിന് പകരം സഹസ്ര മാനത്തിലാണ് പറയുന്നത്. അഥവാ ആയിരത്തിന്റെ അംശത്തിലാണ് സമുദ്രശാസ്ത്രത്തിൽ ഉപ്പിന്റെ അളവ് പറയുന്നത്. സമുദ്രത്തിൽ ശരാശരി ഉപ്പിന്റെ അളവ് 35.7 $^0/_{00}$ (സഹസ്ര മാനം) മാണ്. 'ചാവുകടലിൽ അത് 245 $^0/_{00}$ ചെങ്കടലിൽ 41 $^0/_{00}$ മാണ്. ഭൂമദ്ധ്യരേഖാ പ്രദേശങ്ങളിൽ ലവണത്വം കുറവാണ്. അതിന് കാരണം ഉയർന്ന വർഷപാതനിരക്കും കരയിൽ നിന്നും നദികൾ ശുദ്ധജലം വഹിച്ച് കടലിൽ തള്ളുന്നതുകൊണ്ടുമാണ്. അതുപോലെ ധ്രുവ പ്രദേശങ്ങളിലും ലവണത്വം കുറവാണ്. അവിടെ വമ്പിച്ച തോതിൽ ഖരാവസ്ഥയിൽ ഹിമരൂപത്തിൽ ശേഖരിക്കപ്പെട്ടിരിക്കുന്ന ശുദ്ധജലം ഉരുകി കടലിൽ ചേരുന്നത് കൊണ്ടാണ് ലവണത്വം കടലിൽ കുറയുന്നത്. ഭൂമിയുടെ മിതശീതോഷ്ണ മേഖലയിലാണ് ലവണത്വം കൂടുതലുള്ളത്.

ചുരുക്കത്തിൽ സമുദ്രം പരസ്പരം ബന്ധിതമാണെങ്കിലും ഖുർആൻ പറഞ്ഞത് പോലെ രണ്ട് സമുദ്രങ്ങൾ ഒരിക്കലും ഒരുപോലെയല്ല.

## ഉപ്പ്‌വെള്ളത്തിന്റെ രസതന്ത്രം

സമനിരപ്പിൽ നിശബ്ദമായി നിൽക്കുന്ന കരകാണാകടലിലേക്ക് കണ്ണും നട്ടിരുന്നാൽ കടൽ നിശ്ചലമാണെന്ന് തോന്നും. പക്ഷേ അത് ചലനാത്മകമാണ്. ഉപ്പും ചൂടുമാണ് കടലിനെ മുഖ്യമായും ചലനാത്മമാക്കുന്നത്.

ഖുർആൻ പറയുന്നു :

*"അവനത്രെ രണ്ട് സമുദ്രങ്ങളെ ഒഴുക്കിയവൻ. ഒന്ന് കുടിക്കുവാൻ സുഖമുള്ള ശുദ്ധജലം. മറ്റേത് അരോചകമായ ഉപ്പുവെള്ളം'. (25:54).*

**'മിൽഹും ഉജാജ'** എന്നതിന് അരോചകമായ ഉപ്പുവെള്ളം എന്നതിന് പുറമെ 'ചൂട് വഹിക്കുന്ന ഉപ്പുവെള്ളം' എന്ന അർത്ഥവുമുണ്ട്. വാസ്തവത്തിൽ സമുദ്രജലത്തിലെ ലവണത്വവും താപവും കൂടി അത്ഭുതകരമായ രീതിയിൽ കടലിനെ ഇളക്കി മറിച്ച് സജീവമായി നില നിർത്തുന്നു എന്ന കാര്യം നാം ഓർക്കാറുണ്ടോ? ഉപ്പിന്റെയും ചൂടിന്റെയും സഹായത്താൽ ഈ പ്രതിഭാസം എങ്ങനെ സംഭവിക്കുന്നുവെന്ന് നമുക്ക് നോക്കാം.

ഭൂമദ്ധ്യാരേഖാ പ്രദേശത്ത് സൂര്യനുമായുള്ള അഭിമുഖീകരണം കാരണം അവിടുത്തെ സമുദ്രജലത്തിന് ചൂടുകുടുതലാണെന്ന് പറഞ്ഞുവല്ലോ. കൂടുതൽ ചൂടേൽക്കുമ്പോൾ സമുദ്രജലം ബാഷ്പീകരിക്കപ്പെടുന്നു. ലവണ ജലത്തിലെ ശുദ്ധജലാംശം ഇങ്ങനെ ചൂടുകാരണം ജലബാഷ്പമായി മാറ്റപ്പെടുമ്പോൾ ഭൂമദ്ധ്യരേഖാ പ്രദേശത്തുള്ള ജലം കുറുകി സാന്ദ്രത കൂടിയതായി മാറുന്നു. നാം ഉപ്പുവെള്ളം അടുപ്പിൽ വെച്ച് ചൂടാക്കുമ്പോൾ ഉപ്പ് കുറുകി വരുന്നതുപോലെ ലവണാംശം കൂടിയ സമുദ്രജലത്തിന് കട്ടികൂടുന്നു. ഇങ്ങനെ സൂര്യന്റെ താപം വഹിച്ച കട്ടികൂടിയ സമുദ്രജലം ഗുരുത്വാകർഷണത്തിന് വിധേയമാകുകയും സമുദ്രത്തിന്റെ തണുത്തുറഞ്ഞ അത്യഗാധങ്ങളിലേക്ക് മുങ്ങുകയും ചെയ്യുന്നു. ചൂടുള്ള സമുദ്രജലം മുകൾ പരപ്പിൽ നിന്നും സമുദ്രത്തിന്റെ അടിയിലേക്ക് കൊണ്ടുവരുന്ന ഈ പ്രക്രിയയെ സംവഹനം (Convection) എന്നാണ് പറയുന്നത്. ഇങ്ങിനെ ആയിരക്കണക്കിന് വർഷത്തെ താപ നിക്ഷേപത്തിന്റെ സംഭരണി കൂടിയാണ് സമുദ്രം. ഇതത്രയും സംഭവിക്കുന്നത് കടൽജലത്തിൽ അല്പം ഉപ്പ് ഉള്ളതുകൊണ്ടാണെന്ന് നാം ഓർക്കണം. ശുദ്ധജലമായിരുന്നെങ്കിൽ ഈ പ്രതിഭാസം സംഭവിക്കില്ലായിരുന്നു. ഒരു അടുപ്പിന്റെ അടി

ഭാഗത്തെന്നപോലെ സമുദ്രത്തിന്റെ അടിത്തട്ട് ചൂടാവുന്നു. ഇതു സംബ ന്ധിച്ച് വിശുദ്ധഖുർആനിലെ പരാ മർശം ശ്രദ്ധേയമാണ്.

*“സമുദ്രങ്ങൾ കത്തിക്കപ്പെടുമ്പോ ൾ” (81:7) (വഇദൻ ബിഹാറു സുജ്ജി റത്ത്)*

ഇവിടെ ഉപയോഗിച്ച സുജ്ജി റത്ത് കത്തിക്കപ്പെടുക എന്ന പദം ‘സജറ’ എന്ന വാക്കിൽ നിന്നും നിഷ് പന്നമായതാണ്. വിറക് നിറച്ച് കത്തി ച്ച് ചൂടാക്കുന്നത്. (അടുപ്പ്) എന്നാണ തിനർത്ഥം. ‘പരസ്പരം ഒഴുക്കപ്പെ ടുക’ എന്നും ഇതിനർത്ഥമുണ്ട്. സമു ദ്രത്തിന്റെ തണുത്തുറഞ്ഞ അടി ഭാഗം ഇങ്ങനെ ചൂടാക്കുമ്പോൾ സമു ദ്രമാകെ അടിമേൽ മറിയുകയും ചല നാത്മകമാവുകയും ചെയ്യുന്നു.

ചൂടുള്ള സാന്ദ്രതയേറിയ ജലം കട ലിനടിയിലേക്ക് പോകുന്നത് വെറും ഒരു പ്രവാഹ (Current) മായിട്ടല്ല ലക്ഷ ക്കണക്കിന് കിലോമീറ്ററുകളിൽ വിന്യസിക്കപ്പെട്ടിരിക്കുന്ന ഭൂമദ്ധ്യ രേഖാ പ്രദേശത്തെ സമുദ്രത്തിലെ വമ്പിച്ച ജലഖണ്ഡങ്ങളുടെ താഴോ ട്ടുള്ള നീക്കമാണ് (Drifting) സംഭ വിക്കുന്നത്. താഴോട്ട് ജലം നീങ്ങു മ്പോൾ അതിന് പകരമായി സമുദ്ര ത്തിന്റെ അടിത്തട്ടിലെ തണു ത്ത ജലം മുകളിലേക്കും വരുന്നു. അടി ഭാഗത്തെ സമുദ്രജലം മുകളിലേക്ക് വരുന്നതിനൊപ്പം തന്നെ സമുദ്ര ത്തിൽ അടിത്തട്ടിൽ അടിഞ്ഞുകൂടിയ ജൈവ - പോഷക പദാർത്ഥങ്ങ ളെല്ലാം മുകളിലേക്ക് കൊണ്ടുവരി കയും മത്സ്യങ്ങൾക്ക് അത് ഭക്ഷണ മായിത്തീരുകയും ചെയ്യുന്നു. ഇങ്ങ നെ കടലിനെ അല്ലാഹു ഇളക്കിമറി ച്ചുകൊണ്ടാണ് അതിലെ ജൈവ വ്യവ സ്ഥയും മറ്റു ഭൗമപ്രതിഭാസങ്ങളും സംഭവിക്കുന്നത്. ഖുർആനിൽ പറ യുന്നു.

*‘ഇളകി മറിയുന്ന സമുദ്രത്തെ ക്കൊണ്ട് സത്യം’ (52:7)*

മറ്റൊന്ന് ഭൂമിയിലെ കാലാ വസ്ഥയെ നിയന്ത്രിക്കുന്ന ക്രമാനുഗ തമായ ഉഷ്ണ ശീതജല പ്രവാഹങ്ങ ളാണ് അതിനെപ്പറ്റി പിന്നീട് പ്രതിപാ ദിക്കാം.

*“കത്തിക്കപ്പെടുന്ന കടൽ”* എന്നു ഖുർആന്റെ പ്രയോഗത്തിന്റെ പുലർച്ചെയെന്നോണം കടലിനും മീതെ ശക്തമായ കാറ്റടിക്കുമ്പോൾ അഗ്നി പ്രത്യക്ഷപ്പെടുന്നതായി ദൃക്സാക്ഷികൾ പറയുന്നു. ആന്ധ്രാ പ്രദേശിൽ ചുഴലിക്കൊടുങ്കാറ്റ് അടി ച്ചപ്പോഴും അമേരിക്കയിൽ കത്രീന വീശിയപ്പോഴും കടലിൽ തീകണ്ടത് ഈ ഖുർആൻ വചനത്തിന് സാധൂ കരണമാണ്. കടൽ പരപ്പിൽ മുകളിൽ തടസ്സങ്ങളില്ലാതെ അതിവേഗം കാറ്റ് വീശുമ്പോൾ വായു തന്മാത്രകൾ ഘർഷണം മൂലം ചൂടാവുകയും ക ത്തുകയുമാണ് ചെയ്യുന്നതെന്ന് വിശ ദീകരിക്കപ്പെടുന്നു.

അല്ലാഹു ഖുർആനിൽ വിവിധ തരം കാറ്റുകളെക്കുറിച്ച് പറയുന്നു. ഇന്ത്യയിൽ അനുഭവപ്പെടുന്ന തെക്ക് പടിഞ്ഞാൻ ഭാഗത്ത് നിന്നും വീശു ന്നതും ഇടവപ്പാതിയിൽ ആരംഭിക്കു ന്നതുമായ മൺസൂണും അതു പോലെ തുലാം മാസത്തിൽ ആരംഭി ക്കുന്ന വടക്ക് പടിഞ്ഞാറൻ ഭാഗത്തു നിന്നും വീശുന്നതുമായ കാലവർഷ ക്കാറ്റുപോലെ കൃത്യതയും സ്ഥിര സ്വഭാവമുള്ള കാലവർഷക്കാറ്റു കളാണ് അതിലൊന്ന്. ഇങ്ങനെ ആവർത്തിച്ച് സ്ഥിരമായി വരുന്ന കാറ്റുകളെക്കുറിച്ചാണ് ഈ ഖുർആ നിക വചനങ്ങളിൽ സൂചിപ്പിച്ചിട്ടു ള്ളത്.

*ആവർത്തിച്ചാവർത്തിച്ച് മഴവർഷി ക്കുന്ന മേഘങ്ങളെക്കൊണ്ടും (സ ത്യം) (86:12)*

മനുഷ്യജീവിതം ഇത്തരം കാറ്റു കളെ ആശ്രയിച്ചിട്ടുള്ളതാണ്. ഇത്തരം കാറ്റുകളെ ഖുർആൻ ‘റിയാ ഹ ബുഷ്റൻ’ (സുവിശേഷത്തിന്റെ കാറ്റുകൾ) എന്നാണ് വിശേഷിപ്പിക്കു ന്നത്.

*‘തന്റെ അനുഗ്രഹത്തിന് മുമ്പിൽ കാറ്റുകളെ സുവിശേഷമറിയിച്ചു കൊണ്ട് അയക്കുന്നവൻ അവൻ (അ ല്ലാഹു) തന്നെയാണ് മേഘത്തിൽ നിന്ന് നാം ശുദ്ധജലം ഇറക്കുകയും ചെയ്തിരിക്കുന്നു. നിർജീവമായി ക്കിടക്കുന്ന നാടിനെ അതുകൊണ്ട് നാം ജീവിപ്പിക്കുവാനും നാം സൃഷ്ടിച്ച കന്നുകാലികൾക്കും നിര വധി മനുഷ്യർക്കും അത് കുടിപ്പി ക്കാനും വേണ്ടി’ (25:49).*

അതുപോലെ കപ്പൽ സഞ്ചാരം നടത്തുന്ന വാണിജ്യവാതകങ്ങൾ (34:12, 21:81). സസ്യപ്രജനനം നടത്തു കയും ജല കണങ്ങൾ ഖനീഭവി ക്കുന്ന മേഘധൂളികൾ വഹിക്കുന്ന കാറ്റുകൾ (15:23, 51:3) എന്നിവയെല്ലാം മനുഷ്യന് പ്രയോജനകരമായ കാറ്റുക ളാണ്.

സമുദ്രത്തിൽ നിക്ഷേപിക്കപ്പെ ടുന്ന താപം സമുദ്രോപരിതലത്തിൽ അപ്രവചനീയമായി പ്രത്യക്ഷപ്പെ ടുന്ന പ്രതിഭാസമാണ് എൽനിനോ (El-Nino). ഇതിന്റെ യഥാർത്ഥ കാരണം എന്താണെന്ന് ഇതുവരെ കണ്ടുപിടിക്കപ്പെട്ടിട്ടില്ല. തെക്കൻ അമേരിക്കയിലെ പെറുവിന്റെ തീരപ്ര ദേശത്ത് ഇടക്കിടെ പ്രത്യക്ഷപ്പെടുന്ന ഈ പ്രതിഭാസത്തിന് ‘ഉണ്ണിയേശു’ എന്ന അർത്ഥം വരുന്ന എൽനിനോ എന്ന് പേരിട്ടത് പെറുവിലെ മത്സ്യ ത്തൊഴിലാളികളാണ്. തെക്കേ അമേ രിക്ക യിലും പസിഫിക്ക് സമുദ്ര ത്തിന്റെ കിഴക്കേ അറ്റത്തുള്ള ഇന്തോ നേഷ്യയിലും മറ്റ് യൂറോപ്യൻ രാജ്യ ത്തിലുമെല്ലാം സമുദ്രത്തിൽ പൊടുന്നനെ അപ്രവചനീയമായ രീതിയിൽ പ്രത്യക്ഷപ്പെടുന്ന താപം സമുദ്രത്തിനു മീതെയുള്ള അന്തരീ ക്ഷത്തെ ചൂടു പിടിപ്പിക്കുകയും നീരാ വി വഹിച്ച കൊടുങ്കാറ്റുകൾ സൃഷ്ടി ക്കപ്പെടുകയും തീരപ്രദേശങ്ങളിൽ അപ്രതീക്ഷമായി കൊടുങ്കാറ്റും ചുഴ ലിക്കാറ്റും പേമാരിയുമായി വീശിയ ടിച്ച് നാശം വിതക്കുകയും ചെയ്യു ന്നു. നിശ്ചിതമായ കാലാവസ്ഥ കൊ ണ്ടുവരുന്ന ദിശാസ്ഥൈര്യമുള്ള കാറ്റു കളിൽ നിന്നും വ്യത്യസ്തമായി അപ്ര വചനീയമായി ഉണ്ടാവുന്ന ഈ പ്രതി ഭാസത്തെയാണ് എൽനിനോ എന്ന് പറയുന്നത്. നാനിനോ (Na-Nino) എൽനിനോയുടെ വിപരീത പ്രതി

ഭാസമാണ്. നാനിനോ തണുപ്പ് കടലിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ടാകുന്ന ശീതക്കറ്റാണ്). ഈ പ്രതിഭാസങ്ങൾ ശാസ്ത്ര സമൂഹത്തിന് പിടികിട്ടാത്തതും പ്രവചിക്കാൻ കഴിയാത്തതുമായ പ്രതിഭാസമാണ് അല്ലാഹു ഖുർആനിൽ പറയുന്നു.

*അഗ്നിമയമായ ചുഴലിക്കാറ്റ് (267) അതിശൈത്യമുള്ള കാറ്റ് (3:117)* എന്നീ നാശകാരികളും അപ്രവചനീയമായ കാറ്റുകൾ എൽനിനോയും നാനിനോയും പ്രതിനിധാനം ചെയ്യുന്നു.

അല്ലാഹു ഖുർആനിൽ വീണ്ടും പറയുന്നു.

*കാറ്റുകളുടെ ഗതിവിഗതികളിലും ആകാശഭൂമികൾക്കിടയിൽ അധീനമാക്കിയിട്ടുള്ള മേഘങ്ങളിലും ബുദ്ധി ഉപയോഗിക്കുന്ന ജനങ്ങൾക്ക് തീർച്ചയായും പല ദൃഷ്ടാന്തങ്ങളുമുണ്ട്. (2:164).*

## സമുദ്രത്തിലെ വേലിയേറ്റങ്ങളും ഭൂമിയുടെ സന്തുലനവും

ഭൂമിയെ ചന്ദ്രൻ ഒരു മാസം ഒരു തവണ വലം വെക്കുന്നു. അതിനിടയിൽ നാലു വ്യത്യസ്ഥ സ്ഥാനങ്ങളിൽ നിന്ന് ഭൂമിക്ക് മീതെ ചന്ദ്രനും സൂര്യനും ചേർന്ന് പ്രയോഗിക്കുന്ന ആകർഷണ ബലമാണ് ഭൂമിയിൽ വേലിയേറ്റവും വേലിയിറക്കവും ഉണ്ടാക്കുന്നത്. ചന്ദ്രന്റെ 1-ാം ദിവസം 7-ാം ദിവസം, 15-ാം ദിവസം, 22-ാം ദിവസം എന്നിവയാണ് ആ നാല് സ്ഥാനങ്ങൾ. ഒന്നാം സ്ഥാനത്തെ (First Quarter) ത്തുമ്പോൾ കറുത്തവാവാണ്. അന്ന് സൂര്യനും ചന്ദ്രനും ഒരേ നേർരേഖയിൽ ഒരു വശത്ത് വന്ന് നിന്ന് ഭൂമിക്കുമേൽ ആകർഷണ ശക്തി പ്രയോഗിക്കുന്നു. ആ ആകർഷണ ബിന്ദു ഭൂമിയിലെ സമുദ്ര മേഖലയിലാണെങ്കിൽ അവിടേക്ക് വെള്ളം കുമിഞ്ഞുകൂടുന്നു. പതിനഞ്ചാം ദിവസം പൗർണ്ണമി നാളിൽ സൂര്യൻ ഒരു വശത്തും ചന്ദ്രൻ മറുവശത്തുമായിരിക്കും. അന്നു ഭൂമിക്കുമേൽ ആകർഷണ ശക്തി ഇരുവശത്ത് നിന്നും പ്രയോഗിക്കുമ്പോൾ ആ രണ്ട് ബിന്ദുവിലേക്കും ആ ദിവസവും സമുദ്ര ജലം പാഞ്ഞടുക്കുന്നു. ഈ രണ്ടു ദിവസങ്ങളിലുണ്ടാവുന്ന വേലിയേറ്റങ്ങളെ വാവു വേലികൾ (Spring Tides) എന്നു പറയുന്നു. 7-ാം നാളിലും 22-ാം നാളിലും ചന്ദ്രനും ഭൂമിയും 90 ഡിഗ്രിയിൽ നിൽക്കുമ്പോഴുണ്ടാകുന്ന വേലിയേറ്റം താരതമ്യേന ശക്തി കുറഞ്ഞതാണ് ഇതിന് സപ്തമി വേലി (Neap Tides) എന്ന് പറയുന്നത്. വേലിയേറ്റം നടക്കുമ്പോൾ സമുദ്രജലം ഒരു ഭാഗത്തേക്ക് കുമിഞ്ഞു കൂടുമെന്ന് പറഞ്ഞുവല്ലോ. ആ സന്ദർഭത്തിൽ ഭൂമിയുടെ മറുഭാഗത്തെ സമുദ്ര ജലവും ഉയർന്നു പൊങ്ങി ഭൂമിയുടെ ബാലൻസ് സ്വയം ശരിപ്പെടുത്തുന്നു. ഇങ്ങനെ നടക്കുന്ന വേലിയേറ്റങ്ങളാണ് പല നദികളുടെയും അഴിമുഖത്തിലെ ജല പ്രവാഹത്തിന്റെ ഗതിശരിപ്പെടുത്തുന്നത്. ഭൂമിയിലെ മറ്റു പല പ്രതിഭാസങ്ങൾ ഇത് കാരണമാകുന്നു. കറുത്ത വാവ് ദിവസത്തിൽ സൂര്യനും ചന്ദ്രനും ഒരു വശത്ത് നിന്ന് ഭൂമിയേയും അതിലെ ജലത്തെയും പിടിച്ചു വലിക്കുമ്പോൾ മറുഭാഗത്തെ സമുദ്രജലം സ്വയം തന്നെയാണ് എതിർ ദിശയിലേക്ക് കുമിഞ്ഞുകൂടി ഭൂമിയുടെ ബാലൻസ് ശരിപ്പെടുത്തുന്നത്. ഇതു വളരെ വിസ്മയകരമായ ഒരു പ്രതിഭാസമാണ്. മറ്റൊരു ഗോളത്തിന്റെ സാന്നിദ്ധ്യമോ ആകർഷണമോ ഇല്ലാതെ തന്നെ കറുത്ത വാവു ദിവസം സമുദ്രജലം സ്വയം ഭൂമിയുടെ മറുവശത്ത് കുമിഞ്ഞ് കൂടുന്നത് അത്ഭുതകരമല്ലേ? സൂര്യനും ചന്ദ്രനും കൂടി ഒരു ഭാഗത്തു നിന്നും ഭൂമിയെ ശക്തമായി പിടിച്ചു വലിക്കുമ്പോൾ അതിന്റെ ഭ്രമണ വൃത്തത്തിൽ നിന്നും തെറ്റിപ്പോവാത്തത് എന്തു കൊണ്ടാണ്? കറുത്ത വാവിലെ വേലിയേറ്റ സമയത്ത് മറുവശത്തുള്ള ജലവിതാനം സ്വയം ഉയർത്തി ഭൂമി അതിന്റെ ബാലൻസ് (മീസാൻ) നിലനിർത്തുന്നതും ആരാണ്? അല്ലാഹുവിന്റെ അത്ഭുതകരമായ അദൃശ്യകരങ്ങളല്ലാതെ മറ്റെന്താണ്?

സൂര്യനും ചന്ദ്രനും ഭൂമിയും ഒരേ നേർ രേഖയിൽ വരുമ്പോഴാണ് അമാവാസിയും ഗ്രഹണവും സംഭവിക്കുക. ഇങ്ങനെയുള്ള ഗ്രഹണ വേളകൾ അത്യന്തം അപകടരകരമായ ഒരു ജ്യോതിശാസ്ത്ര പ്രതിഭാസമാണ് അല്ലാഹുവിന്റെ കാരുണ്യം കൊണ്ടാണ് ഭൂഗോളം ഈ ഘട്ടം തരണം ചെയ്യുന്നത്. ലോകനാശം ഇത്തരമൊരു ഘട്ടത്തിലായിരിക്കുമെന്നും ഖുർആനിൽ സൂചനയുണ്ട്. ഒരു ഖുർആനിക വചനം ഇങ്ങിനെയാണ് :

*'ചന്ദ്രന് ഗ്രഹണമുണ്ടാകുകയും സൂര്യനും ചന്ദ്രനും ഒരുമിച്ചു കൂടപ്പെടുകയും ചെയ്താൽ ആ നാളിൽ ഓടി രക്ഷപ്പെടാനുള്ള സ്ഥലം എവിടെയാണെന്ന് മനുഷ്യൻ ചോദിക്കും. അങ്ങനെയല്ല (അന്ന്) ഒരു അഭയ സ്ഥാനവും ഉണ്ടാവുകയില്ല.' (75:8 -12).*

അല്ലാഹുവിന്റെ അപാരമായ കാരുണ്യത്താലാണ് ഭൂഗോളം ഇത്തരത്തിലുള്ള ക്രമീകരണങ്ങളിലൂടെ ഭ്രമണ പഥത്തിൽ പിടിച്ചു നിർത്തപ്പെടുന്നത്. ഖുർആൻ വചനം തന്നെ നമുക്ക് വീണ്ടും അനുസ്മരിക്കാം.

*"തീർച്ചയായും ആകാശങ്ങളെയും ഭൂമിയേയും (അവയുടെ സ്ഥാനങ്ങളിൽ നിന്ന് നീങ്ങിപ്പോകാതിരിക്കാൻ) അല്ലാഹു പിടിച്ചു നിർത്തുന്നു. ഇനി അവ രണ്ടും നീങ്ങിപ്പോകുന്നതായാൽ അവനു പുറമേ ആരും തന്നെ അവയെ പിടിച്ചു നിർത്തുന്നില്ല. നിശ്ചയമായും അവൻ സഹനശീലനും സർവഥാ പൊറുക്കുന്നവനുമാകുന്നു. (35:42). "തന്റെ അനുമതി കൂടാതെ ആകാശം ഭൂമിയിൽ വീഴാതിരിക്കാൻ അവൻ അതിനെ തടഞ്ഞു നിർത്തുന്നു. തീർച്ചയായും അല്ലാഹു മനുഷ്യനോട് വളരെ ദയയുള്ളവനും കരുണാമയനുമാകുന്നു". (22:26)*

(തുടരും)

■

ലേഖനം

# പ്രകാശിക്കുന്ന വദനങ്ങൾ

ബശീർ അഹ്മദ് ഓർച്ചാഡ്

## സാത്വികജീവിതം നയിക്കുന്ന ദൈവഭക്തരുടെ മുഖത്ത് പ്രകടമാവുന്ന ആത്മീയ പ്രഭയെപ്പറ്റി

ദൈവ സവിധം പൂകിയ ചില മഹത്തുക്കളുടെ മുഖങ്ങൾ ഏറ്റക്കുറച്ചിലോടെ അസ്പർശ്യമായ ഒരു പ്രകാശ വലയത്തിൽ പ്രഭാവിതമാവാറുണ്ട്. അത് സൂര്യനിൽ നിന്നും നിർഗ്ഗളിക്കുന്ന സൗരയൂഥ വ്യവസ്ഥയുടെ പ്രകാശമോ വിദ്യുദ് പ്രകാശമോ അല്ല. അതാണ് ദിവ്യപ്രകാശം. ചന്ദ്രനിലൂടെയും മറ്റുഗോളങ്ങളിലൂടെയും അതാതിന്റെ സ്ഥാനവും ചലനവും അനുസരിച്ച് സൂര്യപ്രകാശം പ്രതിഫലിക്കുന്നത് പോലെ അളവ് ഭേദത്തോടെ ഈ ദിവ്യദ്യുതി വ്യക്തികളിലും പ്രതിഫലിക്കുന്നു. എല്ലാവരിലും ഒരുപോലെയല്ല. ചില വ്യക്തികളുടെ മുഖം മറ്റുള്ളവരേക്കാൾ ദൈവ പ്രകാശത്താൽ കൂടുതൽ പ്രശോഭിതമാണ്. ചില ആളുകളിൽ അത്തരത്തിലുള്ള യാതൊരു പ്രകാശവും ദൃശ്യമല്ല.

സുവാർത്തകളും ആഹ്ലാദജനകമായ വൃത്താന്തങ്ങളും കേൾക്കുമ്പോഴും പ്രേമഭാജനവുമായി സന്ധിക്കുമ്പോഴും ഒരു വ്യക്തിയുടെ മുഖം പ്രകാശ പൂർണ്ണമാകാറുണ്ട്. ദൈവ സവിധത്തിൽ ലയിക്കുന്ന വ്യക്തി തദ്ജന്യമായി പ്രത്യേകമായ രീതിയിൽ അദ്ദേഹത്തിന്റെ വദനത്തിൽ നിന്നും ഉരുവം കൊള്ളുന്ന ദിവ്യമായ ദ്യുതി വിലാസത്തെ സംബന്ധിച്ചാണ് ഈ ലേഖനത്തിൽ പ്രതിപാദിക്കുന്നത്.

പ്രവാചകന്മാർ സ്രഷ്ടാവുമായി ഒരു പ്രത്യേക ബന്ധം പുലർത്തുന്നവരാണ്. അവരുടെ ആത്മീയ നിലവാരം അത്യുന്നതമാണ്. ഖുർആൻ പ്രകാരം അവർ പാപരഹിതരും ദൈവിക നിയമങ്ങളുടെ പ്രയോക്താക്കളുമാണ്. ദൈവ മഹത്വം അവരുടെ തിരുമുഖങ്ങളിൽ ദർശിക്കാവുന്നതാണ്. സൂര്യ പ്രകാശത്താൽ പ്രകാശിക്കുന്ന ചന്ദ്രനെപോലെ അവരുടെ മുഖം പ്രശോഭിക്കുന്നു.

മൂസാനബി (അ) ദൈവവുമായുള്ള അഭിമുഖീകരണത്തിൽ അദ്ദേഹത്തിന്റെ മുഖം പ്രകാശത്തിൽ വിളങ്ങിയതായി ബൈബിൾ പഴയ നിയമം പറയുന്നു:

'മോശെ സീനായ് പർവ്വതത്തിൽ നിന്നു സാക്ഷ്യപ്പലകകളും കയ്യിലേന്തി ഇറങ്ങിവന്നു. ദൈവവുമായി സംസാരിക്കുകയായിരുന്നതിനാൽ തന്റെ മുഖചർമ്മം പ്രഭാപൂരിതമായിരിക്കുന്നു എന്ന് മലമുകളിൽ നിന്ന് ഇറങ്ങി വന്ന മൊശെ അറിഞ്ഞില്ല.' (പുറപ്പാട് 34:29)

കർത്താവ് കല്പിച്ചതെല്ലാം പറയുമ്പോൾ മോശെയുടെ മുഖം പ്രഭാപൂരിതമാണ് എന്ന് ഇസ്രയേൻ ജനം കണ്ടു. (പുറപ്പാട് 34:35)

അവിടെ അവരുടെ മുന്നിൽ അവൻ രൂപാന്തരപ്പെട്ടു. അവന്റെ മുഖം സൂര്യനെപ്പോലെ പ്രശോഭിച്ചു. (മത്തായി 17:2)

ബൈബിൾ പഴയ നിയമത്തിലേക്ക് തന്നെ മടങ്ങാം. 7-ാം നൂറ്റാണ്ടിൽ അറേബ്യയിൽ പ്രത്യക്ഷപ്പെട്ട റസൂൽ തിരുമേനി (സ) യെപ്പറ്റി ബൈബിളിൽ വ്യക്തമായ പ്രവചനമുണ്ട്. പ്രകാശപരമായ അർത്ഥത്തിൽ അത് വിവരിച്ചിരിക്കുന്നു.

'നിന്റെ കാരുണ്യം അനുസ്മരിക്കേണമേ, ക്രോധത്തിലും നിന്റെ കാരുണ്യം അനുസ്മരിക്കേണമേ. ദൈവം തേമാനിൽ നിന്നുവരുന്നു. പരിശുദ്ധനായവൻ പാറാൻ പർവ്വതത്തിൽ നിന്നു വരുന്നു. അവന്റെ മഹത്വം ആകാശത്തെ മൂടുന്നു. ഭൂമിയിൽ അവനുള്ള സ്തുതി നിറയുന്നു. അവന്റെ തേജസ്സ് പ്രകാശം പോലെ ആണ്. അവന്റെ കയ്യിൽ നിന്ന് പ്രകാശ രശ്മികൾ പുറപ്പെടുന്നു; അവിടെയാണ് അവൻ തന്റെ ശക്തി മറച്ചുവച്ചിരിക്കുന്നത്. (ഹബക്കുക് 3-3-4)

റസൂൽ തിരുമേനി(സ)യുടെ പ്രകാശോജ്ജ്വലമായ അവതരണത്തിലേക്ക് നമുക്ക് നോക്കാം. ഒരു ഹദീസ് ഇപ്രകാരമാണ്.

'റസൂൽ തിരുമേനിയുടെ തിരുമുഖം ചന്ദ്രനെ പോലെ വിളങ്ങി'. (തിർമിദി)

'റസൂൽ തിരുമേനിയേക്കാൾ മനോഹരമായി മന്ദസ്മിതം പൊഴിക്കുന്ന ആരേയും ഞാൻ കണ്ടിട്ടില്ല.' (അബ്ദുല്ലാ ബിൻ ഹാരിസ്)

അവിടുന്ന് എല്ലാവരേയും പ്രസാദാത്മകമായും വിനയപുരസ്സരവുമാണ് അഭിമുഖീകരിച്ചത് (ഹുസൈനുഅലി)

എല്ലായ്പ്പോഴും അവിടുന്ന് സുസ്മേരവദനനായിരുന്നു. (ഹരീദ് ബ്നുഅബ്ദുല്ല)

1889 ൽ സ്ഥാപിച്ച അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ സ്ഥാപകനായിരുന്ന ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ) ക്രിസ്ത്യാനികളും, മുസ്‌ലിംകളും, മറ്റെല്ലാമതസ്ഥരും കാത്തിരിക്കുന്ന വാഗ്ദത്ത മസീഹും ഇമാം മഹ്ദിയുമാണെന്ന് വാദിക്കുകയുണ്ടായി. അദ്ദേഹത്തിന് ദൈവവുമായി നിരന്തരബന്ധമുണ്ടായിരുന്നു. ദൈവ സന്നിധി പ്രാപി ച്ച അദ്ദേഹത്തിന്റെ ശരീരത്തിൽ നിന്നും ദിവ്യതേജസ്സ് പ്രസരിച്ചുകൊണ്ടിരുന്നു. നമ്മെ ചലനം കൊള്ളിക്കുന്ന അദ്ദേഹത്തിന്റെ പ്രചോദനാത്മകമായ ഒരു പ്രാർത്ഥനയിതാ.

'ഓ, ദൈവമേ എന്റെ ഹൃദയത്തിലും കാതുകളിലും പ്രകാശം വ്യാപിപ്പിക്കേണമേ. എന്റെ നയനങ്ങളിലും നാവിലും പ്രകാശം പരത്തേണമേ. എന്റെ വലവും ഇടവും പ്രകാശം നിറക്കേണമേ. എന്റെ മുകളിലും താഴെയും പ്രകാശം പരത്തേണമേ. നിന്റെ പ്രകാശത്താൽ ഞാൻ വലയിതനാകേണമേ.

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) ന്റെ മകൻ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് (റ) എഴുതുന്നു: മുൻഷീ സാഹിബ് എന്നറിയപ്പെടുന്ന അദ്ദേഹത്തിന്റെ ഒരു ശിഷ്യനോട് 'താങ്കൾ അദ്ദേഹത്തിന്റെ വ്യക്തിത്വത്തിൽ ആകൃഷ്ടനാകാൻ കാരണമെന്ത് എന്ന് ചോദിക്കുകയുണ്ടായി. അദ്ദേഹത്തിൽ നിന്നുള്ള മറുപടി ഇപ്രകാരമായിരുന്നു:

"മിർസാ ഗുലാം അഹ്മദ് (അ) സാഹിബിനെ അദ്ദേഹത്തിന്റെ വാദത്തിന് വളരെ മുമ്പു തന്നെ എനിക്കറിയാമായിരുന്നു. അത്രയും പരിശുദ്ധവും അത്രയധികം ആത്മീയ പ്രകാശത്താൽ ഉജ്ജ്വലവുമായ മറ്റൊരു മുഖം ഞാൻ എന്റെ ജീവിതത്തിൽ ദർശിച്ചിട്ടില്ല. ആ പ്രകാശവും കാന്തശക്തിപോലെയുള്ള മാസ്മരികമായ അദ്ദേഹത്തിന്റെ വ്യക്തിത്വവുമായിരുന്നു അദ്ദേഹത്തിന്റെ വാദത്തിലേക്ക് എനിക്കുള്ള തെളിവുകൾ. ഞങ്ങൾ ആ വദന ദർശനത്തിനുള്ള അവസരം ലഭിക്കാൻ നിരന്തരം ദാഹാർത്ഥമായി ഊഴം കാത്തിരുന്നിരുന്നു.

ഹദ്റത്ത് ഭായി അബ്ദുറഹ്മാൻ (റ) ഹദ്റത്ത് അഹ്മദി (അ) ന്റെ മറ്റൊരു ശിഷ്യനായിരുന്നു. ഹദ്റത്ത് അഹ്മദിന്റെ (അ) ജീവിതത്തിന്റെ അവസാനഘട്ടത്തിലെ മുഖഭാവത്തെപ്പറ്റി അദ്ദേഹം വിവരിക്കുന്നു:

അദ്ദേഹത്തിന്റെ മുഖത്ത് ഒരു പ്രത്യേക രീതിയിലുള്ള പ്രഭയായിരുന്നു ഉണ്ടായിരുന്നത്. അവാച്യമായ ശാന്തിയുടേയും ആനന്ദത്തിന്റെയും ഒരു തരത്തിലുള്ള ആത്മീയ പ്രകാശത്തിന്റെ ആന്തരീയമായ പ്രതിഫലനം അദ്ദേഹത്തിന്റെ മുഖത്തെ പ്രകാശമാനമാക്കിയിരുന്നു.

ഹദ്റത്ത് ഭക്തിനിർഭരമായ (റ) പ്രാർത്ഥനയായാലും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാനുള്ള കഠിന പ്രയത്നം കൊണ്ടും ഭക്ത ദാസൻമാരുടെ മുഖങ്ങളിൽ ഒരു പ്രത്യേക അടയാളമുണ്ടായിരിക്കുമെന്ന് അല്ലാഹു ഖുർആനിൽ പറയുന്നു:

'നമിക്കുന്നവരും സാഷ്ടാംഗം പ്രണമിക്കുന്നവരുമായി നിനക്കവരെ കാണാം. അവർ അല്ലാഹുവിൽ നിന്നുള്ള അനുഗ്രഹവും പ്രീതിയും അന്വേഷിച്ചുകൊണ്ടിരിക്കുന്നു. സാഷ്ടാംഗ പ്രണാമത്തിന്റെ ഫലമായി അവരുടെ മുഖങ്ങളിൽ അവരുടെ ലക്ഷണമുണ്ട്. (48:30).

ഇവിടെ പറഞ്ഞ മുഖങ്ങളിലെ ലക്ഷണം ആത്മീയ പ്രകാശമാണ്. സാഷ്ടാംഗം പ്രണമിച്ചതിനാൽ ചിലരുടെ നെറ്റിയിൽ ഉണ്ടാവുന്ന അടയാളത്തെപ്പറ്റിയല്ല ഖുർആൻ വിവരിച്ച ഈ മുഖലക്ഷണം. സാത്വികമായ ജീവിതവും ഭക്തിനിർഭരമായ പ്രാർത്ഥനയാലും ഉണ്ടാവുന്നതാണ്. യാന്ത്രികമായി സാഷ്ടാംഗം പ്രണമിക്കുന്നവരുടെ നെറ്റിയിൽ അത്തരത്തിലുള്ള അടയാളമുണ്ടാവാൻ പ്രയാസമില്ല. പക്ഷേ അത് സാത്വിക വിശുദ്ധിയുടെ അടയാളമാകുന്നില്ല. ഹദ്റത്ത് അഹ്മദ് (അ) ഭക്തദാസന്മാരുടെ മുഖത്ത് പ്രതിഫലിക്കുന്ന ഈ ആത്മീയ പ്രകാശത്തിന്റെ യാഥാർത്ഥ്യത്തിലേക്ക് വിരൽ ചൂണ്ടുന്നത് കാണുക.

'ഹൃദയപരിശുദ്ധിയുള്ള ഒരാൾക്ക് മുഅ്ജിസത്തിന്റെ, ദിവ്യാത്ഭുതത്തിന്റെ , ധാരാളിത്വത്തിന്റെ ആവശ്യമില്ല. അവർക്ക് ഒരു അടയാളം മാത്രം മതി. സത്യത്തിലേക്ക് ആകൃഷ്ടരാവാൻ' (ബറാഹീനെ അഹ്മദിയ്യ)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് ആത്മീയ പ്രകാശത്തിൽ മുങ്ങിക്കുളിച്ചു നിന്ന ഒരു മഹദ് വ്യക്തിയാണെന്നതിന് ഈ വിനീതനായ ലേഖകൻ നിരവധി തവണ സാക്ഷ്യം വഹിച്ചിട്ടുണ്ട്. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് (റ) ദിവംഗതനായപ്പോൾ East African Times എന്ന പത്രം ഇങ്ങനെ എഴുതി.

'ദൈവം അദ്ദേഹത്തിന് സമ്പൽ സമൃദ്ധിയും സ്വാധീനവും നൽകിയിരുന്നു. പക്ഷേ അദ്ദേഹം വളരെ ലളിതവും സാത്വികവുമായ ജീവിതമാണ് നയിച്ചിരുന്നത്. അദ്ദേഹം എല്ലാവർക്കും പ്രാപ്യനായിരുന്നു. എല്ലാവരും അദ്ദേഹത്തെ അഗാധമായി സ്നേഹിച്ചു. എല്ലാവരും ആദരിച്ചു. ദീർഘകായനായിരുന്ന അദ്ദേഹം ഉത്സാഹിതമായ ഒരു വ്യക്തിത്വമായിരുന്നു. എല്ലാവരോടും സ്നേഹവും അനുകമ്പയുമായിരുന്നു അദ്ദേഹത്തിന്. തന്റെ പിതാവിനെ പോലെ (വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) വളരെ പ്രതാപത്തോടെയായിരുന്നു അദ്ദേഹം തന്റെ ചുവടുകൾ വെച്ചിരുന്നത്. സാത്വികതയുടെ ഒരു പ്രഭാവലയം അദ്ദേഹത്തിന്റെ മുഖത്ത്

*(ശേഷം 39-ാം പേജിൽ)*

# ഇസ്റാഉം മിഅ്റാജും രണ്ടു ആത്മീയ ദർശനങ്ങൾ

ഏ. പി. കുഞ്ഞാമു

**ആദ്ധ്യാത്മികതയുടെ ഉത്തുംഗ ശൃംഗങ്ങളിലേക്ക് റസൂൽ തിരുമേനി (സ) ആനയിക്കപ്പെട്ട ആത്മീയ സംഭവമായിരുന്നു മിഅ്റാജ്. ഇതിനെ ഒരു ബഹിരാകാശ ദൗത്യം പോലെ സ്ഥൂലാർത്ഥത്തിൽ കാണുന്നത് നിർഭാഗ്യകരമാണ്.**

റസൂൽ തിരുമേനി (സ) യുടെ ആത്മീയ ഔന്നത്യത്തെ സൂചിപ്പിക്കുന്ന മഹത്തായ രണ്ട് സംഭവങ്ങളാണ് ഇസ്റാഅും മിഅ്റാജും. ദൈവസവിധത്തിലേക്കുള്ള അവിടുത്തെ ഈ രണ്ട് ആത്മീയ പ്രയാണങ്ങളും രണ്ട് ഘട്ടത്തിൽ സംഭവിച്ചതാണ്. മുസ്ലിംകളിൽ ബഹുഭൂരിപക്ഷവും മിഅ്റാജിനെ ജഡികമായി നടന്ന വാനാരോഹണയാത്രയാണെന്ന് വിശ്വസിക്കുന്നു. എത്രത്തോളമെന്നാൽ പാശ്ചാത്യ രാജ്യങ്ങൾ നടത്തിയ ലൂനാ, ജെമിനി, അപ്പോളോ മുതലായ ബഹിരാകാശ ദൗത്യങ്ങൾ പോലെയോ ഇതിഹാസങ്ങളിലെ പുഷ്പ ക വിമാനയാത്രപോലെയോ ആകാശവാഹനത്തിലേറി റസൂൽ തിരുമേനി നടത്തിയ ബഹിരാകാശ സഞ്ചാരമായിരുന്നു അതെന്ന് ബഹുഭൂരിപക്ഷ പണ്ഡിതന്മാരും കരുതുന്നു.

ഈ സംഭവങ്ങൾ ജഡികമായി സംഭവിച്ചതാണോ അതോ ഒരു ഉയർന്ന ആത്മീയ ദർശനമോ എന്ന് നമുക്കൊന്ന് വിശകലനം ചെയ്യാം. ഇസ്റാഅ് സംബന്ധിച്ചുവന്ന ഒരു ഹദീസ് നമുക്ക് പരിശോധിക്കാം. ഈ ഹദീസ് ഇബ്നുജരീർ അനസ് ഇബ്നുമാലിക്കിൽ നിന്നും നിവേദനം ചെയ്യുന്നു.

'മലക്കുകളുടെ മേലാളായ ജിബ്രീൽ ബുറാക്കിനെ കൊണ്ടുവന്നു. റസൂൽ തിരുമേനി (സ) അതിൽ ഉപവിഷ്ഠനായി യാത്ര ആരംഭിച്ചു. കുറച്ചു ദൂരം പോയപ്പോൾ ഒരു വൃദ്ധയെ കണ്ടു. അപ്പോൾ തിരുമേനി (സ) ആ വൃദ്ധ ആരാണെന്ന് ജിബ്രീലിനോട് ചോദിച്ചു. പക്ഷെ ജിബ്രീൽ ആ ചോദ്യത്തിന് ഉത്തരം നൽകിയില്ല. മാത്രമല്ല മുമ്പു മൂസാ നബി (അ) അദ്ദേഹത്തിന്റെ 'ഇസ്റായിൽ' കൂടെ സഞ്ചരിച്ചിരുന്ന ദാസനോട് (ഹിള്ർ) അദ്ദേഹം വിലക്കിയിട്ടും നിരവധി ചോദ്യങ്ങൾ മൂസാനബി (സ) ചോദിക്കുകയുണ്ടായി. അതുപോലെ താങ്കൾ ചോദ്യങ്ങൾ ചോദിക്കേണ്ട എന്ന് പറഞ്ഞു. (18:71). കുറച്ചുകൂടി മുമ്പോട്ടു പോയപ്പോൾ ഒരാൾ തിരുനബി (സ) യുടെ വീഥിയുടെ എതിർവശത്തു നിന്ന് പേര് പറഞ്ഞു വിളിക്കുന്നതു കേട്ടു. അദ്ദേഹം തിരുമേനി (സ)യുടെ ശ്രദ്ധ തന്നിലേക്ക് പതിയാനായിരുന്നു വിളിച്ചത്. അപ്പോൾ ജിബ്രീൽ ആ വിളി ശ്രദ്ധിക്കേണ്ടെന്ന് പറഞ്ഞു. കുറച്ചുകൂടി പോയപ്പോൾ ഒരു കൂട്ടം ആൾക്കാരെ കണ്ടു. അവരെല്ലാം തിരുമേനിക്ക് സലാം ചൊല്ലുന്നുണ്ടായിരുന്നു. അപ്പോൾ ജിബ്രീൽ അവർക്ക് സലാം തിരിച്ചു നൽകാൻ തിരുമേനി(സ) യോടു പറഞ്ഞു. പിന്നീട് തിരുമേനി (സ) ജറുസലേമിലെ പരിശുദ്ധ ഭവനത്തിൽ പ്രവേശിച്ചു. അവിടെ വെച്ചു ജിബ്രീൽ ഒരു ഗ്ലാസ്സിൽ വെള്ളവും ഒരു ഗ്ലാസിൽ പാലും ഒരു ഗ്ലാസിൽ വീഞ്ഞും കുടിക്കാനായി തിരുമേനിയുടെ മുമ്പിൽ വെച്ചുകൊടുത്തു. അതിൽ തിരുമേനി (സ) പാൽ നിറച്ച ഗ്ലാസ് എടുത്തു അതിലുള്ള പാൽ കുടിക്കുകയുണ്ടായി. വെള്ളവും വീഞ്ഞും ഒഴിവാക്കി. അപ്പോൾ ജിബ്രീൽ പ്രതിവചിച്ചു. താങ്കൾ തിരഞ്ഞെടുത്തത് താങ്കളുടെ ശുദ്ധമായ പ്രകൃതിക്ക് അനുസൃതമായുള്ള പാനീയമാണ്. താങ്കൾ വെള്ളമോ വീഞ്ഞോ കഴിച്ചിരുന്നെങ്കിൽ താങ്കളുടെ അനുയായികൾ താങ്കൾക്ക് നഷ്ടപ്പെടുമായിരുന്നു. പിന്നീട് ആദ

മിനേയും മറ്റുള്ള പ്രവാചകൻമാരെയും തിരുമേനിയുടെ മുമ്പാകെ ഹാജരാക്കി. പിന്നീട് തിരുനബി (സ) അവരെയൊക്കെ പിന്നിൽ നിർത്തി നമസ്കാരത്തിന് നേതൃത്വം നൽകി. അതിനുശേഷം ജിബ്‌രീൽ പ്രതിവചിച്ചു: 'താങ്കൾ കണ്ട വൃദ്ധ ഈ ഭൗതിക ലോകത്തിന്റെ പ്രതീകമാണ്. ഈ ലോക ജീവിതം ആ വൃദ്ധക്ക് എത്ര ദൈർഘ്യം കുറഞ്ഞതാണോ അത്ര തന്നെ മനുഷ്യർക്ക് ഈ ലോകമുള്ളൂ. വീഥിയുടെ എതിർവശത്തുനിന്ന് താങ്കളെ വിളിച്ച മനുഷ്യൻ ദൈവത്തിന്റെ ശത്രുവായ ഇബ്‌ലീസ് ആയിരുന്നു. ഒരു സംഘം ആൾക്കാർ തിരുമേനിക്ക് സലാം ചൊല്ലിയതു പ്രവാചകന്മാരായിരുന്നു. ഇബ്രാഹീം, മൂസ്സ, ഈസ മുതലായവരാണ്. ഇവിടെ ഈസാ നബി(അ) യേയും മരിച്ചുപോയ പ്രവാചകന്മാരുടെ ആത്മാക്കളുടെ സമൂഹത്തിലാണ് കാണപ്പെട്ടത് എന്നതും പ്രത്യേകം പ്രസ്താവ്യമാണ്. ഈസാനബി (അ) മരിച്ചുപോയി എന്നതിലേക്ക് മറ്റു അനേകം തെളിവുകളുടെ കൂട്ടത്തിൽ ഇതും ഒന്നാകുന്നു.

ഈ ഹദീസ് ഇസ്റായെക്കുറിച്ചുള്ള ശരിയായ സംഗ്രഹമാണ്. ഇതു മനസ്സിലാക്കിത്തരുന്നതു ഇതൊരു ദർശനമാണെന്നാണ്. താഴെ പറയുന്ന സംഗതികളാൽ അതു തെളിയുന്നു.

'ഈ ദർശനത്തിൽ റസൂൽ തിരുമേനി ഒരു വൃദ്ധയെ കാണുന്നു. വീഥിയുടെ ഒരു ഭാഗത്ത് ഒരാളെ കാണുന്നു, മൂന്ന് ഗ്ലാസുകളിൽ വെള്ളവും വീഞ്ഞും പാലും നൽകുന്നു. അതിൽ പാൽ തിരുമേനി കുടിക്കുന്നു. ഇതിന്റെയൊക്കെ ഒരു വിവരണം ജിബ്‌രീൽ തിരുമേനിക്ക് പറഞ്ഞുകൊടുക്കുന്നു. അതായത് താൻ കണ്ട ദർശനത്തിന്റെ വ്യാഖ്യാനമാണ് ജിബ്‌രീൽ ആ ദർശനാവസ്ഥയിൽ തന്നെ പറഞ്ഞുകൊടുക്കുന്നത്. ദർശനങ്ങൾക്ക് വ്യാഖ്യാനം ഉണ്ടാകും. അപ്പോൾ ഇതു തന്നെ പ്രസ്തുത സംഭവങ്ങളെല്ലാം ഒരു ദർശനമാണെന്ന് തെളിയുന്നു.

(2) ഇതേ സൂറത്ത് സുറ:ബനീ ഇസ്രായീൽ 61-ാം വചനത്തിൽ "നാം നിനക്ക് കാണിച്ചുതന്ന ദർശനം (അറബിയിൽ "റുഅ്‌യാ") മനുഷ്യർക്ക് ഒരു പരീക്ഷണ മായിട്ടല്ലാതെ നാം ആക്കിയിട്ടില്ല." എന്ന് വിവരിച്ചത് ഈ ദർശനത്തെയാണ്. ഈ ആയത്തിന്റെ അടിസ്ഥാനത്തിൽ തിരുമേനിയുടെ (സ) വളരെ അധികം സഹാബാക്കൾ അവരിൽ ചിലർ പിൽക്കാലത്ത് പേര് കേട്ട പണ്ഡിതന്മാരയവരാണ്, ഇസ്റായെയും മിഅ്റാജിനെയും പറ്റി ഒരു ദർശനമായിട്ടാണ് നമുക്ക് പറഞ്ഞുതരുന്നത്. അതൊക്കെ ഹദീസ് ഗ്രന്ഥങ്ങളിൽ നമുക്ക് വായിക്കാൻ സാധിക്കും. ഒരവസരത്തിൽ മുആവിയയോട് ഇതു സംബന്ധമായി ചോദിക്കുകയുണ്ടായി. അപ്പോൾ അതൊരു ദർശനമാണെന്നും അത് പിന്നീട് പൂർത്തിയായതായും അദ്ദേഹം പ്രതിവചിച്ചതായി ഇഷ്ഹാഖും ഇബ്നുജരിറും റിപ്പോർട്ട് ചെയ്യുന്നു. (മൻത്തൂർ. 4 പേജ് 197). ആയിശ (റ) യും ഇതൊരു ദർശനമാണെന്നു പറഞ്ഞിട്ടുണ്ട്. (ഹിഷാം, 20 മആദ് വാല്യം 1)

(3) ഒരവസരത്തിൽ തിരുമേനിയോട് (സ) അഥവാ ദർശനത്തിൽ കണ്ട ജറുസലേം ദേവാലയത്തെ പറ്റി വിവരിക്കാൻ അനുചരന്മാർ ആവശ്യപ്പെട്ടു. ആ സന്ദർഭത്തിൽ അല്ലാഹു അദ്ദേഹത്തിന് ആ ദേവാലയത്തിന്റെ ഒരു ചിത്രം കാണിച്ചുകൊടുക്കുകയും അതിന്റെ വെളിച്ചത്തിൽ അവർക്ക് വിവരിച്ചുകൊടുക്കുകയും ചെയ്തു. (ഇബ്നുകാതിർ, വാല്യം 6 പേജ് 18). അദ്ദേഹം കണ്ട ദർശനത്തിൽ പിഴവ് വരരുത് എന്ന ഉദ്ദേശ്യത്തോടെയാണ് അതു വീണ്ടും കാണിച്ചുകൊടുത്തത്. ഈ ദർശനങ്ങൾക്കെല്ലാം ഒരാത്മീയ പരിവേഷമാണുള്ളത്. വരാൻ പോകുന്ന ചില സംഭവങ്ങൾ പ്രതീകാത്മകമായി തിരുമേനി (സ) യെ അല്ലാഹു ദർശനത്തിൽ കാണിച്ചുകൊടുത്തതാണ്. ജറൂസലേമിൽ ഇസ്‌ലാം തന്നെ പ്രചരിക്കാത്ത ഒരു കാലഘട്ടത്തിലാണ് ഈ ദർശനം കാണുന്നത്. അതുകൊണ്ടുതന്നെ ഒരു മുസ്‌ലിം പള്ളി പ്രസ്തുത സന്ദർഭത്തിൽ അവിടെ ഉണ്ടായിരുന്നില്ല. പള്ളി പണിതത് ഹദ്റത്ത് ഉമർ (റ) വിന്റെ കാലത്താണെന്നാണ് ചരിത്രം പറയുന്നത്. കൂടാതെ ദർശനത്തിൽ കണ്ട ആരാധനാലയത്തിൽ അദ്ദേഹത്തെ കൂടാതെ ജമാഅത്തായി നമസ്കരിച്ചത് പ്രവാചകന്മാരുടെ ആത്മാവോ അതോ ശരീരത്തോടുകൂടിയ പ്രവാചകന്മാരോ? ഇതൊക്കെ ചിന്താവിഷയമായി എടുത്താൽ അതൊരു ആത്മീയദർശനമാണെന്ന് മനസ്സിലാകുന്നു. അതേപോലെ മിഅ്റാജിനെ പറ്റി വിവരിക്കുന്ന ഹദീസുകളുടെ വെളിച്ചത്തിൽ പരിശോധിച്ചാലും അത് വളരെ ഉയർന്ന ഒരു ആത്മിയ ദർശനമാണെന്ന് തറപ്പിച്ചു പറയാൻ സാധിക്കും.

"ഉമ്മുഹാനി(റ)യുടെ വീട്ടിൽ അന്ന് രാത്രി തിരുമേനി താമസിച്ചു. ശഅ്ബ എന്ന മലഞ്ചെരുവിലാണ് ആ വീട് സ്ഥിതി ചെയ്തിരുന്നത്. ആ വീടിന്റെ മേൽപ്പുര ഭേദിച്ച് മലക്കുകൾ വീട്ടിനകത്ത് പ്രവേശിക്കുകയും തിരുമേനി(സ)യെ മസ്ജിദുൽ ഹറമിലേക്ക് നയിക്കുകയും ചെയ്തു. ആ അവസരത്തിൽ തിരുമേനി ഉറക്കത്തിൽ നിന്നും തികച്ചും മുക്തനായി ക്കഴിഞ്ഞിരുന്നില്ല. മസ്ജിദുൽ ഹറമിൽ തിരുമേനി അല്പനേരം ഉറങ്ങി. മസ്ജിദുഹറമിൽ ഹജർ ഇസ്മായിലിൽ കിടന്നുകൊണ്ടു തിരുമേനി (സ) ഉറങ്ങുമ്പോൾ ജിബ്രീൽ മീക്കായിൽ എന്നീ മലക്കുകൾ വേറെയൊരു മലക്കിനോടൊപ്പം അവിടെ എത്തി. ഹംസ (റ) യും ജഅ്ഫർ (റ) ഉം തിരുമേനിയുടെ വലത്തും ഇടതുമായി കിടക്കുന്നുണ്ടായിരുന്നു. അവരുടെ മദ്ധ്യത്തിൽ നിന്ന് ആ മലക്കുകൾ തിരുമേനി(സ)യെ എടുത്തു സംസം കിണറിന്റെ അടുക്കലേക്ക് കൊണ്ടുപോയി തിരുമേനിയുടെ നെഞ്ചിലെ അസ്ഥി പഞ്ജരത്തിന് താഴെ നിന്ന് പൊക്കിൾ വരെ ജിബ്‌രിൽ (അ) കീറുകയും ഹൃദയത്തെ പുറത്തെടുത്ത് മൂന്ന് തവണ ശുദ്ധീകരിക്കുകയും ചെയ്തു. പിന്നീട് അതു യഥാസ്ഥാനത്തു

വെച്ചു മുറികൂട്ടി മുദ്രവെച്ചു. ഈ കാര്യം അമാനുഷികവും അല്ലാഹുവിന്റെ വരുതിയിൽ പെട്ടതുമത്രെ (അവസാനം പറഞ്ഞതു ഇബ്നു ഹജർ ഹദീസുകളിൽ നിന്ന് സമാഹരിച്ച അഭിപ്രായമാണ് *(സമ്പൂർണ്ണ ഇസ്‌ലാം ചരിത്രം. പേജ് 197)"*

മേൽ പറയപ്പെട്ട സംഭവങ്ങളെല്ലാം ഒരു ദർശനത്തിൽ മാത്രം സംഭവിക്കാവുന്നതാണ്. റസൂൽ തിരുമേനി (സ) ഉറക്കത്തിലാണെന്നും പറയുന്നു. തിരുമേനി (സ) ദർശനത്തിൽ കണ്ട കാഴ്ച അനുചരന്മാർക്ക് വിവരിച്ചു കൊടുത്തതാണെന്നതിന് അതു തന്നെ തെളിവാണ്. ഹൃദയം കീറി ഓപ്പറേഷൻ നടത്തുകയും മറ്റും ചെയ്ത മലക്കുകൾക്ക് ഉമ്മുഹാനിയുടെ വീടിന്റെ മേൽഭാഗം പൊളിച്ചുകൊണ്ടു തിരുമേനിയെ പുറത്ത് എടുക്കേണ്ടിയിരുന്നോ? അതും ദൃഷ്ടാന്തമെന്ന നിലയിൽ മലക്കുകൾ ഉള്ളിൽ പ്രവേശിച്ചു വാതിൽ തുറന്നു കൊ ണ്ടു പോയാൽ മതിയായിരുന്നില്ലേ? ഉമ്മുഹാനിയുടെ ഒരു രിവാവയത്തി ലും അവരുടെ വീടിന്റെ മേൽപുര പൊളിഞ്ഞതായി പറയപ്പെട്ടിട്ടില്ല. ഇതൊക്കെ ദർശനത്തിൽ സാദ്ധ്യമാണ്. റസൂൽ തിരുമേനിയെ മഹത്തായ ദൈവദർശനത്തിന് അനുയോജ്യമായി മലക്കുകളെ സഹായത്തോടെ സജ്ജമാക്കുന്ന പ്രക്രിയായി നാം ഈ സംഭവത്തെ മനസ്സിലാക്കണം. എല്ലാവിധ പരിശുദ്ധിയും ആർജ്ജിച്ചുകൊണ്ടാണ് തിരുമേനി ദൈവദർശത്തിനായി ആകാശാരോഹണം നടത്തിയത് എന്നാണ് ഇതിന്റെ സാരം. റസൂൽ തിരുമേനി(സ) യുടെ പരിശുദ്ധമായ ആത്മീയ സ്ഥിതിയേയാണ് മേൽ ഹദീസുകളിൽ നിന്ന് മനസ്സിലാക്കുന്നത്. അത്രയും ആത്മീയമായി പരിശുദ്ധി പ്രാപിച്ച ഒരു മഹാത്മാവിന്റെ ആകാശാരോഹണമാണ് ഇനി നാം കാണാൻ പോകുന്നത്. ഒരു പരിപൂർണ്ണ മനുഷ്യനായ റസൂൽ തിരുമേനിയുടെ ഖാത്തമുന്നബിയ്യീൻ എന്ന സ്ഥാനത്തെ വിളിച്ചോതുന്ന ദർശനമാണ് വാസ്തവത്തിൽ മിഅ്റാജ്

(തുടരും) ■

## കവിത

# ഇസ്‌ലാം മാർഗ്ഗം

**എച്ച്. എച്ച്.**

**(1925 ൽ ആരംഭിച്ച സത്യദൂതന്റെ പ്രഥമ പത്രാധിപരായിരുന്ന എച്ച്. ഹുസൈൻ സാഹിബ് എഴുതിയ കവിത)**

പായൊല്ല, മാനവ! വർജ്ജ്യമെന്നോർത്തു നീ,
പാരിൽ ചരിക്കേണ്ടും മാർഗ്ഗം-ഇസ്‌ലാം!!
പിന്നീടു ഖേദിക്കാൻ സംഗതിയാക്കൊല്ല,
പിന്തിരിഞ്ഞൊന്നിങ്ങു നോക്കീടുക!
ഇസ്‌ലാം -സന്മാർഗ്ഗം-മിതത്രെ സുമോഹനം!
സ്വർല്ലോകം പൂകുന്ന രാജമാർഗ്ഗം!
ഹീനതാ ദീനത എന്നീയവശത
ഒന്നുമേ തീണ്ടാത്തൊരേകമാർഗ്ഗം!
മാനസം തേടുന്ന മാന്യപദങ്ങളിൽ
മാനമോടെത്തിക്കും മാന്യമാർഗ്ഗം!
തെണ്ടിനടന്നോരെച്ചെങ്കോൽ ധരിപ്പിച്ച
ചിന്താർഹമായോരമൂല്യ മാർഗ്ഗം!
പാതാളവഹ്നിയിൽ വെന്തു പുകഞ്ഞോരെ-
പ്പാലാഴിതീരത്തണച്ച മാർഗ്ഗം!
പണ്ടു കഴിഞ്ഞ പരമപുരുഷന്മാർ
പാടി നടന്ന പവിത്രമാർഗ്ഗം!
ശ്രീരാമചന്ദ്രനും ശ്രീകൃഷ്ണദേവനും
ശ്രീശാക്യബുദ്ധനും യേശുതാനും
നാഥാധിനാഥന്റെ കീർത്തനം പാടിക്കൊ-
ണ്ടാർത്തു നടന്നൊരനന്യമാർഗ്ഗം!
പോകൊല്ല, സോദര! പൊയ്യാക്കിത്തള്ളൊല്ല,
പാരം പരിതപിച്ചീടും പിന്നെ!
നല്ലൊരുനാഥനെ ചെന്നങ്ങു കാണുവാ-
നില്ലൊരു മാർഗ്ഗമിതൊന്നൊഴികെ!
രാവും പകലുമൊരായിരം കൊല്ലം നീ
വൈമാനികനായ് പറന്നെന്നാലും
ഉദ്ദിഷ്ടസ്ഥാനത്തു ചെന്നെത്താനിയ്യോരു
സദ്വീഥിയൊന്നുതാനാലംബം തേ!!! ■

ലേഖനം

മൗദൂദി സാഹിബിനെ വധശിക്ഷക്ക് വിധിച്ചതെന്തിന്? (തുടർച്ച)

# മൗദൂദി സാഹിബ് നയിച്ച കലാപം

മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച്.എ.

**പാകിസ്താൻ ഭരണകൂടത്തെ അട്ടിമറിക്കാൻ വേണ്ടി മൗദൂദി സാഹിബ് നടത്തിയ രക്തരൂഷിതമായ കലാപമാണ് അദ്ദേഹത്തിന് വധശിക്ഷ നൽകാൻ പട്ടാളക്കോടതിയെ പ്രേരിപ്പിച്ചത്. ജമാഅത്തുകാർ പ്രചരിപ്പിക്കുംപോലെ 'ഖാദിയാനി മസ്അല' എന്ന ലഘുകൃതി എഴുതിയതിനല്ല.**

ലാഹോർ പട്ടാളക്കോടതി മൗദൂദി സാഹിബിനെ മാത്രമല്ല ശിക്ഷിച്ചിരുന്നത്. അദ്ദേഹത്തെപ്പോലെതന്നെ. "മൗലാനാ അബ്ദുസ്സത്താർ നിയാസി"യേയും മറ്റു ചിലരേയും വധശിക്ഷയ്ക്ക് വിധിക്കുകയും പിന്നീടതു കഠിനതടവാക്കി ചുരുക്കുകയും ചെയ്തിട്ടുണ്ട്. "മൗലാനാ അഖ്ത്തർ അലീഖാ"നെയും പതിന്നാലുകൊല്ലത്തെ കഠിനതടവിന് ശിക്ഷിക്കുകയുണ്ടായി. അപ്പോൾ പട്ടാളക്കോടതി ശിക്ഷിച്ചത് അതിന്റെ ദൃഷ്ടിയിൽ ശിക്ഷാർഹമായ കുറ്റം ചെയ്തവരെ മാത്രമാണെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. ഒരു ജഡ്ജി അറിഞ്ഞോ അറിയാതെയോ അന്യായമായ വിധി പ്രസ്താവിച്ചുവെന്നുവരാം. എന്നാൽ ഇന്ന കുറ്റത്തിന്നാണ് ശിക്ഷിച്ചതെന്ന് വിധികർത്താവിൽ നിന്നു നേരിട്ടറിയാതെ ശിക്ഷിച്ചതിന്റെ കാരണം ഇന്നതാണെന്നു മറ്റുള്ളവർ പറയുന്നതിനെ ധർമ്മബുദ്ധികൾക്ക്, ന്യായീകരിക്കാൻ കഴിയുന്നതല്ല. മാഹിറുൽ ഖാദിരി സാഹിബ് പറയുന്നത്, "മൗദൂദി സാഹിബിനെ അറസ്റ്റു ചെയ്ത കാരണത്തെകുറിച്ചു യാതൊരു ഗവൺമെന്റ് പ്രഖ്യാപനവും നമ്മുടെ ദൃഷ്ടിയിൽ പെട്ടുകഴിഞ്ഞിട്ടില്ല" എന്നാണ്. എന്നാൽ അതേ ശ്വാസത്തിൽ തന്നെ അദ്ദേഹം ഇങ്ങനേയും പറയുന്നു: "മൗലാനാ 'ഖാദിയാനി പ്രശ്നം' എന്ന ഒരു ലഘുലേഖ എഴുതി എന്നതാണ് വാസ്തവം." അറസ്റ്റ് ചെയ്ത അധികൃതന്മാരും ശിക്ഷനൽകിയ ന്യായാധിപതികളും മൗദൂദി സാഹിബിന്റെ കുറ്റം ഇന്നതാണെന്ന് വ്യക്തമാക്കിയിട്ടില്ലെന്നു വരുമ്പോൾ, അദ്ദേഹത്തിന്റെ കുറ്റം "ഖാദിയാനിപ്രശ്നം" എന്നൊരു പുസ്തകം എഴുതിയതാണെന്നു മാഹിറുൽ ഖാദിരി സാഹിബ് മാത്രം പറയുന്നതെങ്ങനെ വിശ്വസനീയമാവും?

എന്നാൽ മാഹിറുൽ ഖാദിരി സാഹിബ് തന്നെയും പതുങ്ങിയ സ്വരത്തിലും അവ്യക്തമായ ഭാഷയിലും, മൗദൂദി സാഹിബിന്റെ കുറ്റം, കുറഞ്ഞ പക്ഷം കുറ്റങ്ങളിൽ ഒന്നു, ഇന്നതാണെന്ന് മനസ്സിലാക്കിത്തരുന്നുണ്ട്. 'അദ്ദേഹം പറയുകയാണ്: "മൗലാനാ മൗദൂദിയും സഹപ്രവർത്തകന്മാരും പട്ടാളത്തിലും രാഷ്ട്രത്തിലും കുഴപ്പം സൃഷ്ടിക്കാനും ഗവൺമെന്റിന്നെതിരായി വിദ്വേഷം ഉളവാക്കാനും ആയി വല്ലതും പ്രവർത്തിച്ചിട്ടുണ്ടായിരിക്കുമെന്ന ഒരു തെറ്റിദ്ധാരണ അവരുടെ മേൽ ചുമത്തപ്പെട്ട ചാർജ്ജുകളിൽ നിന്നു ഉളവായേക്കാൻ ഇടയുണ്ട്." മാഹിറുൽ ഖാദിരി സാഹിബ് വളരെ സാമർത്ഥ്യത്തോടുകൂടി മൗദൂദി സാഹിബിന്റെ കുറ്റത്തെ കുറ്റമല്ലെന്നു വരുത്തുവാനും അതു വെറും ഒരു തെറ്റിദ്ധാരണയാണെന്ന് ദ്യോതിപ്പിക്കുവാനും വേണ്ടി വളച്ചുതിരിച്ചും വ്യംഗ്യഭംഗിയിലും ആണ് മേൽവരികളെഴുതിയിട്ടുള്ളതെങ്കിലും, മൗദൂദി സാഹിബിന്റെ മേൽ ചുമത്തപ്പെട്ട കുറ്റം ഒരു ലഘുലേഖ എഴുതിയെന്ന തു മാത്രമല്ലെന്നു ചിന്തകന്മാർക്ക് മനസ്സിലാക്കാൻ പ്രയാസപ്പെടേണ്ടി വരില്ല.

മൗദൂദി സാഹിബിന്റെ അനുയായികളിൽ പെട്ട ''അൽഫാറൂഖ്'' മാസികാപത്രാധിപർ പ്രസ്തുത മാസികയുടെ കഴിഞ്ഞ ജൂൺ ജൂലായി ലക്കത്തിൽ "മൗലാനാ മൗദൂദിയുടെ ശിക്ഷയും അതിന്റെ പ്രത്യാഘാതങ്ങളും" എന്ന തലക്കെട്ടിലെഴുതിയ ദീർഘമായ മുഖലേഖനത്തിൽ മൗദൂദി സാഹിബിന്റെ മേൽ ആരോപിക്കപ്പെട്ട കുറ്റം എന്താണെന്നു വ്യക്തമാക്കിയിട്ടുണ്ട്. ആ ലേഖനത്തിൽ ഒരിടത്തിപ്രകാരം പറയുന്നു: "കാദിയാനികൾക്കെതിരായി പ്രസ്താവനകൾ നൽകിയതും ലേഖനങ്ങൾ എഴുതിയതും സൈന്യത്തിന്നിടയിൽ വിദ്രോഹപരമായ പ്രചാരവേല നടത്തിയതുമാണെന്നാണ് അദ്ദേഹത്തിന്റെ മേൽ ആരോപിക്കപ്പെട്ട കുറ്റങ്ങൾ.'' ഇതിൽ നിന്നും മൗദൂദി സാഹിബിൽ ആരോപിക്കപ്പെട്ട കുറ്റം "ഖാദിയാനിപ്രശ്നം" എന്ന ലഘുലേഖ എഴുതിയെന്നതു മാത്രമല്ല

എന്നല്ലേ നമുക്കു മനസ്സിലാകുന്നത്? “കാദിയാനികൾക്കെതിരായ പ്രസ്താവനകൾ” എന്നതിന്റെ വിവക്ഷ ദുർഗ്രഹമാണെങ്കിലും അഹ്മദിയ്യാവിരുദ്ധ പ്രസ്ഥാനക്കാർ അഹ്മദികളുടെ നേരെ സ്വീകരിച്ച നയവും തജ്ജന്യമായ ദാരുണസംഭവങ്ങളും അതിന്റെ യർത്ഥം കുറേയെല്ലാം വിശദമാക്കിത്തരുന്നുണ്ട്. സൈന്യത്തിന്നിടയിൽ വിദ്രോഹപരമായ പ്രചാരവേല ചെയ്തതാണ് മറ്റൊരു കുറ്റമായി “അൽ ഫാറുഖ്” മനസ്സിലാക്കിത്തരുന്നത്. മാഹിറുൽ ഖാദിരി സാഹിബ്, ഈ സംഗതി തുറന്നുപറയുന്നതിന്നുപകരം ഒരവ്യക്തശൈലിയിൽ വളച്ച് തിരിച്ച് എഴുതുകയും ‘ഖാദിയാനി പ്രശ്നം’ എഴുതിയതു മാത്രമാണ് മൗദൂദി സാഹിബിന്റെ കുറ്റമെന്നു വരുത്താൻ ശ്രമിക്കുകയുമാണ് ചെയ്തിരിക്കുന്നത്. ഇതിൽ നിന്ന് യാഥാർത്ഥ്യത്തെ മറച്ചുവെക്കുവാനും പൊതുജനങ്ങളെ കബളിപ്പിക്കുവാനും മാഹിർ സാഹിബിന്നുള്ള ‘മഹാറത്ത്’ (സാമർത്ഥ്യം) വെളിപ്പെടുന്നു.

പാക്കിസ്താനിലെ ഒരു ന്യൂനപക്ഷത്തിന്ന് അവിടെ സമാധാനപൂർവ്വം ജീവിക്കുവാൻ അസാദ്ധ്യമാകുമാറ് പൊതുജനങ്ങളെ അവർക്കെതിരിൽ ഇളക്കിവിടുകയും, അക്രമപ്രേരകമായ പ്രചാരവേലകൾ ചെയ്യുകയും, സൈന്യത്തിന്നിടയിൽ പോലും വിദ്രോഹപരമായ പ്രചാരവേല നടത്തുകയും ചെയ്തതിനെക്കുറിച്ച് ‘അൽഫാറൂഖ്’ പത്രാധിപർ പറയുന്നതിങ്ങനെയാണ്: “വധശിക്ഷയെ അർഹിക്കത്തക്കവിധം അത്രയും ഗുരുതരമായതാണ് പ്രസ്തുത ആരോപണങ്ങളെന്ന് ആർക്കും തോന്നുകയില്ല.” അതെ, മൗദൂദി സാഹിബ് യാതൊരു കുറ്റവും ചെയ്തിട്ടില്ലെന്നും പാക്കിസ്താൻ ഗവൺമെന്റ് നിർദ്ദോഷിയും നിരപരാധിയും ആയ അദ്ദേഹത്തെ അക്രമമായും അന്യായമായും ശിക്ഷിച്ചതാണെന്നും പറയുവാൻ മടിക്കാത്തവർക്ക് അങ്ങനെ തോന്നുകയില്ലായിരിക്കും! എന്നാൽ, രാജ്യത്ത് അരാജകത്വം സൃഷ്ടിക്കുവാൻ ശ്രമിക്കുകയും നിയമങ്ങളെ ചവിട്ടിത്തേക്കുകയും ദുർബ്ബലരായ സാധുജനങ്ങൾക്ക് ജീവിതം ദുർഭരമാക്കിത്തീർ ക്കുകയും സായുധസൈന്യത്തെ അട്ടിമറിക്കാൻ പണിപ്പെടുകയും ചെയ്യുകയെന്നതു നീതിതല്പരന്മാരുടെയും സമാധാനകാംക്ഷികളുടേയും പക്കൽ കഠിനശിക്ഷയ്ക്കും പാത്രമാകേണ്ടുന്ന ഭയങ്കര കുറ്റം തന്നെയാണ്.

പട്ടാളക്കോടതി മൗദൂദി സാഹിബിനെ ശിക്ഷിച്ചതു സംബന്ധിച്ച് അന്ന് ‘ഇന്റർ സർവീസസ് പബ്ലിക് റിലേഷൻസ് ഡയരക്ടറയിറ്റ്’ പുറപ്പെടുവിച്ച പ്രസ്താവന ഇതായിരുന്നു: “പട്ടാളക്കോടതി മുമ്പാകെ വിചാരണ ചെയ്യപ്പെട്ട മൗലാനാ സയ്യിദ് അബുൽ അഅ്ലാ മൗദൂദിയ്ക്ക് മരണശിക്ഷ വിധിക്കപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന്റെ പേരിൽ ചുമത്തപ്പെട്ട കുറ്റങ്ങളിൽ ഭരണകൂടത്തിന്നെതിരായി വിദ്വേഷവും അവിശ്വാസവും പരത്തുകയും സായുധസൈന്യങ്ങൾക്കിടയിൽ വിദ്രോഹപരമായ പ്രചാരവേലകൾ ചെയ്കയും ചെയ്തുവെന്നതുമുൾപ്പെടും. ‘മാർഷൽ ലൊ’ നടപ്പായപ്പോൾ മാർച്ച് 28-ാനുയാണ് അദ്ദേഹത്തെ അറസ്റ്റ് ചെയ്തിരുന്നത്. ഇതിന്നുമുമ്പ് 1954 -ൽ, ‘പാക്കിസ്താൻ പൊതുരക്ഷാനിയമ’പ്രകാരം അദ്ദേഹത്തെ അറസ്റ്റ് ചെയ്കയും പതിനെട്ടു മാസം തടങ്ങലിൽ വെക്കുകയും ചെയ്തിട്ടുണ്ടായിരുന്നു.” അദ്ദേഹത്തെ ശിക്ഷിച്ചതു മാർഷൽ ലൊ ഓർഡർ 8-ാം നമ്പർ പ്രകാരവും പാകിസ്താൻ ക്രിമിനൽ നടപടി നിയമം 153 എ, 124 എന്നീ വകുപ്പുകൾ പ്രകാരവും ആണെന്നും പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. മാത്രമല്ല, കറാച്ചിയിലെ ‘ജമാഅത്തെ ഇസ്ലാമി’ ആഫീസിൽ നിന്ന് മെയ് 10-നു ഇങ്ങനെയൊരു പ്രസ്താവന പുറപ്പെടുവിക്കപ്പെട്ടിട്ടുണ്ടായിരുന്നു. “ലാഹോറിൽ നിന്നു കിട്ടിയ വർത്തമാനങ്ങളിൽ നിന്ന് മൗലാനാ സയ്യിദ് അബുൽ അഅ്ലാ സാഹിബ് മൗദൂദി, സയ്യിദ് നഖീ അലി സാഹിബ് മലിക്ക് നസ്രുല്ലാഹ് ഖാൻ സാഹിബ് അസീസ് (‘തസ്നീം’ പത്രാധിപർ) എന്നിവരുടെ പേരിൽ 153, 124എ എന്നീവകുപ്പുകൾപ്രകാരം മാർഷൽ കോടതിയിൽ കേസ് വിചാരണ ആരംഭിച്ചിരിക്കുന്നുവെന്നു മനസ്സിലാകുന്നു. അടുത്തു കിട്ടിയ റിപ്പോർട്ടുകളിൽ നിന്നു വെളിപ്പെടുന്നതു കേസ് വിചാരണ അവസാനിച്ചുവെന്നും രണ്ടുമൂന്നു ദിവസത്തിനകം വിധി പ്രസ്താവിക്കപ്പെടുമെന്നുമാണ്. ലാഹോറിൽ ‘ജമാഅത്തെ ഇസ്ലാമി’യുടെ പ്രവർത്തകന്മാരെ വീണ്ടും അറസ്റ്റു ചെയ്തത് മാർഷൽ ലോ അനുസരിച്ചാണെന്നും പ്രസ്താവ്യമാണ്”. കറാച്ചിയിൽ നിന്നു

*(ശേഷം 42-ാം പേജിൽ)*

---

*(34 -ാം പേജിൽ നിന്ന് തുടർച്ച)*

ഉണ്ടായിരുന്നു. അത് അദ്ദേഹത്തിന്റെ ശബ്ദത്തിലും പ്രകടമായിരുന്നു. അദ്ദേഹത്തെ കണ്ടുമുട്ടുന്നവരുടെ ഹൃദയത്തെ അദ്ദേഹം കവരുമായിരുന്നു. അദ്ദേഹത്തിന്റെ പ്രചോദനമാത്മകമായ ശബ്ദം ആരും ശ്രവിച്ചു പോകുമായിരുന്നു. ഹദ്റത്ത് മീർസാ ബശീർ അഹ്മദിന്റെ നിര്യാണത്തോടെ പ്രവാചകന്മാരുടെ ഒരു ചന്ദ്രനാണ് നഷ്ടപ്പെട്ടത് (കമറുൽ അംബിയാ)’.

അല്ലാഹുവിന്റെ ഭക്തദാസന്മാരുടെ ആത്മീയ പ്രഭ ഈ ലോകത്തും പരലോകത്തും പൂത്തുലയുകയും ചെയ്യും. അവർ അതിനുവേണ്ടി ദാഹിക്കുന്നു. അവരിലൂടെ അത് എല്ലാ വഴിയിലൂടെയും പ്രകടമാവുകയും ചെയ്യുന്നു. അവരുടെ ആത്മാക്കൾ ശരീരവുമായി വേറിട്ടതിന് ശേഷവും കൂടുതൽ പ്രകാശത്തിന് വേണ്ടി പ്രാർത്ഥിക്കുന്നു.

........... അവരുടെ മുന്നിലും വലതുവശത്തും അവരുടെ പ്രകാശം പ്രസരിച്ചുകൊണ്ടിരിക്കും. അവർ പ്രാർത്ഥിക്കും. ‘ഞങ്ങളുടെ നാഥാ, ഞങ്ങളുടെ പ്രകാശം ഞങ്ങൾക്ക് പൂർത്തീകരിച്ചു തരേണമേ. ഞങ്ങൾക്ക് പൊറുത്തു തരേണമേ. തീർച്ചയായും നീ എല്ലാ കാര്യത്തിനും കഴിവുള്ളവനാണ്. (66:9)

നമുക്കു കൂടുതൽ പ്രകാശം സ്വീകരിക്കാനുള്ള ഭാഗ്യം അല്ലാഹു നൽകട്ടെ. സർവ്വ സ്തുതിയും സർവ്വലോക രക്ഷിതാവായ അല്ലാഹുവിനാകുന്നു.

കുറിപ്പുകൾ

**മുസാഫിർ**

# കെ. ആർ. നാരായണന് ആദരാഞ്ജലികൾ

**2005** നവംബർ 9ന് അന്തരിച്ച ഇന്ത്യയുടെ മുൻ രാഷ്ട്രപതിയും കേരളീയനുമായ കെ. ആർ. നാരായണന്റെ സ്മരണക്കു മുമ്പിൽ ആദരാഞ്ജലികളർപ്പിക്കുന്നു.

മുക്കാൽ നൂറ്റാണ്ടു മുമ്പ് ജാതീയത കൊടി കുത്തിവാണിരുന്ന കേരളത്തിലെ അധഃസ്ഥിത സമൂഹത്തിൽ കഷ്ടപ്പാടിന്റേയും ദാരിദ്ര്യത്തി ന്റേയും നടുവിൽ ജനിച്ച കോച്ചേരി രാമൻ മകൻ നാരായണന്റെ മുമ്പിൽ പ്രതികൂലാവസ്ഥയുടെ വൻ സമുദ്രങ്ങളും മഹാ പർവതങ്ങളുമായിരുന്നു ഉണ്ടായിരുന്നത്. പ്യൂപാ ദശ പിന്നിട്ട് പറന്നുയരുന്ന ചിത്രശലഭത്തെപ്പോലെ മനോഹരവും വിസ്മയകരവും ഐതിഹാസികവുമായിരുന്നു കെ. ആർ. നാരായണന്റെ ജീവിത യാത്ര. ഒരു ഭാരതീയ പൗരന് പ്രാപിക്കാൻ കഴിയുന്ന അധികാര സോപാനത്തിന്റെ സർവോച്ചസ്ഥാനീയനായി വിനയ പുരസ്സരം നാരായണൻ ആസനസ്ഥനായപ്പോൾ ഇന്ത്യൻ രാഷ്ട്രീയവും സർവോപരി സഹസ്രാബ്ദങ്ങളുടെ നൈരന്തര്യമുള്ള ഭാരതീയ സംസ്കൃതിയും മഹത്വവത്ക്കരിക്കപ്പെടുകയായിരുന്നു. കുലീനതയുടെ അടിസ്ഥാനം ജാതീയതയല്ല എന്ന് തെളിയിച്ച അഭിജാതനായിരുന്നു നാരായണൻ. അദ്ദേഹത്തിന്റെ വാക്കിലും പ്രവൃത്തിയിലും നടപ്പിലും നോട്ടത്തിലുമെല്ലാം ഉന്നതമായ ഒരു സംസ്കാരത്തിന്റെ വിരൽസ്പർശമുണ്ടായിരുന്നു. കെ. ആർ. നാരായണന്റെ നിര്യാണത്തോടെ നെഹ്റുവിയൻ യുഗത്തിന്റെ ഒരു തിരിവെട്ടം കൂടി അണഞ്ഞു.

വിശ്വ പ്രസിദ്ധമായ ഇംഗ്ലണ്ടിലെ വിദ്യാപീഠമായിരുന്ന ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സിലെ ഹറോൾഡ് ലാസ്കിയായിരുന്നു നാരായണനിലെ പ്രതിഭയെ തിരിച്ചറിഞ്ഞ് സ്നേഹം ചൊരിഞ്ഞ ഗുരുനാഥൻ. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റേയും ഗുരുനാഥനായിരുന്നു അദ്ദേഹം. ഉദാര ജനാധിപത്യത്തിന്റെ ലോകചാര്യൻമാരിലൊരാളായിരുന്നു ലാസ്കിയുടെ സ്വാധീനം ജനാധിപത്യത്തെപ്പറ്റി അത്യുന്നതമായ ധാരണകൾ നേടാൻ നാരായണനെ പ്രാപ്തനാക്കി. ജീവൻ തുടിക്കുന്ന രാഷ്ട്രീയാവബോധം ആർജിച്ച കെ. ആർ. നാരായണന് സമീപകാലം വരെ ഇന്ത്യൻ ബ്യൂറോക്രസിയുടെ സേവനമായിരുന്നു വിധിക്കപ്പെട്ടത്.

1979ൽ അന്നത്തെ പ്രധാനമന്ത്രിയായിരുന്ന മൊറാർജി ദേശായിയായിരുന്നു കെ ആർ നാരായണനെ ഇന്ത്യയിലെ പ്രശസ്തമായ ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസ്ലർ ആയി നിയമിച്ചത്. 1980ൽ ഇന്ദിരാഗാന്ധി വാഷിംഗ്ടണിലെ അംബാസഡറായി നാരായണനെ തിരഞ്ഞെടുത്തു. മലരും ചുഴിയും ഒരുപാടുള്ള ഇന്തോ അമേരിക്കൻ നയതന്ത്ര രംഗം വിദഗ്ധമായി നയിച്ച അദ്ദേഹം ഇന്ദിരാഗാന്ധിയുടെ ശ്രദ്ധാ കേന്ദ്രമാകുകയായിരുന്നു. നാരായണന്റെ കഴിവും ശക്തിയും അറിയുമായിരുന്ന ഇന്ദിരാഗാന്ധിയാണ് അദ്ദേഹത്തെ കോൺഗ്രസിലേക്ക് സ്വാഗതം ചെയ്ത്. പിന്നീട് രാജീവ്ഗാന്ധിയുടെ കാലത്ത് ഒറ്റപ്പാലം സംവരണ നിയോജക മണ്ഡലത്തിൽ നിന്നാണ് നാരായണൻ കോൺഗ്രസ് ടിക്കറ്റിൽ ജയിച്ചത്. നാരായണനെ പോലെ ഉന്നത ശീർഷനായ ഒരാളെ സംവരണ സീറ്റിൽ നിർത്തിയതിനെതിരെ രൂക്ഷമായ വിമർശനം അന്ന് കോൺ ഗ്രസ് നേരിട്ടതാണ്. കോൺഗ്രസിന്റെ ഈ തീരുമാനം കേരളത്തിലെ വോട്ടർമാരുടെ രാഷ് ട്രീയ പ്രബുദ്ധതക്ക് മീതെ കരിനിഴൽ വീഴ്ത്തുകയാണുണ്ടായത്. രാഷ്ട്രീയത്തിലെ നിലവാരം കുറഞ്ഞ തന്ത്രങ്ങളും കൗശലങ്ങളും വശമില്ലാത്ത നാരായണൻ സ്വന്തം പ്രതിഭാശക്തികൊണ്ടാണ് ഉയരങ്ങളിലേക്ക് കയറിയത്.

1992ലാണ് അദ്ദേഹം ഐകകണ്ഠ്യേന ഉപരാഷ്ട്രപതി സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടത്. 1997ൽ രാഷ്ട്രപതിയായും അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു.സൗമ്യനായ നാരായണൻ വിനീത വിധേയനായ ഒരു പ്രസിഡന്റയിരുന്നില്ല. ഇന്ദിരാഗാന്ധി സ്വന്തമായെടുത്ത അടിയന്തിരവസ്ഥാ തീരുമാനത്തിൽ തിരുവായ്ക്കെതിർവായില്ലാതെ ഒപ്പുവെച്ച ഫക്രുദ്ദീൻ അലി അഹമ്മദിനെ പോലെ ഒരു റബ്ബർ സ്റ്റാമ്പായിരുന്നില്ല കെ ആർ നാരായണൻ. പ്രസിഡന്റിന്റെ പരമോന്നത പദവിയുടെ അന്തസ്സിന് ചേർന്നവിധം ഭരണഘടനയുടെ കാവലാളായി വർത്തിച്ച അപൂർവം പ്രസിഡന്റുമാരിലൊരാളായിരുന്നു അദ്ദേഹം. 1997ൽ അന്നത്തെ പ്രധാനമന്ത്രി ഐ കെ ഗുജ്റാലിന്റെ മന്ത്രിസഭ യു പി യിലെ മായാവതി സർക്കാറിനെ പിരിച്ചുവിട്ട് പ്രസിഡന്റ് ഭരണം സ്ഥാപിക്കാനുള്ള തീരുമാനം മതിയായ കാരണങ്ങളില്ല എന്ന് പറഞ്ഞ് ഒപ്പിടാതെ തിരിച്ചയക്കാൻ അദ്ദേഹം ധീരത കാട്ടി. ഗുജ്റാൾ മന്ത്രിസഭ ആ തീരുമാനം മാറ്റുകയാണുണ്ടായത്. 1998ൽ വാജ്പേയ് സർക്കാർ ബീഹാറിലെ റബ്റിസർക്കാറിനെ പിരിച്ചുവി

*(ശേഷം 42-ാം പേജിൽ)*

**കുറിപ്പുകൾ**

**മുസാഫിർ**

# താലിബാന്റെ മതം

നൂറുവർഷങ്ങൾക്ക് മുമ്പ് വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദി (അ)ന്റെ ഒരു ഭക്തശിഷ്യനെ അഹ്മദിയ്യത്ത് സ്വീകരിച്ച കുറ്റം ചാർത്തി, അരയോളം ഭൂമിയിൽ കുഴിച്ചിട്ട് മുല്ലമാർ ചുറ്റു കൂടി നിന്ന് ആർത്തട്ടഹസിച്ച് കല്ലെറിഞ്ഞു കൊലപ്പെടുത്തുകയുണ്ടായി. അഫ്ഗാനിസ്ഥാനിൽ നിന്നും കെട്ടഴിച്ചു വിട്ട ഈ പൈശാചികതയുടെ ആധുനിക രൂപമാണ് താലിബാൻ. മനുഷ്യ സംസ്കാരം ആദരിക്കുന്ന മാർഗങ്ങളുടെയെല്ലാം വിപരീത ദിശകളിലൂടെ സഞ്ചരിച്ച് ഈ ക്രിമിനൽസംഘം ലോകസമൂഹത്തെ നടുക്കിക്കൊണ്ടിരിക്കുകയാണ്. അതിലൊടുവിലത്തേതാണ് മലയാളിയായ മണിയപ്പൻ രാമൻകുട്ടിയുടെ നിഷ്ഠൂര വധം. നിരപരാധിയായ ഒരു മനുഷ്യനെ ക്രൂരമായി കൊലപ്പെടുത്തി മൃതദേഹം വികൃതമാക്കിയ ഈ പൈശാചിക കൃത്യത്തെ അപലപിക്കാൻ വാക്കുകളില്ല. മണിയപ്പന്റെ കുടുംബത്തിന് ദുഃഖം സഹിക്കാനുള്ള ശേഷി ദൈവം നൽകുമാറാകട്ടെ. അവരുടെ എല്ലാ നഷ്ടവും ദൈവം നികത്തിക്കൊടുക്കുകയും ചെയ്യുമാറാകട്ടെയെന്ന് നമുക്ക് പ്രാർഥിക്കാം.

നവംബർ 23 ബുധനാഴ്ചയാണ് മണിയപ്പൻ വധിക്കപ്പെട്ടു എന്ന വാർത്ത സ്ഥിരീകരിച്ചത്. ബോർഡർ റോഡ്സ് ഓർഗനൈസേഷന്റെ (ബി ആർ ഒ) ജീവനക്കാരനായിരുന്ന മണിയപ്പനെ ബന്ദിയാക്കിക്കൊണ്ട് അഫ്ഗാനിസ്ഥാനിലെ നിർമാണ പ്രവർത്തനങ്ങളിൽ നിന്നും ഇന്ത്യ പിൻവാങ്ങണമെന്ന ആവശ്യം ഉന്നയിക്കുകയായിരുന്നു താലിബാൻ. നയതന്ത്ര ശ്രമങ്ങൾക്കുള്ള സാവകാശം പോലും നൽകാതെയാണ് അവർ വധക്രിയ നടത്തിയത്. താലിബാന്റെ ക്രൂരമായ പരിവേഷം ചൂഷണം ചെയ്ത് ഇന്ത്യ–അഫ്ഗാനിസ്ഥാൻ ബന്ധത്തെ തകർക്കാനാഗ്രഹിക്കുന്ന മറ്റേതെങ്കിലും ബാഹ്യ ശക്തികളുടെ ശ്രമമാണോ ഇതെന്നും സംശയമുണ്ട്. നയതന്ത്രത്തിനും വില പേശലിനും സമയം നൽകാതെ ബന്ദി നാടകം തിടുക്കത്തിൽ വധശ്രമത്തിൽ അവസാനിപ്പിച്ചതാണ് ഇത്തരം ഒരു സംശയം ഉണർത്തുന്നത്.

നിരപരാധികളായ ആളുകളെ ബന്ദിയാക്കി വിലപേശി കാര്യം നേടുക എന്നത് കൊള്ളക്കാരുടെ സമ്പ്രദായമാണ്. 'ഒരാളെ വധിച്ചാൽ അയാൾ മനുഷ്യരെ മുഴുവൻ വധിച്ചത് പോലെയാകുന്നു' (5:33) എന്ന ഖുർആൻ വചനം ഓർമിപ്പിക്കുന്നത് നിരപരാധികളുടെ വധം, ആ വ്യക്തിയോട് മാത്രമല്ല, മനുഷ്യസമൂഹത്തിനെതിരെയുള്ള കുറ്റ കൃത്യമാണെന്നാണ്. ജിഹാദ്, ഭീകരത ബന്ദിയാക്കൽ മുതലായ ക്രിമിനൽ പ്രവർത്തനങ്ങൾ ഇസ്ലാമിക വിപ്ലവത്തിന്റെ മാർഗമായി ഒളിഞ്ഞും തെളിഞ്ഞും അംഗീകരിച്ചവർ നമ്മുടെ നാട്ടിലുമുണ്ട്. ഇസ്ലാമിസ്റ്റുകളുടെ ജിഹാദിന്റെ മാർഗം എന്നാണ് ഇക്കൂട്ടർ ഈ രക്തദാഹത്തെ വിശേഷിപ്പിക്കുന്നത്.

ആധുനിക കാലത്തെ ഭൗതിക വിപ്ലവ തത്വശാസ്ത്രങ്ങളാണ് വ്യവസ്ഥിതിയെ മാറ്റി മറിക്കാൻ ക്രിമിനൽ പ്രവർത്തനങ്ങളെ ആദർശവത്ക്കരിച്ചുകൊണ്ട് പുരോഗമന വിപ്ലവ വാദമായി സമൂഹത്തിൽ അവതരിപ്പിച്ചത്. ലക്ഷ്യം മാർഗ്ഗത്തെ നീതികരിക്കും എന്നാണ് അവരുടെ തത്വശാസ്ത്രം. ഫ്രഞ്ച് വിപ്ലവവും ഫാഷിസവും കമ്മ്യൂണിസവും രക്തമൊഴുക്കി വാഗ്ദാനം ചെയ്ത അവരുടെ ആദർശ വ്യവസ്ഥിതികൾ വെറും നിഴലുകളും മരീചികയുമായിരുന്നു. ഒന്നിനും കാത്തുനിൽക്കാനുള്ള സഹനശീലമില്ലാത്ത ധൃതിക്കാരായ അവരുടെ രക്തപങ്കിലമായ വിപ്ലവങ്ങൾക്ക് ശേഷമുള്ള കാലത്തിന്റെ ബാക്കി പത്രം പരിശോധിച്ചാൽ അപരിഹാര്യമായ നഷ്ടങ്ങളല്ലാതെ വിപ്ലവത്തിന്റെയും ഭീകര പ്രവർത്തനത്തിന്റെയും മാർഗങ്ങൾ മറ്റൊന്നും മനുഷ്യസമൂഹത്തിന് നൽകിയിട്ടില്ലെന്ന് കാണാം. വ്യവസ്ഥിതിയുടെ അടിച്ചമർത്തലുകൾക്കും, കൈയ്യേറ്റങ്ങൾക്കും തിൻമകൾക്കുമെതിരെ മതപരമായ പ്രതികരണം സഹനത്തിന്റേയും സാത്വികതയുടേയും ആത്മ നിയന്ത്രണത്തിന്റേതുമാണ്. മത പുരുഷൻമാരുടെ ജീവിതവും മത ഗ്രന്ഥങ്ങളും നൽകുന്ന സന്ദേശവുമതാണ്. ചിരസ്ഥായിയായ മാനവീയ മൂല്യങ്ങൾ സമാധാനത്തിന്റെ മാർഗങ്ങളിലൂടെയാണ് കൈവരിക. മത വിപ്ലവ പാർട്ടികൾ എന്നറിയപ്പെടുന്ന ജിഹാദികൾ ഇത്തരം അഭിപ്രായങ്ങളെ പുച്ഛിച്ചു തള്ളുന്ന കാഴ്ചയാണ് നാം കാണുന്നത്. മതത്തിന്റെ തന്നെ അന്ത:സത്തയിൽ നിന്നും അവർ എത്രമാത്രം ഭൗതിക വിപ്ലവ മാർഗത്തിലേക്ക് വഴിതെറ്റി എന്നതിന്റെ സൂചനയാണിത്. ലോകത്ത് സ്വർഗം വാഗ്ദാനം ചെയ്ത് കുറ്റകൃത്യങ്ങളെ ആദർശവത്കരിച്ച് അതിനുള്ള മാർഗങ്ങളായി കാണുന്ന വിപ്ലവകാരികളുടെ വഴി തേടുന്ന ദുരാവേശക്കാരായ മത സംഘടനകളുടെ മതം അധോലോകക്കാരുടേതാണ്. അവർ ആരാധിക്കുന്നത് സഹനശീലനും കരുണാനിധിയുമായ ദൈവത്തെയല്ല. മറിച്ച് വിനാശ മൂർത്തികളെയാണ്. താലിബാൻ ഇത്തരത്തിലുള്ള വിനാശ മൂർത്തിയെ ആരാധിക്കുന്ന അധോലോകത്തേയാണ് പ്രതിനിധാനം ചെയ്യുന്നത്. ഇസ്ലാമുമായി അതിന് യാതൊരു ബന്ധവുമില്ല.

## വാർത്തകൾ

# ഖാദിയാൻ വാർഷിക സമ്മേളനം

**2005 ഡിസംബർ 26, 27, 28 തീയതികളിൽ നടക്കുന്ന വാർഷിക സമ്മേളനത്തിൽ പങ്കെടുക്കുന്നവർ ശ്രദ്ധിക്കേണ്ട ചില നിർദേശങ്ങൾ**

- അറുപതിനായിരത്തിലധികം പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു. സമ്മേളനത്തിൽ പങ്കെടുക്കുന്നവർ ചൂടു വസ്ത്രങ്ങളും രിസായിയും കൊണ്ടു വരേണ്ടതാണ്.
- സമ്മേളനത്തിൽ പങ്കെടുക്കുന്നവർക്ക് ഖാദിയാനിലെ പരിമിതമായ കെട്ടിടങ്ങൾ മതിയാകാത്തതിനാൽ സമീപത്തുള്ള കോളജുകളും സ്കൂളുകളും ലഭ്യമാക്കാൻ ശ്രമിക്കുന്നുണ്ട്. എങ്കിലും പകുതിയിലധികം പേരും ടെന്റുകളിൽ താമസിക്കേണ്ടി വരും. കുടുംബ സമേതം വരുന്നവർക്ക് താമസിക്കാൻ പ്രത്യേകം മുറികൾ അനുവദിക്കാൻ സാധ്യമല്ല.
- ഖലീഫത്തുൽ മസീഹിനെ മുലാഖാത്ത് ചെയ്യണമെന്നാഗ്രഹിക്കുന്നവർ സോണൽ അമീർമാർ മുഖേനെ മുൻകൂട്ടി പേർ നൽകേണ്ടതാണ്. ഗ്രൂപ്പുകളായാണ് കൂടിക്കാഴ്ച അനുവദിക്കുക. വ്യക്തിഗത കൂടിക്കാഴ്ച അനുവദിക്കുന്നതല്ല. മുമ്പ് കൂടിക്കാഴ്ച നടത്താത്ത വാഖീഫിനെ സിന്ദഗിമാർക്ക് മാത്രമേ വ്യക്തിഗത കൂടിക്കാഴ്ചക്ക് അവസരമുണ്ടാകൂ.
- വൈക്കോലും പായയും വിരിച്ച മൈതാനത്താണ് ജൽസ നടക്കുക. ജൽസാ ഗാഹിൽ നിലത്ത് ഇരിക്കാൻ പ്രയാസമുള്ളവർക്കും ഉയർന്ന ഭാരവാഹികൾക്കും മാത്രമേ കസേര അനുവദിക്കൂ. കസേരയിൽ ഇരിക്കുന്നവർ മുൻകൂട്ടി നാസിർ ഇസ്‌ലാഹൊ ഇർശാദിന്, അമിർ/പ്രസിഡന്റ് മുഖേന വിവരം അറിയിക്കണം.
- സമ്മേളനത്തിൽ പങ്കെടുക്കുന്ന സ്ത്രീകളുടെ പേരുകൾ, സദ്ർ, ലജ്ന ഇമാഇല്ലാ ഭാരതിന് ഉടൻ തന്നെ ഓരോ ജമാഅത്തിലെ ലജ്നാ പ്രസിഡണ്ടുമാരും അയച്ചു കൊടുക്കണം.
- ജൽസയിലുണ്ടാകുന്ന എല്ലാവിധ പ്രയാസങ്ങളിലും ബുദ്ധിമുട്ടുകളിലും പരിപൂർണമായും സഹകരിക്കണമെന്നും ജൽസയുടെ വിജയത്തിന് വേണ്ടി ദുആ ചെയ്യണമെന്നും അഭ്യർഥിക്കുന്നു.

**നാസിർ അഅ്‌ലാ**
**ഖാദിയാൻ** ■

*(39 -ാം പേജിൽ നിന്ന് തുടർച്ച)*

പുറപ്പെടുന്ന 'ജംഗ്' എന്ന ദിനപത്രമാണ് ഈ വാർത്ത ആദ്യമായി പ്രസിദ്ധപ്പെടുത്തിയത്. ഇതിൽ നിന്നും മൗദൂദി സാഹിബിന്റെ പേരിൽ ആരോപിക്കപ്പെട്ട കുറ്റങ്ങൾ പാക്കിസ്താൻ ശിക്ഷാനിയമത്തിലെ ഏതേതു വകുപ്പുകൾക്കനുസരിച്ചവയാണെന്ന് മൗദൂദി സാഹിബിന്റെ അനുയായികൾക്ക് തന്നെ മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നല്ലെ വ്യക്തമാകുന്നത്? ഈ വസ്തുതകൾ മാഹിറുൽ ഖാദിരി സാഹിബിന്റെ ശ്രദ്ധയിൽ പതിഞ്ഞിട്ടില്ലെന്ന് വരാൻ നിവൃത്തിയില്ല. എന്നിട്ടും, മൗദൂദി സാഹി ബിന്റെ കുറ്റം "ഖാദിയാനി പ്രശ്നം" എന്ന ഒരു ലഘുലേഖ എഴുതിയതു മാത്രമാണെന്നു പറഞ്ഞു ബഹുജനങ്ങളെ കബളിപ്പിക്കാൻ അദ്ദേഹം ധൃഷ്ടനായി!

*(തുടരും)* ■

### തിരുത്ത്

2005 ആഗസ്റ്റ് - സെപ്റ്റംബർ ലക്കത്തിൽ എ. പി. അബ്ദുറഹിം എഴുതിയ 'ഹദ്റത്ത് ഗുലാം റസൂൽ സാഹിബ് രാജകി (റ)' എന്ന ലേഖനത്തിൽ രാജകി ഗ്രാമത്തിൽ '1857 ലാണ് അദ്ദേഹം ജനിച്ചത്' എന്നത് '1877' ലാണ് എന്നും കുഞ്ഞഹ്മദ് മുസ്‌ലിയാർ യശ്ശശ്ശരീരനായ മൗലവി ബി. അബ്ദുല്ലാഹ് സാഹിബ് എച്ച്. എ. യുടെ അമ്മാവനായിരുന്നു' എന്നത് 'മാതാവിന്റെ സഹോദരീ പുത്രനായിരുന്നു' വെന്നും തിരുത്തിവായിക്കുക.

**സ.പ.**

*(40 -ാം പേജിൽ നിന്ന് തുടർച്ച)*

ടാനുള്ള തീരുമാനവും നാരായണന്റെ ഇച്ഛാ ശക്തിയിൽ തട്ടി തകരുകയാണുണ്ടായത്. വർഗീയതയുടെ അതിപ്രസരമുണ്ടായിരുന്ന വാജ്പേയ് സർക്കാറിന്റെ കാലത്ത് വിമ്മിഷ്ടത്തോടെയാണ് നാരായണൻ തുടർന്നത്. ഇന്ത്യയുടെ നാവിക സൈന്യാധിപൻ വിഷ്ണുഭഗ്വതിനെ സൈന്യത്തിൽ നിന്ന് പുറത്താക്കിയപ്പോഴും ഗുജറാത്തിൽ നരേന്ദ്ര മോഡി ന്യൂനപക്ഷങ്ങളെ കൊന്നൊടുക്കിയപ്പോഴും നാരായണനിലെ രാജധർമം പ്രകോപിതമായിട്ടുണ്ടെങ്കിലും അദ്ദഹത്തിലെ പല മൗനങ്ങളും വിമർശന വിധേയമായിട്ടുണ്ട്.

ഉറച്ച മതേതര വാദിയും, അന്തർ ദേശീയതയിൽ വിശ്വസിക്കുകയും ചെയ്ത ഇന്ത്യ കണ്ട മഹാൻമാരായ വിശ്വപൗരൻമാരുടെ ശ്രേണിയിൽ ഇരിക്കാനുള്ള സർവ യോഗ്യതയും നാരായണനുണ്ട്. അദ്ദേഹത്തിന്റെ പാവന സ്മരണക്ക് മുമ്പിൽ സ്മരണാഞ്ജലികൾ അർപ്പിക്കുന്നു. ■